# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ഏപ്രിൽ, വോള്യം: 10 ലക്കം: 8



**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള





07 സിഐടിയു മേയ്ദിന മാനിഫെസ്റ്റോ

ബോധപൂർവം സൃഷ്ടിക്കുന്ന വർഗീയ സംഘർഷങ്ങൾ

14 ഭാരതത്തിൽ ജീവിക്കണമെങ്കിൽ ജയ്ശ്രീറാം വിളിക്കണമെന്ന മുദ്രാവാക്യം ഹനുമാൻ ഘോഷയാത്രയിലുടനീളം മുഴങ്ങിക്കേട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇത് സൂചന, സമരം ആളിപ്പടരും 18

സമരത്തിന്റെ ഐതിഹാസിക വിജയത്തെ കുറിച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം സംസാരിക്കുന്നു





പണിമുടക്ക് പ്രസക്തം അന്നും ഇന്നും എന്നും 22 കെ.എൻ. ഗോപിനാഥ്

സിപിഐ എം 23-ാം പാർടി കോൺഗ്രസ് 30

തൊഴിലാളിവർഗ പ്രസ്ഥാനം രൂപം പ്രാപിക്കുന്നു 36 എൻ. പത്മലോചനൻ

ശ്രീലങ്കൻ പ്രതിസന്ധിയും പാഠങ്ങളും 42 ജോസ് ടി. എബ്രഹാം

സംഘടനാ വാർത്തകൾ 46



വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# ദേശീയ പണിമുടക്കും മാധ്യമങ്ങളും

മോഡി സർക്കാർ നടപ്പാക്കുന്ന നവഉദാരവൽക്കരണ നയങ്ങൾക്കെതിരെ, ഇന്ത്യൻ തൊഴിലാളിവർഗ്ഗം നടത്തിയ 48 മണിക്കൂർ പണിമുടക്ക്, ഐതിഹാസിക വിജയമായിരുന്നു. ഉൽപ്പാദനസേവന മേഖലകളിലെല്ലാം പണിമുടക്ക് ബാധിച്ചു. തൊഴിലാളികളുടെ മൗലികമായ അവകാശങ്ങൾ കവർച്ച ചെയ്യുന്ന ലേബർകോഡുകൾ പിൻവലിക്കുക; പൊതുമേഖലാ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, സംയുക്ത കർഷക സമരസമിതിക്ക് നൽകിയ ഉറപ്പുകൾ പാലിക്കുക, വിലക്കയറ്റം തടയുക, പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, സ്കീം വർക്കേഴ്സിനെ തൊഴിലാളികളായി അംഗീകരിക്കുക, തുടങ്ങിയ ആവശ്യങ്ങളാണ്, പണിമുടക്കിനാധാരമായി തൊഴിലാളി സംഘടനകൾ മുന്നോട്ട് വെച്ചത്. ബാങ്ക് ഇൻഷുറൻസ് സ്വകാര്യവൽക്കരണത്തിനെതിരെ ജീവനക്കാർ ഒറ്റക്കെട്ടായി പണിമുടക്കി.

"ജനങ്ങളെ രക്ഷിക്കുക, രാജ്യത്തെ രക്ഷിക്കുക" എന്ന മുദ്രാവാക്യം ഉയർത്തി, തൊഴിലാളികൾ നടത്തിയ പണിമുടക്കിൽ, ഗ്രാമീണ കർഷകതൊഴിലാളികളും കർഷകരും ആവേശപൂർവം പങ്കാളികളായി. സമ്പദ്ഘടനയുടെ, നിർണായക മേഖലകളിലെല്ലാം പണിമുടക്ക് ബാധിച്ചു. മലയാളം മാധ്യമങ്ങളിൽ ചിലർ, ദേശീയ പണിമുടക്ക് കേരളത്തിലൊഴികെ മറ്റൊരു സംസ്ഥാനത്തും ചലനമുണ്ടാക്കിയില്ല എന്ന 'നുണ' പ്രചരിപ്പിച്ചപ്പോൾ, ഏതാനും ദേശീയമാധ്യമങ്ങളും, അന്തർദേശീയമാധ്യമങ്ങളും, പണിമുടക്കിന്റെ വ്യാപ്തി എടുത്തു പറയുകയുണ്ടായി.

വൈദ്യുതി മേഖലയിൽ പണിമുടക്ക് വൻവിജയമായി. മുമ്പില്ലാത്ത വിധം 'പവർ ഗ്രിഡ്' ജീവനക്കാർ പണിമുടക്കി. ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിലെ ജലവൈദ്യുത പദ്ധതികളിലെ തൊഴിലാളികൾ പണിമുടക്കി. പെട്രോളിയം മേഖലയിൽ പണിമുടക്ക് വൻവിജയമായിരുന്നു. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ എൽ.പി.ജി ബോട്ട്ലിംഗ് പ്ലാന്റുകൾ അടഞ്ഞു കിടന്നു. രാജ്യത്തെ റിഫൈനറികളെയും പണിമുടക്ക് ബാധിച്ചു. ഹൈക്കോടതി നിരോധിച്ചിട്ടും, കൊച്ചിൻ റിഫൈനറിയിലെ ഭൂരിപക്ഷം തൊഴിലാളികളും പണിമുടക്കി.

തൂത്തുക്കുടി, പാരദീപ്, മംഗലാപുരം, കൊച്ചി തുറമുഖങ്ങൾ പൂർണ പണിമുടക്കിലായിരുന്നു. ഭവനഗർ, കാക്കിനട തുറമുഖ ജീവനക്കാരും പണിമുടക്കി. റോഡ് ട്രാൻസ്പോർട്ട് മേഖലയെ പണിമുടക്ക് സാരമായി ബാധിച്ചു. കേരളം, ഹരിയാന, പഞ്ചാബ്, ട്രാൻസ്പോർട്ട് തൊഴിലാളി പണിമുടക്ക് പൂർണമായിരുന്നു. തമിഴ്നാട്ടിൽ ഒരു ലക്ഷത്തിൽപരം ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിമുടക്കി. ജമ്മുകാശ്മീർ, തെലുങ്കാന, ഒഡീഷ, ബീഹാർ, ഝാർഖണ്ഡ്, ത്രിപുര, വെസ്റ്റ്ബംഗാൾ, ആസ്സാം എന്നീ സംസ്ഥാനങ്ങളിലും ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിമുടക്കിൽ അണിനിരന്നു.

കേരളത്തിൽ വൈദ്യുതി ബോർഡിൽ, 95 ശതമാനം ജീവനക്കാരും പണിമുടക്കി. തമിഴ്നാട്ടിൽ 52 ശതമാനം പേർ പണിമുടക്കി. ഹരിയാന ഉൾപ്പെടെ മറ്റ് പല സംസ്ഥാനങ്ങളിൽ വൈദ്യുതി ജീവനക്കാർ പണിമുടക്കിൽ അണിചേർന്നു. കേന്ദ്രസർക്കാർ ജീവനക്കാർ മുമ്പില്ലാത്തവിധം പണിമുടക്കി. ആസ്സാം, ബീഹാർ, ഛത്തീസ്ഗഡ്, ചാണ്ടിഗർ, ഝാർഖണ്ട്, കേരളം, പഞ്ചാബ്, തമിഴ്നാട്, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ സംസ്ഥാനജീവനക്കാരിൽ മഹാഭൂരിപക്ഷവും പണിമുടക്കി. കേരളഹൈക്കോടതിയുടെ ഉത്തരവിനെ തള്ളിക്കളഞ്ഞ്, കേരളത്തിലെ സർക്കാർ ജീവനക്കാർ ധീരതയോടെ പണിമുടക്കിൽ ഉറച്ചുനിന്നു. യു.പി, മദ്ധ്യപ്രദേശ്, കർണാടക, രാജസ്ഥാൻ, വെസ്റ്റ്ബംഗാൾ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലും, ഒരു വിഭാഗം സർക്കാർ ജീവനക്കാർ പണിമുടക്കിൽ ചേർന്നു. രാജ്യമാകെ ബി.എസ്. എൻ.എൽ ജീവനക്കാരിൽ ഭൂരിപക്ഷവും പണിമുടക്കുകയുണ്ടായി.

കേരളം, ബംഗാൾ, ആസ്സാം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ പ്ലാന്റേഷൻ തൊഴിലാളികൾ ഗണ്യമായ തോതിൽ പണിമുടക്കിൽ അണി ചേർന്നു. സ്വകാര്യവൻകിട വ്യവസായങ്ങളെയും, മുമ്പില്ലാത്തവിധം പണിമുടക്ക് ബാധിച്ചു. ബഹുരാഷ്ട്ര കുത്തക കമ്പനികളായ ബോഷ്, വോൾവൊ, തോഷിബ, സാന്റ്വിക്, ഇന്ത്യൻ കുത്തക കമ്പനികളായ മഹീന്ദ്ര&മഹീന്ദ്ര, എസ്കോർട്ട്സ്, ജെ.കെ.ടയർ, അബിൻദേവ്, ഫെഡറൽമുഗൾ, എൽ&എം ക്ലോത്ത്, സിയറ്റ്, ലൈലന്റ്, എണ്ണൂർഫൗണ്ടറീസ്, എം.ആർ. എഫ്, ബാമർ ലോറി, ടാബ്ലറ്റ്സ് ഇന്ത്യ, അപ്പോളോ ടയർ, ഫിൽട്ടർ കാറ്റ്, തുടങ്ങിയ വൻകിട കമ്പനികളിലെ തൊഴിലാളികളും പണിമുടക്കി. ബംഗാളിലെ എഞ്ചിനീയറിംഗ് വ്യവസായ മേഖലയിൽ, പണിമുടക്ക് പൂർണമായിരുന്നു. ബംഗാളിലെ ചണമില്ലുകളിൽ 24 എണ്ണം അടഞ്ഞു കിടന്നു. ബാക്കി വരുന്ന 30 എണ്ണത്തിൽ ഭൂരിപക്ഷം തൊഴിലാളികളും പണിമുടക്കി. വിവിധ സംസ്ഥാനങ്ങളിലെ ഇൻഡസ്ട്രിയൽ ക്ലസ്റ്ററുകൾ, പണിമുടക്ക് മൂലം സ്തംഭിച്ചു. സിമന്റ് വ്യവസായത്തിൽ 80 ശതമാനം തൊഴിലാളികൾ പണിമുടക്കി. അൽട്രാടെക്, ബേല സിമന്റ്, ജെപി സിമന്റ്, കെ.ജെ.എസ് സിമന്റ്, ബഘേലരി സിമന്റ്, ബിർളവൈറ്റ്, ഖാരിയ, അംബുജ തുടങ്ങിയ കമ്പനികളെല്ലാം സ്തംഭിച്ചു. കേരളത്തിൽ മലബാർ സിമന്റും സ്തംഭിച്ചു.

തമിഴ്നാട്, തെലങ്കാന, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്പിന്നിംഗ് മില്ലുകളും, പവ്വർലൂമുകളും പണിമുടക്കിൽ സ്തംഭിച്ചു. മെഡിക്കൽ റെപ്രസെന്റേറ്റീവുമാർ രാജ്യവ്യാപകമായി പണിമുടക്കി.

80 ലക്ഷത്തിൽപ്പരം സ്കീം വർക്കേഴ്സ് പണിമുടക്കിൽ അണിചേർന്നു. നിർമാണ മേഖലയെയും പണിമുടക്ക് സാരമായി ബാധിച്ചു. കേരളത്തിൽ ഒന്നര കോടിയിലധികം തൊഴിലാളികൾ പണിമുടക്കിൽ പങ്കാളികളായി. സംസ്ഥാനത്താകെ ആയിരത്തിൽപ്പരം കേന്ദ്രങ്ങളിൽ തൊഴിലാളി കൂട്ടായ്മകൾ സംഘടിപ്പിച്ചു. ഈ കൂട്ടായ്മകളിലെ പങ്കാളിത്തം ആവേശകരമായിരുന്നു. ട്രാൻസ്പോർട്ട്, നിർമാണം, തോട്ടം, വ്യാപരവാണിജ്യമേഖല, പരമ്പരാഗത മേഖലകൾ, ആധുനിക വ്യവസായങ്ങൾ, ചെറുകിട വ്യവസായ മേഖല, ബാങ്ക് ഇൻഷുറൻസ്, ബി.എസ്.എൻ.എൽ, സർക്കാർ സർവീസ് തുടങ്ങി എല്ലാ മേഖലകളിലും പണിമുടക്ക് അനിതരസാധാരണ വിജയമായിരുന്നു.

കേരളത്തിലെ ഏതാനും മലയാളം പത്രങ്ങളും, ചാനലുകളും, ദേശീയ

പണിമുടക്കിനെ തകർക്കാനും, അപമാനിക്കാനുമാണ്, കിണഞ്ഞ് ശ്രമിച്ചത്. കോടിക്കണക്കായ തൊഴിലാളി–കർഷക ജനതയെയും, മറ്റ് സാധാരണക്കാരെയും ബാധിക്കുന്ന പ്രശ്നങ്ങളുയർത്തി രണ്ട് മാസക്കാലം, ട്രേഡ്‌യൂണിയൻ സംയുക്തസമിതി നടത്തിയ പ്രചരണങ്ങൾക്ക് നേരെ അവർ മുഖം തിരിച്ചു. പണിമുടക്കിന്റെ ഒരു വാർത്ത പോലും നൽകിയില്ല. സൂര്യന് കീഴിലുള്ള ഏത് വിഷയവും "അന്തിചർച്ച"യാക്കുന്ന 'മ'മാധ്യമങ്ങൾ പണിമുടക്കിനാധാരമായ വിഷയങ്ങളെക്കുറിച്ച് ഒരു മിനിട്ട് പോലും ചർച്ച ചെയ്തില്ല. എന്നാൽ ഇവരുടെ നിഷേധാത്മനിലപാടിനെ പൂർണമായും തള്ളിക്കളഞ്ഞാണ് സംസ്ഥാനത്തെ പകുതിയോളം വരുന്ന ജനങ്ങൾ പണിമുടക്കിൽ അണിനിരന്നത്.

തങ്ങൾ തമസ്കരിച്ചിട്ടും 'ദേശീയ പണിമുടക്ക്' വൻവിജയമായതിൽ, ഇച്ഛാഭംഗമുണ്ടായ കുത്തകമാധ്യമങ്ങൾ 28 ന് കാലത്ത് മുതൽ പണിമുടക്കിനെ അപകീർത്തിപ്പെടുത്തുന്ന കുപ്രചരണങ്ങൾ അഴിച്ചുവിട്ടു. പണിമുടക്ക് പൊളിക്കാൻ അത്യപൂർവായി രംഗത്ത് വന്ന ഏതാനും "കരിങ്കാലികളെ" രക്തസാക്ഷിപരിവേഷം നല്കി അവർ അവതരിപ്പിച്ചു. രാജ്യത്തെയും ജനങ്ങളെയും തകർക്കുന്ന നയങ്ങൾ നടപ്പാക്കുന്ന ബി.ജെ.പി സർക്കാരിനെ രക്ഷിക്കാൻ 'കൊട്ടേഷൻ'എടുത്തവരാണ് ഈ മാധ്യമങ്ങൾ. മര്യാദയുടെ എല്ലാസീമകളും ലംഘിച്ചാണ്, ഏഷ്യാനെറ്റ്, മാതൃഭൂമി, മനോരമ ചാനലുകളും, മനോരമ, മാതൃഭൂമി ദിനപത്രങ്ങളും, പണിമുടക്ക് ദിവസങ്ങളിൽ ഉറഞ്ഞ് തുള്ളിയത്. ഇവരുടെ ജല്പനങ്ങളല്ല, ജനാഭിപ്രായം രൂപീകരിക്കുന്നതെന്ന്, പണിമുടക്ക് വിജയം തെളിയിച്ചു.

മോഡി സർക്കാരിന്റെ നവഉദാരവൽക്കരണ നയങ്ങളുടെ ഗുണഭോക്താക്കളാണ്, ഇന്ത്യയിലെ സമ്പന്നവർഗ്ഗം. കോവിഡ് കാലത്തും, ഇന്ത്യൻ കുത്തകകൾ തടിച്ചു കൊഴുക്കുകയായിരുന്നു. സമ്പന്നവർഗ്ഗവും ഭരണാധികാരികളും ചേർന്ന കൂട്ടുകെട്ടാണ്, രാജ്യത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്നത്. ഇതാണ് ചങ്ങാത്ത മുതലാളിത്തം അഥവാ "ക്രോണി ക്യാപിറ്റലിസം". രാജ്യത്തെയും, ജനങ്ങളെയും കൊള്ളയടിക്കാൻ, കുത്തക മുതലാളിവർഗ്ഗത്തിന്, അവസരമൊരുക്കുന്ന നയങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ആ സർക്കാരിനെ സംരക്ഷിച്ച് നിർത്തേണ്ടത്, കുത്തകകളുടെ അധീനതയിലുള്ള മാധ്യമങ്ങളുടെ ബാദ്ധ്യതയാണ്. വീട്ടുപടിക്കൽ, ചങ്ങലക്കിട്ട് ഭക്ഷണപാനീയങ്ങൾ നൽകി പോറ്റുന്ന വളർത്ത് നായക്ക്, അന്യരെ കാണുമ്പോൾ കുരക്കാതിരിക്കാനാവില്ല.

മുതലാളിത്ത ഭരണകൂടങ്ങളുടെ, തൊഴിലാളി വിരുദ്ധജനവിരുദ്ധ നയങ്ങൾക്കെതിരെ പോരാടുമ്പോൾ, മുതലാളിത്ത ആശയങ്ങൾക്കെതിരെയുള്ള പോരാട്ടം അതിപ്രധാനമാണ്. ബൂർഷ്വാ മാധ്യമങ്ങളും, മറ്റ് വിനിമയ ഉപാധികളും, മുതലാളിത്തവ്യവസ്ഥക്കെതിരായി വരുന്ന പ്രസ്ഥാനങ്ങളെ ദുർബലമാക്കാൻ സജീവമായി രംഗത്ത് വരും. അവയെ നേരിടാനുള്ള ബോധപൂർവമായ ശ്രമം ഒഴിച്ചു കൂടാനാവാത്തതാണ്.



# സിഐടിയു മെയ്ദിന മാനിഫെസ്റ്റോ 2022

1923 ൽ അന്നത്തെ മദ്രാസിലാണ് സ: ശിങ്കാരവേലു രാജ്യത്ത് മെയ് 1ന് മെയ്ദിന നാളിൽ ചെങ്കൊടി ആദ്യമായി ഉയർത്തിയത്. ഈ വർഷത്തെ മെയ് ദിനാഘോഷം അതിന്റെ ശതാബ്ദിയുടെ തുടക്കത്തിലാണ്. മുഴുവൻ തൊഴിലാളികളുടെ ഐക്യം ,അതിനൊപ്പം കർഷകരുടെ ഐക്യം, കഷ്ടപ്പെടുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ഐക്യം ,സമൂഹത്തിലെ പുരോഗമനവിഭാഗങ്ങളുടെ ഐക്യം എല്ലാം സംയോജിപ്പിച്ച് അതീവ ശക്തിയോടെ വിഭാഗീയ പ്രസ്ഥാനങ്ങളുടെ ഗൂഢ തന്ത്രങ്ങളെ പരാജയപ്പെടുത്തുമെന്ന് ഈ മെയ് ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത മുതലാളിത്ത വ്യവസ്ഥയുടെ പരാജയം തുറന്നു കാട്ടി മറ്റൊരു ബദൽ സൃഷ്ടിക്കാൻ ഇനിയും ഉയർന്ന രൂപത്തിലുള്ള സംയുക്ത പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം



തൊഴിലാളി വർഗ ഐക്യദാർഢ്യത്തിന്റെ അന്തർദേശീയ ദിനമായ ഈ മെയ് ദിനത്തിൽ വൻ വില നൽകി നേടിയെടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും മൂലധനശക്തികളോടും അവരുടെ ഏജൻറുമാരായി പ്രവർത്തിക്കുന്ന ഭരണ സംവിധാനത്തോടും ഏറ്റുമുട്ടി സംരക്ഷിക്കാൻ നിരന്തരം പ്രവർത്തിക്കുന്ന ലോകത്തെ അധ്വാനിക്കുന്ന ജനങ്ങളെയും തൊഴിലാളികളെയും സിഐടിയു ഹാർദ്ദമായി അഭിവാദ്യം ചെയ്യുന്നു.

യൂണിയനുകളിലേക്കു കടന്നു വരാൻ ലോകമാകെ, പ്രത്യേകിച്ച് യുവ തൊഴിലാളികൾക്കിടയിൽ വളർന്നു വരുന്ന അഭിവാഞ്ചയും മുതലാളിത്തത്തിന്റെ കോട്ടയായ അമേരിക്കയിലടക്കം ഉയർന്നു വരുന്ന തൊഴിലാളി വർഗ പ്രതിരോധങ്ങളെയും സ്വാഗതം ചെയ്യുന്നു.

ചൈന, വിയറ്റ്നാം, ക്യൂബ, വടക്കൻ കൊറിയ, ലാവോസ് തുടങ്ങിയ സോഷ്യലിസ്റ്റ് രാജ്യങ്ങൾ ജനക്ഷേമത്തിനും ആരോഗ്യ പരിരക്ഷക്കും ജീവിതവും തൊഴിലും സംരക്ഷിക്കാനും നടത്തിയ പ്രശംസനീയമായ പരിശ്രമങ്ങൾ അഭിനന്ദ നമർഹിക്കുന്നു. ഇതിൽ നിന്ന് വ്യത്യസ്തമായി ദശലക്ഷങ്ങൾക്കാണ് മഹാമാരിയിൽ അമേരിക്കയടക്കം വികസിത മുതലാളിത്ത രാജ്യങ്ങളിൽ ജീവൻ നഷ്ടപ്പെട്ടത്. അവിടെയൊക്കെ മഹാമാരി നേരിടാനുള്ള ശാസ്ത്ര, സാങ്കേതിക സൗകര്യങ്ങളെല്ലാമുണ്ടായിരുന്നു. പക്ഷെ പൊതുജനാരോഗ്യ സംവിധാനം നാമമാത്രമായിരുന്നു. സർക്കാർ മുഖ്യപരിഗണന നൽകിയത് കോർപ്പറേറ്റുകളുടെ ലാഭത്തിനായിരുന്നു. മരണമടഞ്ഞവരിലേറെയും സ്വകാര്യ ആരോഗ്യ സംവിധാനത്തെ ആശ്രയിക്കാൻ കഴിയാത്ത തൊഴിലാളികളും പാവപ്പെട്ടവരുമായിരുന്നു. അതു മാത്രമല്ല, ഇൻഡ്യയടക്കം വിവിധ മുതലാളിത്ത രാജ്യങ്ങൾ മഹാമാരിയുടെ ഈ അവസരം തൊഴിലാളി വർഗം പൊരുതി നേടിയ അവകാശങ്ങൾക്കും അവരുടെ ജീവിതമാർഗത്തിനും മേൽ തുടർച്ചയായ കടന്നാക്രമണങ്ങൾ നടത്തുന്നതിനാണുപയോഗിച്ചത്.തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത്, ഒട്ടേറെ നിയന്ത്രണങ്ങൾ കൊണ്ടുവന്ന് സംഘടിക്കാനും കൂട്ടായി വില പേശാനുമുള്ള അവകാശം നിഷേധിച്ചു. ഏതാനും വൻകിട കോർപ്പറേറ്റുകൾക്ക് സമ്പത്തു കുന്നുകൂട്ടാൻ കഴിയും വിധം നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിച്ചു. അതോടെ തൊഴിൽ വ്യവസ്ഥകൾ തകർന്നു. വേതനം കുത്തനെ താഴ്ന്നു. അസമത്വം ഭീദിതമായ രീതിയിൽ വളർന്നു. ആഗോളതലത്തിൽ ദാരിദ്ര്യവും പട്ടിണിയും വർധിച്ചു. അതേസമയം ഇതിന് തികച്ചും വ്യത്യസ്തമായി ദാരിദ്ര്യ നിർമാർജനത്തിന് ലക്ഷ്യമിട്ട 2030–നും മുൻപു തന്നെ സോഷ്യലിസ്റ്റ് ചൈന അവരുടെ ലക്ഷ്യം പൂർത്തീകരിച്ചു.



ഇൻഡ്യയടക്കം വിവിധ മുതലാളിത്ത രാജ്യങ്ങൾ മഹാമാരിയുടെ ഈ അവസരം തൊഴിലാളി വർഗം പൊരുതി നേടിയ അവകാശങ്ങൾക്കും അവരുടെ ജീവിതമാർഗത്തിനും മേൽ തുടർച്ചയായ കടന്നാക്രമണങ്ങൾ നടത്തുന്നതിനാണുപയോഗിച്ചത്.തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത്, ഒട്ടേറെ നിയന്ത്രണങ്ങൾ കൊണ്ടുവന്ന് സംഘടിക്കാനും കൂട്ടായി വില പേശാനുമുള്ള അവകാശം നിഷേധിച്ചു. ഏതാനും വൻകിട കോർപ്പറേറ്റുകൾക്ക് സമ്പത്തുകുന്നുകൂട്ടാൻ കഴിയും വിധം നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിച്ചു

ജനാധിഷ്ഠിതമായ സോഷ്യലിസ്റ്റ് വ്യവസ്ഥയും ലാഭാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയും തമ്മിലുള്ള പ്രകടമായ വ്യത്യാസമാണ് കോവിഡ് മഹാമാരിയുടെ നാളുകൾ വിളിച്ചു പറഞ്ഞത്. സോഷ്യലിസ്റ്റ് രാജ്യങ്ങളെ, ആ രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ സംരക്ഷിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളെ ഈ മെയ് ദിനത്തിൽ സിഐടിയു അഭിവാദ്യം ചെയ്യുന്നു. അമേരിക്കൻ പിന്തുണയോടെ സ്ത്രീകളും കുട്ടികളുമടക്കം നിരായുധരായ,

നിഷ്കളങ്കരായ ജനങ്ങളെ കൊല ചെയ്യുന്ന ഇസ്രായേൽ ക്രൂരതക്കെതിരെ പ്രതിരോധം തീർക്കുന്ന പാലസ്തീൻ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

ലോകത്തിന്റെ വിവിധ മേഖലകളിൽ അമേരിക്കയുടെയും മറ്റു സാമ്രാജ്യത്ത രാജ്യങ്ങളുടെയും ആശിർവാദത്തോടെയും എണ്ണ, ഗ്യാസ്, ധാതു വിഭവങ്ങളടക്കമുള്ള വസ്തുക്കളുടെ നിയന്ത്രണം കൈക്കലാക്കാൻ ശ്രമിക്കുന്നു. ചരക്കുകൾ കൊണ്ടുപോകാനുള്ള കപ്പൽ ഗതാഗത മാർഗങ്ങളും നിയന്ത്രിക്കാൻ നീക്കം നടത്തുന്നു. ഈ ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പട്ടാള ഇടപെടലുകളെ സിഐടിയു ശക്തമായി അപലപിക്കുന്നു.

സാമ്പത്തിക ശക്തിയിൽ ഇടിവ് സംഭവിക്കുമ്പോഴും രാഷ്ട്രീയ സ്വാധീനവും പട്ടാള ശക്തിയുമുപയോഗിച്ച് തങ്ങൾക്ക് ഇപ്പോഴുള്ള മുൻതൂക്കം നിലനിർത്തുക മാത്രമല്ല, അത് ഇനിയും വികസിപ്പിച്ച് ആഗോള മേധാവിത്തം സ്ഥാപിക്കാൻ അമേരിക്ക ശ്രമിക്കയാണ്.ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട , ജനങ്ങളോടൊത്തു നിൽക്കുന്ന വിവിധ രാജ്യങ്ങളിലെ സർക്കാരുകളുടെ പ്രവർത്തനത്തിലിടപെട്ട് അവിടെയൊക്കെ തങ്ങളുടെ താളത്തിനൊത്തു തുള്ളുന്ന വലതുപക്ഷ സർക്കാരുകളെ പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നു. സാമ്രാജ്യത്ത ബ്ളോക്കിന്റെ ആധിപത്യമുറപ്പിക്കാൻ ഈ രീതിയാണ് അമേരിക്ക സ്വീകരിച്ചിട്ടുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമ്പത്തികവും രാഷ്ട്രീയവും പട്ടാള നടപടികളുമൊക്കെ പ്രയോഗിച്ച് ഭിന്നതയും പ്രകോപനവും ശക്തിപ്പെടുത്താൻ നിരന്തരം ശ്രമം നടത്തി വരികയാണ്. അത്തരത്തിലുള്ള അതിക്രൂരമായ സാമ്രാജ്യത്ത പദ്ധതിയുടെ പ്രകടനമാണ് ഈയിടെ ഉക്രൈനിൽ അനാവരണം ചെയ്യപ്പെട്ടത്.



നവലിബറലിസത്തിനും അമേരിക്കൻ സാമ്രാജ്യത്ത ഇടപെടലുകൾക്കുമെതിരെയുള്ള പ്രക്ഷോഭങ്ങളിൽ വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ചും ലാറ്റിനമേരിക്കയിൽ വർധിച്ചു വരുന്ന വൻതോതിലുള്ള ജനകീയ പങ്കാളിത്തം സന്തോഷദായകമാണ്.ഈ പ്രക്ഷോഭങ്ങളിൽ തൊഴിലാളി വർഗം ശക്തമായി രംഗത്തുണ്ട്. ഈ പ്രക്ഷോഭങ്ങളെ തുടർന്ന് വിവിധ രാജ്യങ്ങളിൽ പുരോഗമന ജനകീയ സർക്കാരുകൾ അധികാരത്തിൽ വന്നു.' ഈ സർക്കാരുകൾ അപകീർത്തി പുരണ്ട നവലിബറൽ നയങ്ങൾ തള്ളിക്കളഞ്ഞ് അന്താരാഷ്ട്ര ധനമൂലധനത്തിന്റെയും സാമ്രാജ്യത്ത ശക്തികളുടെയും ഭീഷണികൾക്കെതിരെ ജനങ്ങളെ അണിനിരത്തി ജനങ്ങളുടെ ക്ഷേമവും താൽപര്യങ്ങളും ഉയർത്തിപ്പിടിക്കുന്ന നടപടികൾ സ്വീകരിക്കുമെന്നാണ് സിഐടിയു പ്രതീക്ഷിക്കുന്നത്. നവ ലിബറൽ ചൂഷണത്തിനെതിരെ തൊഴിലാളികളുടെ തൊഴിലും സംരക്ഷണവും ഉറപ്പാക്കണമെങ്കിൽ , അതിന് സംയുക്ത പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരണമെങ്കിൽ തൊഴിലാളി വർഗത്തിനിടയിൽ സാമ്രാജ്യത്ത വിരുദ്ധ ബോധം വളർത്തേണ്ടത് അനിവാര്യമാണ്. ഈ ബോധം അതിന്റെ ആഴത്തിലും പരപ്പിലും എത്തിക്കാൻ എല്ലാ പരിശ്രമവും നടത്തുമെന്ന് ഈ മെയ് ദിനത്തിൽ സിഐടിയു ആവർത്തിച്ചുറപ്പിക്കുന്നു.

ഭരണകൂടത്തിന്റെ അടിച്ചമർത്തൽ, തൊഴിലുടമകളുടെ പ്രതികാര നടപടികൾ ,യുഎപിഎ, എസ്മാ, എൻഫോഴ്സ്മെന്റ് തുടങ്ങിയ അമിതാധികാര നിയമങ്ങളുടെ പ്രയോഗം ,കോടതികളുടെ നിരോധ

**നവലിബറലിസത്തിനും അമേരിക്കൻ സാമ്രാജ്യത്ത ഇടപെടലുകൾക്കുമെതിരെയുള്ള പ്രക്ഷോഭങ്ങളിൽ വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ചും ലാറ്റിനമേരിക്കയിൽ വർധിച്ചു വരുന്ന വൻതോതിലുള്ള ജനകീയ പങ്കാളിത്തം സന്തോഷദായകമാണ്. ഈ പ്രക്ഷോഭങ്ങളിൽ തൊഴിലാളി വർഗം ശക്തമായി രംഗത്തുണ്ട്. തൊഴിലാളി വർഗത്തിനിടയിൽ സാമ്രാജ്യത്ത വിരുദ്ധ ബോധം വളർത്തേണ്ടത് അനിവാര്യമാണ്. ഈ ബോധം അതിന്റെ ആഴത്തിലും പരപ്പിലും എത്തിക്കാൻ എല്ലാ പരിശ്രമവും നടത്തുമെന്ന് ഈ മെയ് ദിനത്തിൽ സിഐടിയു ആവർത്തിച്ചുറപ്പിക്കുന്നു.**

നാജ്ഞ തുടങ്ങിയവയടക്കം നിരവധി വെല്ലുവിളികൾ നേരിട്ട് മാർച്ച് 28, 29 തീയതികളിലെ ദേശവ്യാപക പണിമുടക്ക് ഉജ്വല വിജയമാക്കിയ ഇൻഡ്യൻ തൊഴിലാളി വർഗത്തെ സിഐടിയു അഭിനന്ദിക്കുന്നു. അവർ ഉന്നയിച്ചത് തൊഴിലാളികളുടെ ആവശ്യങ്ങൾ മാത്രമല്ല; കർഷകരുടെയും കർഷക തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയുമെല്ലാം ആവശ്യങ്ങൾ തൊഴിലാളി വർഗം സംയുക്തമായി മുന്നോട്ടുവച്ചു എന്നത് അതിപ്രധാനമാണ്. മോഡി സർക്കാരിന്റെ വിനാശ നയങ്ങൾക്കെതിരെ ,രാജ്യത്തിന്റെ ഉൽപ്പാദന സാധ്യതകളെ പിന്നോട്ടടിപ്പിച്ചും ,ക്ഷയിപ്പിച്ചും സ്വാശ്രയത്തിന് അന്ത്യകൂദാശ നൽകി 'ആത്മ നിർഭരത' എന്ന കപട മുദ്രാവാക്യം മുന്നോട്ടുവച്ച് ജനങ്ങളെ പറ്റിക്കുന്നതിനെതിരെ കൂടിയായിരുന്നു ഈ പണിമുടക്ക്. ജനങ്ങളുടെ പണം കൊണ്ട് കെട്ടിയുയർത്തിയ രാജ്യത്തിന്റെ പ്രകൃതി സമ്പത്തും ഭൂമിയും, ധാതു വിഭവങ്ങളും , ജലാശയങ്ങളും, കാടും പശ്ചാത്തല സംവിധാനങ്ങളും പൊതുമേഖലാ ആസ്തികളും ചുരുക്കി പറഞ്ഞാൽ രാജ്യത്തിന്റെ സമ്പത്താകെ വിദേശിയും സ്വദേശിയുമായ കോർപ്പറേറ്റ് ചങ്ങാതിമാർക്ക് മോഡി സർക്കാർ കൈമാറുകയാണ്. സ്വകാര്യവൽക്കരണം, നാഷണൽ മോണ റ്റൈസേഷൻ പൈപ്പ് ലൈൻ, ലാന്റ് മോണ റ്റൈസേഷൻ കോർപ്പറേഷൻ തുടങ്ങിയവയെല്ലാം പൊതു സമ്പത്ത് സ്വകാര്യ ഉടമകൾക്ക് കൈമാറാനുള്ള പദ്ധതികളാണ് 'രാജ്യത്തെ രക്ഷിക്കുക, ജനങ്ങളെ സംരക്ഷിക്കുക' എന്ന ആഹ്വാനത്തോടെ നടത്തിയ പണിമുടക്കിൽ പങ്കുചേർന്ന കോടിക്കണക്കിനു തൊഴിലാളികളെ സിഐടിയു അഭിവാദ്യം ചെയ്യുന്നു. പണിമുടക്കിന് സാധാരണ ജനങ്ങളിൽ നിന്ന് വൻതോതിലുള്ള പിന്തുണയാണ് ലഭിച്ചത്. വിവിധ സംസ്ഥാനങ്ങളിലെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ അത് ദൃശ്യമായിരുന്നു.



**മാർച്ച് 28, 29 തീയതികളിലെ ദേശവ്യാപക പണിമുടക്ക് ഉജ്വല വിജയമാക്കിയ ഇൻഡ്യൻ തൊഴിലാളി വർഗത്തെ സിഐടിയു അഭിനന്ദിക്കുന്നു. സ്വകാര്യവൽക്കരണം, നാഷണൽ മോണ റ്റൈസേഷൻ പൈപ്പ് ലൈൻ, ലാന്റ് മോണ റ്റൈസേഷൻ കോർപ്പറേഷൻ തുടങ്ങിയവയെല്ലാം പൊതു സമ്പത്ത് സ്വകാര്യ ഉടമകൾക്ക് കൈമാറാനുള്ള പദ്ധതികളാണ്. 'രാജ്യത്തെ രക്ഷിക്കുക, ജനങ്ങളെ സംരക്ഷിക്കുക' എന്ന ആഹ്വാനത്തോടെ നടത്തിയ പണിമുടക്കിൽ പങ്കുചേർന്ന കോടിക്കണക്കിനു തൊഴിലാളികളെ സിഐടിയു അഭിവാദ്യം ചെയ്യുന്നു.**

പ്രതിഷേധ പ്രകടനങ്ങൾ, ട്രെയിൻ തടയൽ എന്നിങ്ങനെ നേരിട്ട പങ്കാളിത്തം കൂടാതെ പണിമുടക്കിന് ഐക്യദാർഢ്യമേകിയ ലക്ഷക്കണക്കിന് കർഷകർ, കർഷക തൊഴിലാളികൾ, വനിതകൾ, യുവാക്കൾ, വിദ്യാർഥികൾ തുടങ്ങി എല്ലാ പുരോഗമന വിഭാഗങ്ങളോടും കൃതജ്ഞത രേഖപ്പെടുത്തുന്നു. തൊഴിലാളികളും കർഷകരും കർഷക തൊഴിലാളികളുമടങ്ങിയ രാജ്യത്ത് സമ്പത്ത് സൃഷ്ടിക്കുന്ന അടിസ്ഥാന വർഗങ്ങൾ ചേർന്ന വർധിച്ച ഐക്യ സമരവും ആവേശവും പ്രകീർത്തിക്കപ്പെടേണ്ടതാണ്. ഈ ഐക്യം അടിത്തട്ടിൽ ഗ്രാമങ്ങളിലും വാർഡുകളിലും വരെ ഇനിയും കൂടുതൽ ശക്തവും ആഴത്തിലുള്ളതുമാക്കാൻ ,എല്ലാവരുടെയും പൊതുവായ ആവശ്യങ്ങൾ മുന്നോട്ടു കൊണ്ടുപോയി ഐക്യം വിപുലമാക്കി പണിയെടുക്കുന്നവരുടെ ജനാധിപത്യ പ്രസ്ഥാനം ഇനിയും ദൃഢതരമാക്കേണ്ടതുണ്ട്.

### ഈ മെയ് ദിനത്തിൽ .....

ആർ.എസ് എസ്സും ബി ജെ പി അടക്കം അതിന്റെ അവാന്തര വിഭാഗങ്ങളും ചേർന്ന് ഹിന്ദുക്കളുടെ മത വിശ്വാസത്തെ ഉപയോഗപ്പെടുത്തി സമൂഹത്തിൽ ഭിന്നത സൃഷ്ടിച്ച് ആ അവസരം തെരഞ്ഞെടുപ്പ് നേട്ടമാക്കാൻ ശ്രമിക്കയാണ്. ഈ നീക്കം എല്ലാ ശക്തിയുമുപയോഗിച്ച് ചെറുത്ത് ജനങ്ങളുടെ ഐക്യം സംരക്ഷിക്കുമെന്ന്

സിഐടിയു പ്രതിജ്ഞ ചെയ്യുന്നു. സവർക്കർ നിർവചിച്ച ' ഹിന്ദുത്വ ' എന്നത് ഒരു രാഷ്ട്രീയ പദ്ധതിയാണ്. അതിന് ഹിന്ദു മതവുമായി ഒരു ബന്ധവുമില്ലെന്ന് സിഐടിയു ജനങ്ങളെ ഓർമിപ്പിക്കുന്നു. മതം, ജാതി, പ്രദേശം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിപ്പിക്കാൻ ആർ എസ് എസ്സും പരിവാരങ്ങളും നടത്തുന്ന ഹീന നീക്കങ്ങളെ സിഐടിയു അപലപിക്കുന്നു. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ എന്നിങ്ങനെ എല്ലാ മതവിഭാഗത്തിന്റെ ആഘോഷ അവസരങ്ങളും മത വിഭാഗത്തിനിടയിൽ സംഘർഷവും കലാപാന്തരീക്ഷവും സൃഷ്ടിച്ച് വെറുപ്പ് പടർത്താൻ ഉപയോഗിക്കയാണ്. ഹിജാബ്, ഹലാൽ, മാംസഭക്ഷണം, ബാങ്ക് വിളി എന്നിവയൊക്കെ ഉയർത്തി ഗൂഢ ലക്ഷ്യത്തോടെ ഭിന്നത രൂക്ഷമാക്കാൻ നോക്കുന്നു. ക്ഷേത്രങ്ങൾക്കു സമീപം മുസ്ലിം കച്ചവടക്കാർ പാടില്ല, രാമനവമി പോലുള്ള അവസരങ്ങളിൽ മാംസ വിതരണമോ മാംസഭക്ഷണമോ പാടില്ല എന്നിവയൊക്കെ ഉയർത്തിക്കൊണ്ടു വരുന്നത് ഈ ലക്ഷ്യത്തോടെയാണ്. ഗോ രക്ഷയുടെ മറവിൽ പശു സംരക്ഷണ ഗ്രൂപ്പുകൾ മുസ്ലീങ്ങളെയും ദളിതരെയും ആക്രമിക്കുന്നു. മനുസ്മൃതിയെ അടിസ്ഥാനപ്പെടുത്തി സമൂഹത്തിൽ സ്ത്രീകൾക്കും ദളിതർക്കും നേരെയുള്ള വിവേചനം നീതീകരിക്കാൻ, അവരുടെ സ്ഥാനം അടയാളപ്പെടുത്താൻ, അത് ശാശ്വതവൽക്കരിക്കാൻ ബി ജെ പി ആർ എസ് എസ് നേതാക്കളുടെ മുൻകയ്യിൽ ബോധപൂർവം നീക്കം നടത്തുന്നു. സ്ത്രീകൾക്കെതിരെയുള്ള ആക്രമണം, ബലാൽസംഗം, കുട്ടികളെ കൊല ചെയ്യൽ ,വ്യത്യസ്ത ജാതിയിൽ നിന്ന് വിവാഹിതരാകുന്ന പ്രത്യേകിച്ചും ദളിതരായ ആൺകുട്ടികളെ കൊല്ലുന്ന രീതി എന്നിവയൊക്കെ വർധിച്ചുവരികയാണ്.



ഭരണഘടന ഉൽഘോഷിക്കുന്ന' ഞങ്ങൾ ജനങ്ങൾ' (We the people) എന്ന തത്വത്തിന്റെ സ്ഥാനത്ത് ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ മതനിരപേക്ഷ അടിത്തറ തകർത്ത് പകരം മനുസ്മൃതി പ്രകാരമുള്ള 'ഹിന്ദു രാഷ്ട്രം ' സ്ഥാപിക്കാൻ തുടർച്ചയായി പരിശ്രമിച്ചു വരുന്ന ബി ജെ പി നേതൃത്വം നൽകുന്ന മോഡി സർക്കാർ നടപടിയെ സി ഐ ടി യു ശക്തമായി പ്രതിരോധിക്കും . എല്ലാ എതിർപ്പും അവഗണിച്ച് മോഡി സർക്കാർ പൗരത്വ ഭേദഗതി നിയമത്തിലൂടെ പൗരത്വം തീരുമാനിക്കാനുള്ള മാനദണ്ഡം മതമാക്കി മാറ്റി. ഈ രാജ്യത്ത് ജനിച്ച് ഇവിടെ വളർന്ന മത ന്യൂനപക്ഷങ്ങളെ രണ്ടാം കിട പൗരൻമാരാക്കി മാറ്റിയിരിക്കുന്നു.

സർക്കാർ നയങ്ങൾക്കെതിരെ ഉയരുന്ന വിയോജിപ്പിന്റെ ശബ്ദങ്ങൾ അടിച്ചമർത്തുകയും അതിന് നിയമ വിരുദ്ധ രീതികൾ അവലംബിക്കയും യുഎപിഎ, എൻഎസ്എ, എന്നിങ്ങനെ സർക്കാരിന്റെ ഭരണ യന്ത്രമാകെ അതിനായി ഉപയോഗിക്കയുമാണ്. ട്രേഡ് യൂണിയൻ നേതൃത്വങ്ങൾ, സർക്കാർ നയങ്ങളെ ചെറുക്കുന്ന സജീവ പ്രവർത്തകർ തുടങ്ങിയവരെയൊക്കെ ജാമ്യം അനുവദിക്കാതെ തുറുങ്കിലടക്കുന്നു. ദൃശ്യ, ഇലക്ട്രോണിക് മാധ്യമങ്ങൾക്കു മേൽ കടിഞ്ഞാൺ, ഭരണവർഗത്തിന് സ്തുതി പാടുന്ന മാധ്യമങ്ങൾക്ക് കയ്യടി. സത്യം വിളിച്ചു പറയുന്ന സ്വതന്ത്ര പത്രപ്രവർത്തകർക്ക് പീഡനം. ജനങ്ങളുടെ ജനാധിപത്യ അവകാശം നിഷേധിക്കയും നിരന്തരം ആക്രമണം തൊടുത്തുവിടുകയും ചെയ്യുന്ന മോഡി ഭരണം

**മതം, ജാതി, പ്രദേശം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിപ്പിക്കാൻ ആർ എസ് എസ്സും പരിവാരങ്ങളും നടത്തുന്ന ഹീന നീക്കങ്ങളെ സിഐടിയു അപലപിക്കുന്നു. ഭരണഘടന ഉൽഘോഷിക്കുന്ന' ഞങ്ങൾ ജനങ്ങൾ' (we the people) എന്ന തത്വത്തിന്റെ സ്ഥാനത്ത് ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ മതനിരപേക്ഷ അടിത്തറ തകർത്ത് പകരം മനുസ്മൃതി പ്രകാരമുള്ള 'ഹിന്ദു രാഷ്ട്രം ' സ്ഥാപിക്കാൻ തുടർച്ചയായി പരിശ്രമിച്ചു വരുന്ന ബി ജെ പി നേതൃത്വം നൽകുന്ന മോഡി സർക്കാർ നടപടിയെ സി ഐ ടി യു ശക്തമായി പ്രതിരോധിക്കും .**




**വിയോജിപ്പിന്റെ ശബ്ദങ്ങൾ അടിച്ച മർത്തുകയാണ്. യുഎപിഎ, എൻഎസ്എ, എന്നിങ്ങനെ സർക്കാരിന്റെ ഭരണ യന്ത്രമാകെ അതിനായി ഉപയോഗിക്കയുമാണ്. ട്രേഡ് യൂണിയൻ നേതൃത്വങ്ങൾ, സർക്കാർ നയങ്ങളെ ചെറുക്കുന്ന സജീവ പ്രവർത്തകർ തുടങ്ങിയവരെയൊക്കെ ജാമ്യം അനുവദിക്കാതെ തുറുങ്കിലടക്കുന്നു. ഭരണവർഗത്തിന് സ്തുതി പാടുന്ന മാധ്യമങ്ങൾക്ക് കയ്യടി. സത്യം വിളിച്ചു പറയുന്ന സ്വതന്ത്ര പത്രപ്രവർത്തകർക്ക് പീഡനം. ജനങ്ങളുടെ ജനാധിപത്യ അവകാശം നിഷേധിക്കയും നിരന്തരം ആക്രമണം തൊടുത്തുവിടുകയും ചെയ്യുന്ന മോഡി ഭരണം ഇപ്പോൾ വിശേഷിപ്പിക്കപ്പെടുന്നത് ' തെരഞ്ഞെടുക്കപ്പെട്ട സർവാധിപത്യം' (electoral autocracy) എന്നാണ്.**

ഇപ്പോൾ വിശേഷിപ്പിക്കപ്പെടുന്നത് ' തെരഞ്ഞെടുക്കപ്പെട്ട സർവാധിപത്യം' (electoral autocracy) എന്നാണ്.

കോർപ്പറേറ്റുകളിൽ നിന്ന് സംഭാവന വാങ്ങി ഭരണകക്ഷിയായ ബിജെപി നടത്തുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ കേവലം പ്രഹസനമാണ്. ഒട്ടും സുതാര്യമല്ലാത്ത തെരഞ്ഞെടുപ്പ് ബോണ്ടിൽ നിന്നുള്ള തുകയുടെ സിംഹഭാഗവും ബിജെപിക്കാണ് ലഭിച്ചതെന്നാണ് റിപ്പോർട്ടുകൾ. സർക്കാരിലുള്ള സ്വാധീനമുപയോഗിച്ച് തങ്ങളുടെ ലക്ഷ്യങ്ങൾ നേടണമെങ്കിൽ പരിഗണിക്കേണ്ടത് ബിജെപിയെ ആണെന്നറിയുന്ന വൻ കോർപ്പറേറ്റുകൾ സ്വാഭാവികമായും ആ വഴി തേടുന്നു.

ഇത്തരം പരിലാളനയും മുതലാളി വർഗം വലതുപക്ഷ ശക്തികളെ സഹായിക്കുന്നതും മുതലാളിത്ത സംവിധാനത്തിലെ കുഴപ്പത്തിന്റെ പ്രതിഫലനമാണ്. അവർക്ക് നവലിബറൽ നയങ്ങൾക്കെതിരെ പൊരുതുന്ന, ജനാഭിമുഖ്യമുള്ള ബദൽ നയങ്ങൾ നടപ്പിലാക്കുന്ന ഇടതുപക്ഷത്തിന്റെ സ്വാധീനം തടയണം. ഇടതുപക്ഷത്തെ ഒറ്റപ്പെടുത്തണം. നവലിബറലിസത്തോട് എതിർപ്പില്ലാത്ത വലതുപക്ഷം അതിനെതിരെ ജനങ്ങളിൽ നിന്ന് ഉയർന്നു വരുന്ന പ്രതിഷേധം മറ്റു വഴികളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുന്നു. മതം, ജാതി, വംശം, പ്രദേശം ലിംഗം, ഭാഷ എന്നിവയൊക്കെ ഭിന്നിപ്പിനുള്ള ഉപകരണമാക്കി ഐക്യത്തെയും ഐക്യസമരത്തെയും തളർത്താൻ നോക്കുന്നു. അമിതാധികാരവും ഫാസിസ്റ്റ് നടപടികളും ബലപ്രയോഗവും നടത്തി ജനകീയ പ്രതിരോധ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്നു. കുഴപ്പത്തി

ലാണ്ട മുതലാളിത്ത വ്യവസ്ഥയുടെ ദുരന്തങ്ങളിൽ നിന്ന് കരകയറാനാവാത്ത മുതലാളി വർഗം ജനങ്ങൾക്കു മേൽ നടത്തുന്ന സർവവ്യാപിയായ ആക്രമണം രാജ്യത്തെ തൊഴിലാളി വർഗം തിരിച്ചറിയണം. വലതുപക്ഷ സർവാധിപത്യ സർക്കാരുകളുടെ പിന്തുണയോടെ ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്തിയല്ലാതെ അവരുടെ ലാഭവും സമ്പത്തും സുരക്ഷിതമാക്കാനാവില്ല. അതിന് അവർ വിഷലിപ്തമായ വിഭാഗീയ രീതികൾ സമൂഹത്തിൽ കടത്തിവിടുന്നു. മുതലാളിത്തത്തിന്റെ പാപ്പരത്തം സമഗ്രമായി തിരിച്ചറിഞ്ഞ് നല്ല ധാരണയോടെ പ്രത്യാക്രമണം സംഘടിപ്പിക്കാൻ തൊഴിലാളി വർഗത്തിനാവണം.

1923 ൽ അന്നത്തെ മദ്രാസിലാണ് സ: ശിങ്കാരവേലു രാജ്യത്ത് മെയ് 1ന് മെയ്ദിനനാളിൽ ചെങ്കൊടി ആദ്യമായി ഉയർത്തിയത്. ഈ വർഷത്തെ മെയ് ദിനാഘോഷം അതിന്റെ ശതാബ്ദിയുടെ തുടക്കത്തിലാണ്. മുഴുവൻ തൊഴിലാളികളുടെ ഐക്യം, അതിനൊപ്പം കർഷകരുടെ ഐക്യം ,കഷ്ടപ്പെടുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ഐക്യം ,സമൂഹത്തിലെ പുരോഗമനവിഭാഗങ്ങളുടെ ഐക്യം എല്ലാം സംയോജിപ്പിച്ച് അതീവ ശക്തിയോടെ വിഭാഗീയ പ്രസ്ഥാനങ്ങളുടെ ഗൂഢ തന്ത്രങ്ങളെ പരാജയപ്പെടുത്തുമെന്ന് ഈ മെയ് ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. ഓരോ മേഖലയിലും നാം മുന്നോട്ടു വക്കുന്ന അവകാശങ്ങൾ നേടാൻ സംയുക്ത സമരങ്ങൾ ശക്തമാക്കണം.അതിനൊപ്പം മറ്റു പൊതു ഡിമാന്റുകളും നവലിബറലിസത്തിനെതിരെയുള്ള ഡിമാന്റുകളും ഉന്നയിക്കണം. ലോകത്താകെ ദുരിതം പേറുന്നവരുടെ ദയനീയ സ്ഥിതിയുടെ അടിവേരുകൾ ചെന്നെത്തുന്നത് നവലിബറൽ നയങ്ങളിലാണെന്ന് തിരിച്ചറിയണം.

ലോകത്താകെ സമ്പത്തു സൃഷ്ടിക്കുന്ന പണിയെടുത്തു ജീവിക്കുന്നവരുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയവയെല്ലാം ഇവിടെ വേണ്ടിടത്തോളം ലഭ്യമാണ്. അവയൊക്കെ വിരലിലെണ്ണാവുന്ന പണക്കാരുടെ കൈവശമാണ്. തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത മുതലാളിത്ത വ്യവസ്ഥയുടെ പരാജയം തുറന്നു കാട്ടി മറ്റൊരു ബദൽ സൃഷ്ടിക്കാൻ ഇനിയും ഉയർന്ന രൂപത്തിലുള്ള സംയുക്ത പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം

**മെയ്ദിനം നീണാൾ വാഴട്ടെ....**

**തൊഴിലാളി വർഗ ഐക്യം നീണാൾ വാഴട്ടെ....**

**തൊഴിലാളി, കർഷക ഐക്യം നീണാൾ വാഴട്ടെ....**

**സോഷ്യലിസം നീണാൾ വാഴട്ടെ...**

**മുതലാളിത്തം തകരട്ടെ...**



**മുതലാളി വർഗം ജനങ്ങൾക്കു മേൽ നടത്തുന്ന സർവവ്യാപിയായ ആക്രമണം രാജ്യത്തെ തൊഴിലാളി വർഗം തിരിച്ചറിയണം. മുതലാളിത്തത്തിന്റെ പാപ്പരത്തം സമഗ്രമായി തിരിച്ചറിഞ്ഞ് നല്ല ധാരണയോടെ പ്രത്യാക്രമണം സംഘടിപ്പിക്കാൻ തൊഴിലാളി വർഗത്തിനാവണം. തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത മുതലാളിത്ത വ്യവസ്ഥയുടെ പരാജയം തുറന്നു കാട്ടി മറ്റൊരു ബദൽ സൃഷ്ടിക്കാൻ ഇനിയും ഉയർന്ന രൂപത്തിലുള്ള സംയുക്ത പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം**




# ബോധപൂർവം സൃഷ്ടിക്കുന്ന വർഗ്ഗീയ സംഘർഷങ്ങൾ

**ഭാരതത്തിൽ ജീവിക്കണമെങ്കിൽ ജയ്ശ്രീറാം വിളിക്കണമെന്ന മുദ്രാവാക്യം ഹനുമാൻ ഘോഷയാത്രയിലുടനീളം മുഴങ്ങിക്കേട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പുരോഗമനവാദികളും മതിനിരപേക്ഷവാദികളും അതീവജാഗ്രത പുലർത്തേണ്ട സ്ഥിതിയാണ്. സംഘർഷം സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുക എന്ന വർഗീയവാദികളുടെ അജണ്ട പരാജയപ്പെടുത്തുക തന്നെ വേണം.**

രാമനവമിയായി ആഘോഷിച്ച 2022 ഏപ്രിൽ 10, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വർഗ്ഗീയകലാപത്തിന്റെ ദിനമായി മാറി. ഗുജറാത്ത്, മധ്യപ്രദേശ്, ഝാർഖണ്ഡ്, കർണാടക, ഡൽഹി, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം ഏപ്രിൽ 10 ന് കല്ലേറും തീവെപ്പും കലാപങ്ങളും നടന്നു. രാമനവമി ആഘോഷങ്ങളുടെ ഭാഗമായി നടന്ന റാലിയും മോസ്കുകളുടെ സമീപത്തുകൂടി കടന്നുപോയപ്പോഴാണ് മിക്ക സ്ഥലങ്ങളിലും കലാപം നടന്നത്. രാമനവമി ഘോഷയാത്രകൾ മോസ്കുകളുടെ സമീപം എത്തുമ്പോൾ ഉച്ചഭാഷിണിയുടെ ശബ്ദമുയർത്തിയും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ചും കുങ്കുമപതാക പ്രകോപനപരമായി വീശിയും അന്തരീക്ഷം സംഘർഷഭരിതമാക്കുന്ന രീതിയാണ് മിക്ക സ്ഥലങ്ങളിലും സ്വീകരിച്ചത്.

മദ്ധ്യപ്രദേശിലെ ഖാർഗോൺ, ഗുജറാത്തിലെ ഹിമ്മാറ്റ് നഗർ, ഝാർഖണ്ഡിലെ ലോഹനാഗ, ബംഗാളിലെ ഹൗറ ബാൻഗുറാ, കർണാടകയിലെ ഗുൽബർഗ, ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി തുടങ്ങിയ വിവിധ പ്രദേശങ്ങളാണ് പ്രധാനമായും സംഘർഷഭരിതമായത്.

രാമനവമി, രാമന്റെ ജന്മദിനം ആഘോഷിക്കുന്ന ദിനമാണ്. ചൈത്രമാസത്തിലെ 9ാം ദിവസമാണ് രാമനവമി ദിനമായി ആഘോഷിക്കുന്നത്. 1926ലെ രാമനവമി ദിനത്തിലാണ് ”രാഷ്ട്രീയ സ്വയംസേവക് സംഘ്” (ആർഎസ്എസ്സ്)

എന്ന പേര് പ്രഖ്യാപിക്കുന്നത്. 1925 വിജയദശമി ദിവസം രാമൻ രാവണന്റെ മേൽ വിജയം നേടിയ ദിവസമാണ് ആർഎസ്സ്എസ്സിന്റെ ആരംഭം കുറിച്ചത്. ഈ ദിനങ്ങളെല്ലാം ആർഎസ്സ്എസ്സ് വളരെ ശ്രദ്ധയോടെയും ആലോചനയോടെയും തെരഞ്ഞെടുത്തതാണ്. രാമനവമി ദിനത്തിൽ നടത്തുന്ന ഘോഷയാത്രകളും അതുമായി ബന്ധപ്പെട്ട് പ്രകോപനം സൃഷ്ടിക്കുന്നതും പുതിയവിഷയമല്ല. ഏതാണ്ട് 100 വർഷം പഴക്കമുള്ള വിഷയം തന്നെയാണ്. ആർഎസ്സ്എസ്സിന്റെ ആരംഭം മുതൽ വർഗ്ഗീയ ചിന്ത വളർത്താനും അതിന്റെ പേരിൽ ജനങ്ങളെ വിഭജിച്ച് സ്വയം വളരാനും സമൂഹത്തിൽ ഇടം സൃഷ്ടിക്കാനുമുള്ള കൃത്യമായ പദ്ധതിയുടെ ഭാഗമാണ്. 1925 മുതൽ തലമുറകളിൽ നിന്നും തലമുറകളിലേക്കും മാറി സമൂഹ മന:സാക്ഷിയാകെ മതചിന്ത കുത്തിവെച്ച് മലീമസമാക്കിയതിന്റെ തുടർച്ചയാണ് ഏപ്രിൽ 10 ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അരങ്ങേറിയ സംഘപരിവാർ പരിപാടികൾ.

ആർഎസ്സ്എസ്സിന്റെ ആദ്യത്തെ പൊതുപരിപാടി തന്നെ നാഗ്പൂരിന് സമീപം റാംടെക്കിൽ നടന്ന രാമനവമി ആഘോഷങ്ങളെ സഹായിക്കുക എന്നതായിരുന്നു. ആർഎസ്സ്എസ്സിന്റെ സ്ഥാപകൻ ഹെഡ്ഗേവാർ ഇതുവളരെ ബോധപൂർവം തെരഞ്ഞെടുത്ത പരിപാടിയായിരുന്നു. ഹെഡ്ഗേവാർ തന്നെ സംഘടിപ്പിച്ച രാമനവമി ഘോഷയാത്രകൾ മുസ്ലീം പള്ളികളുടെ സമീപത്തുകൂടി കടന്നുപോയപ്പോൾ വളരെ ഉച്ചത്തിൽ മൈക്കിലൂടെ ഗാനങ്ങൾ വച്ചിരുന്നു.

1970 മുതൽ ആർഎസ്സ്എസ്സിന്റെ നേതൃത്വത്തിൽ ആയുധമേന്തിയ രാമനവമി ഘോഷയാത്രകൾ വ്യാപകമായി നടത്താൻ തുടങ്ങി. 1979—ൽ ജാംഷഡ്പൂരിൽ രാമനവമിയുമായി ബന്ധപ്പെട്ടു നടന്ന ആക്രമണങ്ങളിൽ 108 പേർ മരണമടഞ്ഞു. അതിൽ 79 ൽ അധികം പേരും മുസ്ലീങ്ങളായിരുന്നു. 2022 ഏപ്രിൽ 10—ന് നടന്ന സംഭവങ്ങൾ ഇതിന്റെയൊക്കെ തുടർച്ചയാണ്. വളരെ ആസൂത്രിതമായി കൃത്യമായ പദ്ധതിയോടെ നടത്തപ്പെടുന്നവയാണ്. 2022 ഏപ്രിൽ 10 ന് ഗുജറാത്തിലെ ഘംബാറ്റ് നഗരത്തിലും ഝാർഖണ്ഡിലെ ലോഗർഗയിലും ഓരോരുത്തരും മരണമടഞ്ഞു. വിവിധ ആക്രമണങ്ങളിൽ പോലീസുകാരുൾപ്പെടെ അനേകർക്ക് പരിക്കേൽക്കുകയും ചെയ്തു.

രാമനവമി ആഘോഷങ്ങളുടെ തുടർച്ച



യായി ഏപ്രിൽ 16 ന് ഡൽഹിയിലെ ജഹാംഗീർപൂർ പ്രദേശത്തെ ഹനുമാൻ ജയന്തി ആഘോഷങ്ങളും ഘോഷയാത്രകളും നടന്നു. ഈ പ്രദേശത്ത് ഇതിനുമുമ്പ് ഇത്തരത്തിൽ വർഗീയസംഘർഷങ്ങൾ അരങ്ങേറിയിട്ടില്ല. പുറത്തുനിന്നെത്തിയവരാണ് സംഘർഷങ്ങൾ സൃഷ്ടിച്ചതെന്നാണ് റിപ്പോർട്ട് ആ പ്രദേശത്തു നിലനിന്നിരുന്ന സാമുദായികസൗഹാർദ്ദം മന:പൂർവം തകർക്കുകയെന്നതാണ് ഉദ്ദേശം എന്ന് വ്യക്തമാകുന്നു.

ഭാരതത്തിൽ ജീവിക്കണമെങ്കിൽ ജയ്ശ്രീറാം വിളിക്കണമെന്ന മുദ്രാവാക്യം ഹനുമാൻ ഘോഷയാത്രയിലുടനീളം മുഴങ്ങിക്കേട്ടതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മുസ്ലീം പള്ളിക്ക് മുന്നിൽ ഘോഷയാത്ര നിൽക്കുകയും അവിടെനിന്ന് പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും കാവിക്കൊടി വീശുകയും ചെയ്തു. കല്ലേറിലും സംഘർഷത്തിലും പോലീസുകാരുൾപ്പെടെ അനേകർക്ക് പരിക്കേറ്റു. ഒരു എസ്ഐക്ക് വെടിയുമേറ്റു.

ഇതിന്റെയൊക്കെ തുടർച്ചയും ഭാഗവുമാണ് കേരളത്തിൽ പാലക്കാട്ടും നടന്നത്.

പുരോഗമനവാദികളും മതിനിരപേക്ഷവാദികളും അതീവജാഗ്രത പുലർത്തേണ്ട സ്ഥിതിയാണ്. സംഘർഷം സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുക എന്ന വർഗീയവാദികളുടെ അജണ്ട പരാജയപ്പെടുത്തുക എളുപ്പമുള്ള ജോലിയല്ല. രണ്ടുചേരിയിലുമുള്ള വർഗ്ഗീയവാദികൾക്കും സംഘർഷം ഗുണകരമാണ്. എന്നാൽ ജനങ്ങൾക്കാകെ ദോഷകരവുമാണ്. •

# ഇന്ത്യയെ ഭിന്നിപ്പിക്കുന്നതിനെതിരെ രാഷ്ട്രീയ പാർട്ടികളുടെ സംയുക്ത പ്രസ്താവന

രാജ്യഭരണം കയ്യാളുന്നവരിലെ വിഭാഗങ്ങൾ വിശ്വാസത്തിന്റെയും ആഘോഷങ്ങളുടെയും ഭക്ഷണത്തിന്റെയും വേഷത്തിന്റെയും പേരിൽ സമൂഹത്തിൽ ധ്രുവീകരണവും സ്പർധയും സൃഷ്ടിക്കുന്നതിൽ കടുത്ത ആശങ്കയും രോഷവും പ്രകടിപ്പിച്ച് 13 രാഷ്ട്രീയ പാർടികളുടെ സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. വിവിധ സംസ്ഥാനങ്ങളിൽ പൊട്ടിപ്പുറപ്പെട്ട വർഗീയകലാപങ്ങളെ പ്രസ്താവനയിൽ ശക്തിയായി അപലപിച്ചു. ഇത്തരം സംഘർഷങ്ങളുണ്ടായ പ്രദേശങ്ങളിൽ ഹീനമായ പദ്ധതി നടപ്പാക്കിയതായി കാണാം. വിദ്വേഷപ്രസംഗങ്ങൾക്കും ആയുധങ്ങളേന്തിയുള്ള മതഘോഷയാത്രകൾക്കും പിന്നാലെ ആക്രമണങ്ങൾ അഴിച്ചുവിട്ടു.

**അസഹിഷ്ണുതയും വിദ്വേഷവും പ്രകോപനവും സൃഷ്ടിക്കുന്ന പ്രചാരണത്തോട് പ്രധാനമന്ത്രി പാലിക്കുന്ന മൗനം നടുക്കം ഉളവാക്കുന്നു. വിദ്വേഷപ്രസംഗങ്ങൾ നാൾക്കുനാൾ പെരുകിവരുമ്പോഴും ഇതു നടത്തുന്നവർക്കെതിരെ നടപടി ഉണ്ടാകുന്നില്ല. വിദ്വേഷപ്രചാരകർക്കും സായുധരായ അക്രമിസംഘങ്ങൾക്കും ഔദ്യോഗിക പിന്തുണയുണ്ടെന്നതിന്റെ സാക്ഷ്യപത്രമാണിത്.**

നൂറ്റാണ്ടുകളിലൂടെ ഇന്ത്യയിൽ രൂപംകൊണ്ട സാമുദായിക സൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായി നിലകൊള്ളുമെന്ന് പ്രസ്താവനയിൽ പറഞ്ഞു. സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കാൻ വിഷലിപ്തമായ പ്രചാരണം നടത്താൻ ശ്രമിക്കുന്നവരെ ചെറുക്കും. വൈവിധ്യങ്ങളെ അതിന്റേതായ അർഥത്തിൽ ഉൾക്കൊള്ളുകയും ആഘോഷിക്കുകയും ചെയ്താൽ മാത്രമേ രാജ്യം പുരോഗതി പ്രാപിക്കുകയുള്ളു. വർഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ എല്ലാ വിഭാഗം ജനങ്ങളും ജാഗ്രത പാലിക്കുകയും സമാധാനം കാത്തുസൂക്ഷിക്കുകയും വേണം. സമാധാനവും സൗഹാർദ്ദവും പരിപാലിക്കാൻ വേറിട്ടും സംയുക്തമായും പ്രവർത്തിക്കാൻ പ്രസ്താവന ആഹ്വാനം ചെയ്തു.

കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി, സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, സിപിഐ ജനറൽ സെക്രട്ടറി ഡി രാജ, എൻസിപി അധ്യക്ഷൻ ശരദ്പവാർ, തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി, ഡിഎംകെ അധ്യക്ഷനും തമിഴ്നാട് മുഖ്യമന്ത്രിയുമായ എം കെ സ്റ്റാലിൻ, ജെഎംഎം അധ്യക്ഷനും ജാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ത്സോരൻ, നാഷണൽ കോൺഫറൻസ് അധ്യക്ഷൻ ഫാറൂഖ് അബ്ദുള്ള, തേജസ്വി യാദവ്(ആർജെഡി), ദേബബ്രത ബിശ്വാസ്(എഐഎഫ്ബി), മനോജ് ഭട്ടാചാര്യ(ആർഎസ്പി), ദീപാങ്കർ ഭട്ടാചാര്യ(സിപിഐ എംഎൽലിബറേഷൻ, പി കെ കുഞ്ഞാലിക്കുട്ടി(ഐയുഎംഎൽ) എന്നിവരാണ് പ്രസ്താവനയിൽ ഒപ്പുവച്ചത്.

# കേരളത്തിന്റെ സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമം

**കഴിഞ്ഞ രാമനവമി നാളിൽ ഇന്ത്യയിലെമ്പാടും വർഗീയസംഘർഷം സൃഷ്ടിക്കാൻ നടത്തിയ ആർഎസ്എസ് ശ്രമത്തിന്റെ മറ്റൊരു പതിപ്പാണ് പാലക്കാട്ടും വിഷുദിനത്തിൽ കണ്ടതെന്ന് പറയാം. സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ തെറ്റുധരിപ്പിക്കുന്നു. ഇത്തരം വ്യാജ പ്രചാരണങ്ങളിൽ ജനങ്ങൾ അകപ്പെടരുത്. കലാപശ്രമത്തെ ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കേണ്ടതുണ്ട്.**

**കെ.ടി.കുഞ്ഞിക്കണ്ണൻ**

കേരളത്തിലെ സമാധാന അന്തരീക്ഷം തകർക്കുകയാണ് ആർഎസ്എസിന്റെയും എസ്ഡിപിഐ യുടെയും അജണ്ട. യുഡിഎഫിന്റെ പിന്തുണയോടെയാണ് ഇരുകൂട്ടരും ഈ ചോരക്കളി തുടരുന്നത്. ക്രമസമാധനം തകർന്നുവെന്ന് വരുത്തി തീർക്കാനും കേന്ദ്രത്തെ ഇടപെടുവിക്കാനും ബി ജെ പി യുഡിഎഫ് നേതൃത്വം ഒരുമിച്ച് നീങ്ങുന്നുവെന്നു വേണം കരുതാൻ.ഓരോ സംഭവത്തിലും കേന്ദ്ര ഇടപെടൽ ആവശ്യപ്പെടുകയാണ് ബി ജെ പി സംസ്ഥാന അധ്യക്ഷൻ സുരേന്ദ്രൻ. വിഡി സതീശനും സുധാകരനും സുരേന്ദ്രന്റെ നിലപാടിനോട് ഒട്ടിനില്ക്കുകയാണ്.

നല്ല നിലയിൽസമാധാനം നിലനിൽക്കുന്ന പാലക്കാട് ജില്ലയിൽ കലാപം സൃഷ്ടിച്ച് അശാന്തി പടർത്താനാണ് ഇത്തരം കൊലപാതകങ്ങളിലൂടെ ആർഎസ്എസും എസ്ഡിപിഐയും ശ്രമിക്കുന്നത്. ആർഎസ്എസ് പ്രവർത്തകൻ സഞ്ജിത്തിനെ കൊലപ്പെടുത്തി അഞ്ചുമാസം തികയുന്ന ദിവസമാണ് എസ്ഡിപിഐ പ്രവർത്തകൻ സുബൈറിനെ പിതാവിന്റെ മുന്നിലിട്ട് ആർഎസ്എസുകാർ വെട്ടിക്കൊന്നത്. മറ്റൊരു എസ്ഡിപിഐ പ്രവർത്തകൻ സക്കീർ ഹുസൈനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ജയിലിലായിരുന്നവർ ജാമ്യത്തിലിറങ്ങിയാണ് വീണ്ടും കൊല നടത്തിയതെന്നാണ് അറിയാൻ കഴിഞ്ഞത്.

ഒരു കാരണവശാലും ജില്ലയിൽ സമാധാനം നിലനിർത്താൻ അനുവദിക്കില്ല എന്ന വാശിയിലാണ് ഇരു സംഘടനകളുമെന്നാണ് മനസിലാക്കേണ്ടത്. എസ്ഡിപിഐ പ്രവർത്തകനെ കൊലപ്പെടുത്തുന്നതിന് രണ്ട് ദിവസംമുമ്പാണ് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ പാലക്കാട്ട് എത്തിയത്. നേരത്തേ കൊല്ലപ്പെട്ട ആർഎസ്എസ് പ്രവർത്തകൻ സഞ്ജിത്തിന്റെ കാറിൽ എസ്ഡിപിഐ പ്രവർത്തകന്റെ കൊലയാളികൾ എത്തിയത് പ്രതികാരത്തിന്റെ സൂചനജനങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ചാണ്. ഈ കൊലപാതകത്തിന്ശേഷം മുൻ ആർഎസ്എസ് പ്രവർത്തകൻ മേലാമുറിയിലെ ശ്രീനിവാസനും കൊല്ലപ്പെട്ടു. ഇതിനു പിന്നിൽ എസ്ഡിപിഐയാണെന്ന് ബിജെപി ആരോപിക്കുന്നു. ഇതിന്റെ സത്യാവസ്ഥയും പൊലീസ് അന്വേഷിച്ച് പുറത്തുകൊണ്ടുവരണം.

കഴിഞ്ഞ രാമനവമി നാളിൽ ഇന്ത്യയിലെമ്പാടും വർഗീയസംഘർഷം സൃഷ്ടിക്കാൻ നടത്തിയ ആർഎസ്എസ് ശ്രമത്തിന്റെ മറ്റൊരു പതിപ്പാണ് പാലക്കാട്ടും വിഷുദിനത്തിൽ കണ്ടതെന്ന് പറയാം.. മലയാളികൾ ഐശ്വര്യത്തിന്റെയും സമാധനത്തിന്റെയും ആഘോഷമായി വിശ്വസിക്കുന്ന വിഷുദിനത്തിൽതന്നെ പള്ളിക്ക് മുന്നിൽ വച്ച് കൊലപാതകം നടത്താൻ തെരഞ്ഞെടുത്തതും വർഗീയസംഘർഷം ലക്ഷ്യമിട്ടാണ്. നാട്ടിൽ കലാപം സൃഷ്ടിക്കാനാണ് ആർഎസ്എസ്, എസ്ഡിപിഐ സംഘങ്ങൾ കൊലക്കത്തിയുമായി നീങ്ങുന്നത്. വ്യാജപ്രചാരണം നടത്തി പ്രകോപനത്തിനും ശ്രമിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ തെറ്റുധരിപ്പിക്കുന്നു. ഇത്തരം വ്യാജ പ്രചാരണങ്ങളിൽ ജനങ്ങൾ അകപ്പെടരുത്. കലാപശ്രമത്തെ ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കേണ്ടതുണ്ട്.●

# ഇത് സൂചന സമരം ആളിപ്പടരും



**സമരത്തിന്റെ ഐതിഹാസിക വിജയത്തെക്കുറിച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം**

**കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ തൊഴിലാളി രോഷമാണ് 28, 29 തീയതികളിൽ രാജ്യത്തുയർന്നത്. മണിക്കൂറിൽ രാജ്യത്തുയർന്നത്. നാടിനെയും ജനങ്ങളെയും രക്ഷിക്കണമെന്ന മുദ്രാവാക്യവുമായി തെരുവിലേക്കിറങ്ങിയ തൊഴിലാളികളുടെ നിശ്ചയദാർഢ്യത്തിന് മുന്നിൽ അധികാര കേന്ദ്രങ്ങൾ ഞെട്ടിവിറച്ചു.**

**പണിമുടക്ക് നാടേറ്റെടുത്തു. സമരവിജയത്തെ എങ്ങനെ വിലയിരുത്തുന്നു ?**

**പണിമുടക്ക് രാജ്യത്താകമാനം ചലനമുണ്ടാക്കി.** വിവിധ സംസ്ഥാനങ്ങളിൽ ട്രെയിൻ തടയലടക്കം നടന്നു. കൽക്കരി മേഖല പൂർണമായും സ്തംഭിച്ചു. ബാങ്കിങ് – ഇൻഷുറൻസ് സെക്ടറിലെ ജീവനക്കാരും സ്കീം വർക്കേഴ്സും പണിമുടക്കി. കേരളത്തിൽ അസാധാരണമായ വിജയമാണ് പണിമുടക്കിനുണ്ടായത്. ആയിരം കേന്ദ്രങ്ങളിൽ തൊഴിലാളി കൂട്ടായ്മ സംഘടിപ്പിച്ചു. വലിയ ആവേശത്തോടെയാണ് തൊഴിലാളികൾ പണിമുടക്കിൽ പങ്കെടുത്തത്.

## വലിയ ജനക്കൂട്ടമാണ് സമരകേന്ദ്രങ്ങളിൽ ?

**സമരകേന്ദ്രങ്ങളിൽ വന്ന് കുറച്ച് സമയം** പങ്കെടുത്ത് പോകുന്നവർ പോലും രാത്രിയും സമരപ്പന്തലിലുണ്ടായി. തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. സർക്കാർ നയങ്ങൾക്കെതിരായ രോഷം തന്നെയാണ് പങ്കാളിത്തത്തിന് കാരണം. ഇത് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉയർന്നുവരുന്ന പുതിയ പ്രവണതയായി കണക്കാക്കാം. വർഗീയ, ഭിന്നിപ്പിക്കൽ നിലപാടുകളെ അതിജീവിച്ചുള്ള കൂട്ടായ്മ രാഷ്ട്രീയ രംഗത്തും ചലനം സൃഷ്ടിക്കും.

## കോടതികളുടെ ഇടപെടലിനെപ്പറ്റി ?

**ആഗോളവൽക്കരണ** കാലഘട്ടത്തിൽ ഇന്ത്യൻ ജുഡീഷ്യറി ഭരണകൂടത്തെ സഹായിക്കുന്ന നിലപാടിലേക്ക് മാറുന്ന പ്രവണതയുണ്ട്. മുമ്പെല്ലാം തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചു പാരമ്പര്യമുള്ള ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി തികച്ചും അസാധാരണമാണ്. തൊഴിലാളികളുടെ വാദംപോലും കേൾക്കാതെ ഏകപക്ഷീയമായി വിധി നൽകിയത് ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമാണ്. സർക്കാർ ജീവനക്കാർ പണിമുടക്കരുതെന്ന വിധിയും പണിമുടക്ക് നിരോധിച്ച നടപടിയും ഒട്ടും ന്യായീകരിക്കാനാകില്ല. നിയമവ്യവസ്ഥകൾ കാറ്റിൽപ്പറത്തിയുള്ള വിധിന്യായങ്ങൾക്കെതിരെ ഏപ്രിൽ 13ന് സംയുക്ത ട്രേഡ് യൂണിയൻ നേതൃത്വത്തിൽ ഹൈക്കോടതിക്ക് മുമ്പിൽ പ്രതിഷേധ സമരം സംഘടിപ്പിച്ചു. പ്രതിഷേധം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു ലക്ഷ്യം. കേസെടുത്താൽ ജയിൽവാസം വരിക്കാനായിരുന്നു. അതിന് സന്നദ്ധതയുള്ള ട്രേഡ് യൂണിയൻ വളന്റിയർമാരെ സംഘടിപ്പിച്ചായിരുന്നു സമരം.

## മാധ്യമ നിലപാട് ?എങ്ങനെ വിലയിരുത്തുന്നു

**മീഡിയ വൺ സംപ്രേഷണം** തടഞ്ഞത് ഭരണഘടനാവിരുദ്ധ നടപടിയാണെന്ന് ചൂണ്ടിക്കാട്ടി പ്രതിഷേധിച്ചത് കേരളത്തിലെ മതനിരപേക്ഷ ശക്തികളാണ്. രാഷ്ട്രീയ പാർടികൾ ഇക്കാര്യത്തിൽ ഒരേ നിലപാടെടുത്തു. ധാർമികമായ ഈ പിന്തുണ അവർക്കും ആത്മവിശ്വാസമുണ്ടാക്കിയിരുന്നു. ഇത് മാധ്യമങ്ങൾ നേരിട്ട പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ്. അത് തിരിച്ചറിയുന്നവർതന്നെ പണിമുടക്കിനെതിരായ ഹൈക്കോടതി വിധിയിൽ ആഹ്ലാദിച്ചത് ദൗർഭാഗ്യകരമാണ്. അവർ അമിതാധികാര പ്രയോഗത്തിന് കൂട്ടുനിന്നത് അപമാനകരവും. മാധ്യമപ്രവർത്തകരുടെ അവകാശം നിഷേധിക്കുന്നതാണ് ലേബർകോഡ്. ആ സാഹചര്യത്തിലും മാധ്യമപ്രവർത്തകർ മുമ്പില്ലാത്തവിധം തൊഴിലാളി വർഗത്തിന്റെ പ്രശ്നങ്ങളോട് മുഖംതിരിച്ചുനിൽക്കുന്നു. പണിമുടക്ക് പ്രചാരണം ആരംഭിച്ചശേഷം അതിനെക്കുറിച്ചോ പണിമുടക്കിനാധാരമായ വിഷയങ്ങളെക്കുറിച്ചോ വാർത്ത കൊടുക്കാനും ചർച്ച നടത്താനും ദേശാഭിമാനിയും കൈരളിയും ജനയുഗവുമൊഴികെയുള്ള ചാനലുകളും പത്രങ്ങളും ഒരുദിവസംപോലും തയ്യാറായില്ല. പണിമുടക്കുമൂലം എന്തെങ്കിലും പ്രയാസമുണ്ടായവരെ തെരഞ്ഞുപിടിച്ച് അവരുടെ പ്രശ്നം അവതരിപ്പിക്കാനാണ് ശ്രമിച്ചത്. മാധ്യമങ്ങൾ എത്രമാത്രം ഭരണകൂട നിലപാടുകൾക്ക് വിധേയമായി എന്നതിന്റെ തെളിവാണിതെല്ലാം.

## സമരം മുന്നോട്ടോ

**പണിമുടക്കിന് ശേഷമുള്ള** സാഹചര്യങ്ങൾ ദേശീയ ട്രേഡ് യൂണിയനുകൾ വിലയിരുത്തി തുടർന്ന് സ്വീകരിക്കേണ്ട നിലപാട് തിരുമാനിക്കും. ഇവിടെ വച്ച് അവസാനിപ്പിക്കുന്ന പ്രശ്നമില്ല.



## ദ്വിദിന പണിമുടക്ക്

# കേരളത്തിൽ പുതിയ പോരാട്ട ചരിത്രം

**ദ്വിദിന ദേശീയ പണിമുടക്കം കേരളത്തിലെമ്പാടും ചരിത്രവിജയമായി. വ്യവസായ കേന്ദ്രങ്ങളിൽ 29 ന് അർദ്ധരാത്രി 12 മണിക്കാണ് പണിമുടക്ക് അവസാനിച്ചത്. ബിജെപി സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ പ്രഖ്യാപിച്ച ചരിത്രപരമായ പണിമുടക്കിൽ പങ്കെടുത്ത ലക്ഷക്കണക്കിന് തൊഴിലാളികൾ പങ്കെടുത്തു. ഹൈക്കോടതി വിധിയെ തള്ളിക്കളഞ്ഞ് കേന്ദ്ര/സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും പണിമുടക്കിൽ അണിനിരന്നു. പണിമുടക്കിയാൽ പിരിച്ചുവിടുമെന്ന ഭീഷണിയെയും തൊഴിലാളികൾ അവഗണിച്ചു.**

കൊച്ചി റിഫൈനറിയിലെയും കാക്കനാട് സ്പെഷ്യൽ ഇക്കണോമിക് സോണിലെയും, പാലക്കാട് ബെമലിലെയും തൊഴിലാളികൾ ആവേശപൂർവ്വം പണിമുടക്കുകയായിരുന്നു. സംസ്ഥാനത്ത് 48 മണിക്കൂർ പ്രവർത്തിച്ച സമരകേന്ദ്രങ്ങൾ ബഹുജന സംഗമ കേന്ദ്രങ്ങളായി മാറി. പകലും രാത്രിയും വിവിധ സംഘടനകൾ ഓരോ സമര കേന്ദ്രത്തിലേക്ക് ഇരമ്പുന്ന മുദ്രാവാക്യം വിളികളുമായി അണിചേർന്നു. ആശ, അംഗൻവാടി, ഹെൽത്ത്മിഷൻ, സ്കൂൾ പാചകത്തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, മഹാഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ ഒരു പണിമുടക്കിലും കാണാത്തവിധം സജീവമായി പണിമുടക്കിൽ അണിനിരന്നു. കേരളത്തിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾ, നിർമാണ തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ, കയറ്റിറക്ക് തൊഴിലാളികൾ ബിഎംഎസ് ഉൾപ്പെടെ പണിമുടക്കി.

സംഘടിത വ്യവസായ ശാലകളായ കൊച്ചി റിഫൈനറി, ബെമൽ, കൊച്ചി കപ്പൽശാല, കൊച്ചി തുറമുഖം, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, എഫ്എസിറ്റി, ഐആർഇ, എച്ച്എംടി, എച്ച്ഒസി, ടിടിപി, കെഎംഎംഎൽ, ടിസിസി, ഓട്ടോകാസ്റ്റ്, സിൽക്ക് ഉൾപ്പെടെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളിൽ അവശ്യസർവ്വീസ് ഒഴിച്ച് 92 ശതമാനവും പണിമുടക്കി.

വൈദ്യുതി ബോർഡ്, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി തുടങ്ങിയ രംഗങ്ങളിൽ പണിമുടക്ക് പൂർണമായി. ഓഫീസർമാരും പണിമുടക്കിനോട് സഹകരിച്ചു.

സംഘടിത വ്യവസായങ്ങളായ എം.ആർ.എഫ്, അപ്പോളോ ടയേർസ്, സി.ഐ.ആർ.എൽ, ഹിന്റാൽകോ, പെൻബോൾ, ഇഎൻ, ജി.റ്റി.എൻ, കാർബോറാണ്ടം, അരൂർ വ്യവസായ മേഖല,എടയാർ, കളമശ്ശേരി, വാഴക്കുളം, ഐരാപ്പുരം, കോഴിക്കോട്, കഞ്ചിക്കോട് വ്യവസായ എസ്റ്റേറ്റുകളിലെ ആയിരത്തിലധികം വരുന്ന ചെറുകിട വ്യവസായ ശാലകളിലും പണിമുടക്ക് പൂർണമായിരുന്നു.

ബാങ്ക്, ഇൻഷൂറൻസ്, സഹകരണസ്ഥാപനങ്ങൾ, ബിഎസ്എൻഎൽ, എൽഐസി ജിഐസി എന്നീ സ്ഥാപനങ്ങളിൽ ഒന്നുപോലും രണ്ട് ദിവസം പ്രവർത്തിച്ചില്ല.

വൻ മാളുകളായ തിരുവനന്തപുരത്തെയും, എറണാകുളത്തെയും ലുലുമാൾ, ഒബ്റോൺ മാൾ, സെൻട്രൽ മാളുകൾ പ്രവർത്തിച്ചില്ല. വ്യാപാര വ്യവസായ സമിതി പണിമുടക്കിന് പൂർണ പിന്തുണ പ്രഖ്യാപിച്ച് രണ്ട് ദിവസവും




കടകൾ അടച്ചു. എന്നാൽ ഏകോപനസമിതി നേതൃത്വം 29 ന് തുറക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും കടകൾ അടഞ്ഞുതന്നെ കിടന്നു. പെട്രോൾ പമ്പുകൾ അടച്ച് സഹകരിച്ചു. സംസ്ഥാനത്ത് രണ്ടുദിവസമായി പ്രവർത്തിച്ച 1040 സമരകേന്ദ്രങ്ങളിലായി 635692 പേർ പങ്കെടുത്തത് വൻ വിജയമായി. അഞ്ചുമാസക്കാലം നീണ്ട അതിവിപുലമായ പ്രചരണമാണ് തൊഴിലാളികൾ പണിമുടക്ക് വിജയിപ്പിക്കാൻ ഏറ്റെടുത്തത്. സമര മുദ്രാവാക്യങ്ങളുടെ സർഗോത്സവം തൊഴിലാളികളുടെ സിദ്ധികൾ വിളിച്ചറിയിക്കുന്നതായി. കർഷകരും, കർഷകതൊഴിലാളികളും, യുവജനവിദ്യാർത്ഥി സംഘടനകളും, മഹിളാ സംഘടനകളും താഴെതലം വരെ പ്രകടനമായി എത്തി പണിമുടക്കിയ തൊഴിലാളികളെ അഭിവാദ്യം ചെയ്തു.

ആവേശഭരിതമായ ഈ കാലഘട്ടം തൊഴിലാളി–കർഷക ബഹുജന ഐക്യത്തിലൂടെ സമരങ്ങൾ പൂക്കേണ്ട കാലത്തെ വിളിച്ചറിയിക്കുന്നതായി മാറി.

## കേരളത്തിൽ 1.25 കോടി പേർ

കേന്ദ്ര ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ, ജനദ്രോഹ നയങ്ങൾക്കെതിരെ സംയുക്ത ട്രേഡ് യൂണിയൻ സമിതി ആഹ്വാനം ചെയ്ത ദ്വിദിന പണിമുടക്ക് കേരളത്തിൽ പൂർണം. 1.25 കോടി ജനങ്ങൾ തൊഴിൽമേഖല സ്തംഭിപ്പിച്ച് പണിമുടക്കിൽ 48 മണിക്കൂറും പങ്കെടുത്തതായി സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പറഞ്ഞു. ഹൈക്കോടതി നിർദേശപ്രകാരമുള്ള ഡയസ്നോൺ സർക്കാർ ജീവനക്കാർ തള്ളി. പണിമുടക്കിന്റെ രണ്ടാം ദിവസം സെക്രട്ടറിയറ്റിൽ ആകെയുള്ള 4829 ജീവനക്കാരിൽ 176 പേർ മാത്രമാണ് ജോലിക്കെത്തിയത്. സംസ്ഥാനത്താകെ സർക്കാർ സർവീസിലുള്ള 5.50 ലക്ഷം ജീവനക്കാരിൽ അവശ്യ സർവീസുകളായ പൊലീസ്, ആരോഗ്യം, ദുരന്ത നിവാരണ വിഭാഗം എന്നിവിടങ്ങളിലുള്ളവരൊഴികെ മുഴുവൻ പേരും പണിമുടക്കിൽ പങ്കാളികളായി.

# പണിമുടക്ക് അന്നും, ഇന്നും എന്നും പ്രസക്തം



കെ.എൻ.ഗോപിനാഥ്

**പണിമുടക്ക് തന്നെ തൊഴിലാളികൾ ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചു" എന്ന് വരെ വലിയ പ്രചരണത്തിന് വരേണ്യ വർഗത്തിന്റെ പിന്തുണ ലക്ഷ്യമാക്കി മാധ്യമചർച്ചകൾ സജീവമാകുകയാണ്. തുടർച്ചയായി അധ്വാനിച്ച് സമ്പത്തുണ്ടാക്കുന്ന തൊഴിലാളി വർഗം, അവരുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങൾ പരിഗണിക്കാൻ ഉടമവർഗം (സർക്കാർ, മാനേജ്മെന്റ്) തയ്യാറായില്ലെങ്കിൽ അവസാന ആയുധമായി പണിമുടക്കുകയല്ലാതെ മറ്റെന്താണ് പോംവഴി ? 12 ആവശ്യങ്ങൾ ഉന്നയിച്ച് പണിമുടക്ക് നോട്ടീസ് മുൻകൂട്ടി നൽകുന്നത് കണ്ണു തുറക്കേണ്ടവരെ സമ്മർദ്ദത്തിലാക്കാനും, ചർച്ചയിലൂടെ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാനും പണിമുടക്ക് ഒഴിവാക്കാനും ബന്ധപ്പെട്ടവർക്ക് അവസരം ലഭിക്കുവാനുമാണ്.**



**സ്വതന്ത്ര ഇന്ത്യയിലെ** 22ാമത്തെ ദേശീയ പണിമുടക്കായിരുന്നു മാർച്ച് 28, 29 ലെ ദ്വിദിന പണിമുടക്ക്. 1990 കളിൽ ആഗോള ഉദാരവൽക്കരണ നയങ്ങൾ ആരംഭിച്ചതിന് ശേഷം 21ാമത്തെ ദേശീയ പണിമുടക്കായി അറിയപ്പെടും. ദ്വിദിനദേശീയ പണിമുടക്കിൽ 25 കോടി തൊഴിലാളികൾ അണിനിരന്നതായ വിവരമാണ് ലഭിച്ചിട്ടുള്ളത്. അതായത് സർക്കാരിന്റെ കണക്കിൽപ്പെടുന്ന 58 കോടി തൊഴിലാളികളിൽ 43 ശതമാനം പണിമുടക്കിയെന്നാണ്.

ഈ കണക്കിനു പുറമെ, വിദ്യാർത്ഥികളും യുവജനങ്ങളും മഹിളകളും കർഷകരും കർഷകതൊഴിലാളികളും അടക്കം വലിയൊരു ജനസഞ്ചയം പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചപ്പോൾ അത് നരേന്ദ്രമോദി സർക്കാരിന്റെ ജനിവരുദ്ധ നയങ്ങൾക്കെതിരായ വലിയ താക്കീതായി മാറി. യുപി, ഹരിയാന, പഞ്ചാബ്, ബംഗാൾ, ഡൽഹി, ആസാം, ഒഡീഷ, ആന്ധ്ര, തെലുങ്കാന, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ പണിമുടക്ക് ശക്തമായതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. അനുദിനമെന്നോണം പെട്രോളിനും, ഡീസലിനും, പ്രകൃതിവാതകത്തിനും, വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ ജനങ്ങളുടെ പ്രതിഷേധം ഇക്കുറി കൂടുതൽ തീക്ഷ്ണമായിരുന്നു. കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, ബാങ്ക്, ഇൻഷ്വറൻസ്, ബിഎസ്എൻഎൽ തുടങ്ങിയ അതിവിപുലമായ മേഖലയിലും പണിമുടക്കിയ തൊഴിലാളികൾ തങ്ങളും പൊതുതൊഴിലാളി വർഗത്തിന്റെ ഭാഗമാണെന്ന നിലപാടിൽ ഉറച്ചു നിന്നു.

പൊതുവെ സമാധാനപൂർണമായിരുന്നു പണിമുടക്ക്. അവിടവിടെ പണിമുടക്കിയ തൊഴിലാളികൾ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനങ്ങൾക്കിടയിലേക്ക് വാഹനം ഓടിച്ചു വരാനും മറ്റുമായി ഒറ്റപ്പെട്ട ചില സംഭവവികാസങ്ങൾ ഒഴിവാക്കേണ്ടത് തന്നെയാണ്. പൊതു അവശ്യസർവീസുകൾ പണിമുടക്കിൽ നിന്നും ഒഴിവാക്കുകയുണ്ടായി. അതിന് പുറമെയാണ് ടൂറിസ്റ്റുകളുടെ യാത്ര, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഇവയും തടയാൻ പാടില്ല എന്ന കർശനമായ നിർദ്ദേശം ട്രേഡ് യൂണിയനുകൾ നൽകിയിരുന്നു. വ്യവസായശാലകളിൽ അത്യാവശ്യ സർവീസ് ഒഴിച്ചുള്ളവരാണ് പണിമുടക്കിയത്. ഇക്കാര്യങ്ങളൊന്നും കണക്കിലെടുക്കാതെ സർവീസ് മേഖലയിലും, കൊച്ചിറിഫൈനറി, ബെമൽ, സെപ്സ് തുടങ്ങിയ സ്ഥാപനങ്ങളിലും പണിമുടക്ക് നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി ഉത്തരവിറക്കി. നിയമാനുസൃതമായി പണിമുടക്ക് നോട്ടീസ് നൽകിയ സ്ഥാപനങ്ങളിൽ നിരോധനം പ്രഖ്യാപിച്ചു. ഹൈക്കോടതി ഉത്തരവ് ഏകപക്ഷീയവും പുന:പരിശോധിക്കേണ്ടതുമാണ്. ആസൂത്രിതമായി പ്രകോപനം സൃഷ്ടിക്കുവാൻ കോടതിയും മാധ്യമങ്ങളും രംഗത്തു വന്നതോടെ പണിമുടക്കിയ തൊഴിലാളികൾക്ക് വാശിയായി. മാധ്യമ സംസ്കാരത്തിന് നിരക്കാത്ത രീതിയിലുള്ള ആക്രമണം ഏഷ്യാനെറ്റ് ആവർത്തിച്ചുകൊണ്ടിരുന്നു. ജനകീയനും, തൊഴിലാളി നേതാവുമാണെന്ന് സ്വയം കൊട്ടിഘോഷിക്കാറുള്ള പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ പണിമുടക്കിനെ തള്ളിപ്പറഞ്ഞു. അതിന് മറുപടി ഐഎൻടിയുസി കൊടുക്കുകയും ചെയ്തു. ബി.എം.എസ്സിൽപ്പെട്ട തൊഴിലാളികൾ വരെ സഹകരിച്ച ഈ പണിമുടക്കം രാഷ്ട്രീയ പ്രേരിതമായിരുന്നില്ല.

> **ഉടമവർഗത്തിന്റേയും, ചങ്ങാത്ത മുതലാളിമാരുടെയും സിംഹാസനങ്ങൾ ഇളകിത്തെറിക്കുന്ന സമരങ്ങൾ പൂക്കേണ്ട കാലഘട്ടത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികളുംകർഷകരും കൈകോർക്കുന്ന അടുത്ത ഘട്ടം ബിജെപി പരവതാനി വിരിച്ച് സംരക്ഷിക്കുന്ന മൂലധന ശക്തികളുടെ കോട്ടകളെ തകർക്കുക തന്നെ ചെയ്യും.**

**ബിജെപി സർക്കാരിന്റെ ദോഷകരമായ നയങ്ങൾക്കെതിരെ പോരാടുമ്പോൾ ആ പോരാട്ടം തൊഴിലാളിവർഗം ഒറ്റക്കെട്ടായി നടത്തണം. എൽഐസിയെ സംരക്ഷിക്കാൻ എൽഐസി ജീവനക്കാർ മാത്രമായി കഴിയുമോ? കൊച്ചി റിഫൈനറിയായാലും അവർ മാത്രം പോരാ. പ്രതിരോധമേഖല, പൊതുമേഖല, ആസ്തിവില്പന, തൊഴിൽ നിയമഭേദഗതി എന്നിങ്ങനെ അതാതിടത്തെ ജീവനക്കാരുടെ ശക്തിമാത്രമായി കേന്ദ്രബിജെപി സർക്കാരിന്റെ നയം മാറ്റാൻ കഴിയുമോ? നിരവധി പ്രശ്നങ്ങൾ ഗവൺമെന്റിന്റെ നയങ്ങളെ തിരുത്തിക്കുന്നതിൽ കൂടി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് എല്ലാ മേഖലകളിലെയും തൊഴിലാളികളെ പൊതുവിൽ ബാധിക്കുന്ന അതിപ്രധാനമായ നയങ്ങൾക്ക് വേണ്ടിയുള്ള പണിമുടക്കുൾപ്പെടെയുള്ള പ്രക്ഷോഭങ്ങൾ ഏറ്റെടുക്കേണ്ടി വരും.**



എന്നാൽ "പണിമുടക്ക് തന്നെ തൊഴിലാളികൾ ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചു" എന്ന് വരെ വലിയ പ്രചരണത്തിന് വരേണ്യ വർഗത്തിന്റെ പിന്തുണ ലക്ഷ്യമാക്കി മാധ്യമ ചർച്ചകൾ സജീവമാകുകയാണ്. തുടർച്ചയായി അധ്വാനിച്ച് സമ്പത്തുണ്ടാക്കുന്ന തൊഴിലാളി വർഗം, അവരുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങൾ പരിഗണിക്കാൻ ഉടമവർഗം (സർക്കാർ, മാനേജ്മെന്റ്) തയ്യാറായില്ലെങ്കിൽ അവസാന ആയുധമായി പണിമുടക്കുകയല്ലാതെ മറ്റെന്താണ് പോംവഴി ? വല്ലപ്പോഴും അവസാന ആയുധമായി പണി നിർത്തി വെയ്ക്കുന്ന തൊഴിലാളി, 24 മണിക്കൂറും വർഷം മുഴുവൻ പണിയെടുത്ത് സമ്പത്ത് സൃഷ്ടിക്കുന്നവരാണ് എന്നത് ഓർമ്മ വേണം.

12 ആവശ്യങ്ങൾ ഉന്നയിച്ച് പണിമുടക്ക് നോട്ടീസ് മുൻകൂട്ടി നൽകുന്നത് കണ്ണു തുറക്കേണ്ടവരെ സമ്മർദ്ദത്തിലാക്കാനും, ചർച്ചയിലൂടെ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാനും പണിമുടക്ക് ഒഴിവാക്കാനും ബന്ധപ്പെട്ടവർക്ക് അവസരം ലഭിക്കുവാനുമാണ്. നിലവിലുള്ള ഇൻഡ്സ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പറയുന്ന അവകാശപ്രകാരമാണ് ട്രേഡ് യൂണിയനുകൾ പണിമുടക്ക് നോട്ടീസ് നൽകിയത്. പണിമുടക്കിൽ പങ്കെടുക്കുന്ന എല്ലാവിഭാഗം തൊഴിലാളികളും അവരുടെ പൊതുയോഗം പ്രത്യേകം പ്രത്യേകമായി ചേർന്ന് പണിമുടക്കുവാൻ തീരുമാനമെടുക്കുകയും, ആ വിവരം 14 ദിവസമുമ്പ് നിയമാനുസൃതമായി സർക്കാരിനെയും തൊഴിലുടമയെയും ബന്ധപ്പെട്ട കേന്ദ്രസർക്കാരിനെയും അറിയിക്കുകയും ചെയ്തിരുന്നു. "യാത്ര ഒഴിവാക്കുക, കടകൾ അടയ്ക്കുക, പണിമുടക്കുക" എന്നിങ്ങനെ പണിമുടക്കിന്റെ സന്ദേശം നാടെമ്പാടും തൊഴിലാളികൾ പ്രചരിപ്പിച്ചത്, വിവരം എല്ലാവരും അറിയാനാണ്. ഇത്തരം ഒരു സ്ഥിതി വിശേഷത്തിലേക്ക് കൂടെക്കൂടെ ലോകത്തെമ്പാടുമെന്നപോലെ ഇന്ത്യൻ തൊഴിലാളിവർഗത്തേയും എത്തിക്കുന്നത് ഭരണ വർഗത്തിന്റേയും മൂലധനശക്തികളുടെയും തുടരെത്തുടരെയുള്ള ആക്രമണമാണ്. തൊഴിലാളി പരിരക്ഷ ഉദ്ദേശിച്ച് ഇന്ത്യൻ പാർലമെന്റ് ചർച്ച ചെയ്ത് പാസാക്കിയ തൊഴിൽ നിയമങ്ങളെല്ലാം ഉടമകൾക്കനുകൂലമായി ഭേദഗതി ചെയ്തും പരമാവധി തൊഴിലാളികളെ നിയമ സംരക്ഷണത്തിൽ നിന്നും ഒഴിവാക്കാനുള്ള നീക്കം ബിജെപി ശക്തമാക്കി. അറുപത്ലക്ഷം കോടിരൂപയുടെ ആസ്തി ആറ്ലക്ഷം കോടിക്ക് വാടകക്ക് സ്വകാര്യമേഖലയ്ക്ക് നൽകുന്നു. എൽഐസി ഉൾപ്പെടെ എല്ലാപൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവൽക്കരിക്കുന്നു. മിനിമം വേജസ് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരത്തിനെ പരിമിതപ്പെടുത്തി ഒരു ദിവസം 202 രൂപ മാത്രം തറക്കൂലി നിശ്ചയിക്കാൻ അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാക്കി. സ്ത്രീകളും അസംഘടിതരുമായ മഹാഭൂരിപക്ഷം തൊഴിലാളികൾക്കും

യാതൊരു നിയമപരിരക്ഷയും ഉറപ്പു വരുത്തുന്നില്ല, ഇക്കാര്യങ്ങൾ തൊഴിലാളികൾ നിരവധി വർഷക്കാലം നിരന്തരമായി സർക്കാരിന്റെ മുന്നിൽ ആവശ്യം ഉയർത്തിയിട്ടും അത്തരം നിവേദനങ്ങൾ ചവറ്റുകുട്ടയിൽ തള്ളുന്ന സർക്കാർ നയങ്ങൾ അവസാനിപ്പിക്കുവാൻ പാർലമെന്റിലും തൊഴിലാളി പ്രതിനിധികളും, ഇടതുപക്ഷവും തുടർച്ചയായി ആവശ്യപ്പെട്ടിട്ടും പരിഗണിക്കാത്ത സർക്കാരിന്റെ മുന്നിൽ തൊഴിലാളിവർഗം അവസാന ആയുധമായാണ് പണിമുടക്കിലേക്ക് നീങ്ങുന്നത്. ഇത്തരം തർക്കങ്ങളും ഭിന്നനയങ്ങളും നിലനിൽക്കുന്ന കാലം ഇനിയും പണിമുടക്കായുധം തൊഴിലാളികൾക്ക് പുറത്തെടുക്കേണ്ടി വരും. പതിനൊന്ന് കേന്ദ്രതൊഴിലാളി സംഘടനകളും ദേശീയ ഫെഡറേഷനുകളും ഒറ്റക്കെട്ടായി നയങ്ങൾക്കെതിരായ പോരാട്ടത്തിലേക്ക് കടക്കുമ്പോൾ അത് ഇന്ത്യയിൽ തൊഴിലാളിവർഗ്ഗ പ്രക്ഷോഭ ചരിത്രത്തിൽ നൂതനമായ ഒരദ്ധ്യായമാണ് എഴുതിച്ചേർക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന് മുമ്പ് "ബ്രിട്ടൺ ഇന്ത്യ വിട്ടുപോകണം, ദേശീയ സ്വാതന്ത്ര്യസമരത്തെ ചോരയിൽ മുക്കിക്കൊല്ലരുത്. അറസ്റ്റ് ചെയ്ത സ്വാതന്ത്ര്യസമര നായകരെ വിട്ടയയ്ക്കുക" തുടങ്ങിയ മുദ്രാവാക്യം മുഴക്കിയ ഇന്ത്യയിലെ തൊഴിലാളികൾ, ഇന്ന് വർധിച്ച ട്രേഡ് യൂണിയൻ ഐക്യത്തിലൂടെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ പോരാട്ടത്തിന്റെ പാതയിൽ മുന്നേറുകയാണ്. ഉടമവർഗത്തിന്റേയും, ചങ്ങാത്ത മുതലാളിമാരുടെയും സിംഹാസനങ്ങൾ ഇളകിത്തെറിക്കുന്ന സമരങ്ങൾ പൂക്കേണ്ട കാലഘട്ടത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികളുംകർഷകരും കൈകോർക്കുന്ന അടുത്തഘട്ടം ബിജെപി പരവതാനി വിരിച്ച് സംരക്ഷിക്കുന്ന മൂലധന ശക്തികളുടെ കോട്ടകളെ തകർക്കുക തന്നെ ചെയ്യും.

## വിപുലമായ ഐക്യവും നിരന്തരമായ പോരാട്ടവും

ബിജെപി സർക്കാരിന്റെ ദോഷകരമായ നയങ്ങൾക്കെതിരെ പോരാടുമ്പോൾ ആ പോരാട്ടം തൊഴിലാളിവർഗം ഒറ്റക്കെട്ടായി നടത്തണം. എൽഐസിയെ സംരക്ഷിക്കാൻ എൽഐസി ജീവനക്കാർ മാത്രമായി കഴിയുമോ? കൊച്ചി റിഫൈനറിയായാലും അവർ മാത്രം പോരാ. പ്രതിരോധമേഖല, പൊതുമേഖല, ആസ്തിവില്പന, തൊഴിൽ നിയമഭേദഗതി എന്നിങ്ങനെ അതാതിടത്തെ ജീവനക്കാരുടെ ശക്തിമാത്രമായി കേന്ദ്രബിജെപി സർക്കാരിന്റെ നയം മാറ്റാൻ കഴിയുമോ? സ്കീം വർക്കർമാരുൾപ്പെടെ നാനാമേഖലയിലെ തൊഴിലാളികളുടെ വരുമാനത്തിന് നേരെയുള്ള, ജീവിതച്ചെലവുകൾ വർധിപ്പിക്കുന്ന ഇന്ധനവിലവർധനവിനെതിരെ, ഗവൺമെന്റിന്റെ സാമ്പത്തികനയങ്ങളെയും മറ്റ് തിരുത്തിക്കുന്നതിന് ഓരോ മേഖലയിലും തൊഴിലാളികൾ തുരുത്തുപോലെ നിന്നുകൊണ്ടോ നൂറുശതമാനം തൊഴിലാളികളുടെയും ഐക്യം ഉണ്ടായതുകൊണ്ടോ മാത്രം കഴിയുമൊ? ഈ പ്രശ്നം അതാത് ട്രേഡ് യൂണിയനുകളുടെ മുമ്പിൽ ഉയർന്നുവരുന്നുണ്ട്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നവർ പ്രശ്നങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്നവരാണ്. ആ ഒളിച്ചോട്ടം രാജ്യവിരുദ്ധ നയത്തിന് കീഴ്പ്പെടുന്നതിന് തൊഴിലാളികളെ തള്ളിവിടും. ഈ പ്രശ്നം ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ മുന്നിൽ അവതരിപ്പിക്കണം. അതിന്റെപുറത്ത് വലിയ വിവാദങ്ങൾ നടന്നോട്ടെ. വ്യത്യസ്ത വീക്ഷണങ്ങൾ സ്വാഭാവികമാണ്. ഒടുവിൽ തീരുമാനമെടുക്കുമ്പോൾ അത് സാമ്പത്തികസമരവും രാഷ്ട്രീയസമരവും തമ്മിലുള്ള ബന്ധം തുറന്ന് കാണിക്കാതിരിക്കാൻ പറ്റാതെ വരും. അതോടെ പ്രാഥമിക ട്രേഡ് യൂണിയൻ ബോധത്തിൽ നിന്നും വർഗബോധത്തിലേക്ക് മാറും. മിക്കവാറും തൊഴിലാളികൾ ട്രേഡ് യൂണിയനെ കാണുന്നത് തങ്ങളുടെ സാമ്പത്തിക സേവന വ്യവസ്ഥകളെപ്പറ്റി വിലപേശി ഒത്തുതീർപ്പുണ്ടാക്കുന്നതിന് വേണ്ടിയുള്ള ഒരുപകരണം എന്ന നിലയിലാണ്. ആ കടമ ട്രേഡ് യൂണിയൻ നിശ്ചയമായും ഏറ്റെടുക്കുക തന്നെ വേണം. എന്നാൽ എല്ലാ പ്രശ്നങ്ങളും തൊഴിലുടമയുമായി മാത്രം ചർച്ച ചെയ്ത് പരിഹാരം കാണാതെ വരുന്നതായാലോ? നിരവധി പ്രശ്നങ്ങൾ ഗവൺമെന്റിന്റെ നയങ്ങളെ തിരുത്തിക്കുന്നതിൽ കൂടി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് എല്ലാ മേഖലകളിലെയും തൊഴിലാളികളെ പൊതുവിൽ ബാധിക്കുന്ന അതിപ്രധാനമായ നയങ്ങൾക്ക് വേണ്ടിയുള്ള പണിമുടക്കുൾപ്പെടെയുള്ള പ്രക്ഷോഭങ്ങൾ ഏറ്റെടുക്കേണ്ടി വരും. രണ്ടുവിധ പോരാട്ടങ്ങളും സമാന്തരമായികൊണ്ടുപോകാനുള്ള കഴിവും കരുത്തും സാമർത്ഥ്യവും ട്രേഡ് യൂണിയനുകൾ ആർജ്ജിക്കുക എന്നത് പണിമുടക്കുൾപ്പെടെ തൊഴിലാളി പോരാട്ടങ്ങൾക്കെതിരെ ഉയർന്നു വരുന്ന മധ്യവർഗ, വരേണ്യ വർഗ വിമർശനങ്ങളുടെ ഇന്നത്തെ ഘട്ടത്തിൽ അതിപ്രധാനമാണ്.●

# സമര നിരോധനവും ദേശീയ അന്തർ ദേശീയ തൊഴിൽ നിയമങ്ങളും

**മാർച്ച് 28, 29 ന്റെ സമരം ബിപിസിഎൽ കൊച്ചിൻ, ബിഇഎംഎൽ പാലക്കാട്, സ്പെഷ്യൽ എക്കണോമിക് സോണുകൾ (SEZ) എന്നീ വ്യവസായ മേഖലക ളിൽ കേരള ഹൈക്കോടതി നിരോധിക്കുകയുണ്ടായി. കൂടാതെ കേരള സർ ക്കാർ ജീവനക്കാർ സമരത്തിൽ പങ്കെടുക്കുന്നതും കോടതി വിലക്കി. കോട തിയുടെ ഈ ഇടപെടലുകൾ തൊഴിലാളികൾക്കു സംഘടിപ്പിക്കാനും സമരം ചെയ്യാനും വില പേശാനുള്ള അവകാശത്തെ വീണ്ടും ചർച്ചാവിഷയമാക്കിയി രിക്കുകയാണ്.**

ഈ വിഷയത്തിന്റെ ദേശീയവും അന്തർദേശീയവുമായ നിയമങ്ങൾ ധാരണകൾ തുട ങ്ങിയവ ഒന്നു ചുരുക്കി പരിശോധിക്കാനാണ് ഈ കുറിപ്പിൽ ശ്രമിക്കുന്നത്. തൊഴിലാളി കൾക്കു സമരം ചെയ്യാനുള്ള നിയമപരമായ ചില അവകാശങ്ങൾ ലഭിച്ചത് വളരെക്കാല ത്തെ സമരങ്ങളിലൂടെ തന്നെയാണെന്നതും ശ്രദ്ധേയം ഒരു തൊഴിൽ ദാതാവ് അല്ലെങ്കിൽ മുതലാളി തൊഴിലാളികൾക്കു ന്യായമായി നൽകേണ്ടത് നൽകിയില്ലെങ്കിൽ സംഘടിപ്പിച്ച് സമരം ചെയ്യുകയല്ലാതെ അവനു മറ്റുമാർഗ്ഗവുമില്ല.

### സമരം ചെയ്യാനുള്ള അവകാശം അന്തർദേശീയ നിയമങ്ങൾ, ധാരണകൾ

International Covenant on Economic Social and Cultural Rights (ICESCR) എന്നത് യു.എൻ അംഗീകരിച്ചിട്ടുള്ള ഒരു അന്തർദേശീയ ഉടമ്പടിയാണ്. യു.എൻ ജനറൽ അസംബ്ലി അംഗീകരിക്കുന്നത് 16 ഡിസംബർ 1966 ലാണ്. നടപ്പിലായത് 3 ജനുവരി 1976 ലും ആണ്. ഇതിൽ ജനങ്ങളും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവ കാശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ തൊഴിലാളികളും അവകാശങ്ങളുംപെടും. ഈ ഉടമ്പടിയുടെ ആർട്ടിക്കിൾ 8(1) ഡി വകുപ്പ് അതാത് രാജ്യങ്ങളുടെ നിയമവ്യവസ്ഥക്ക നുസരിച്ച് സമരം ചെയ്യാനുള്ള തൊഴിലാളികളുടെ അവകാശം അംഗീകരിക്കണം എന്നു പറയുന്നുണ്ട്. ഐസിഇഎസ്ആറിന്റെ വകുപ്പ് '8' തൊഴിലാളികൾക്ക് സംഘടിക്കാനും, ട്രേഡ്യൂണിയനുകളും ഫെഡറേഷനുകളും രൂപീകരിക്കാനും, സമരം ചെയ്യാനും എല്ലാം ഉള്ള അവകാശങ്ങളെക്കുറിച്ചാണ്.

ലോകത്തെ 171 രാജ്യങ്ങൾ ഈ ഉടമ്പടി (ICESCR) അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യയും അംഗീ കരിച്ചിട്ടുണ്ട്. അതിനാൽ തന്നെ ഇന്ത്യയിലെ തൊഴിലാളികൾക്ക് സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശമുണ്ട്.

### ഐഎൽഒ കൺവൻഷനുകൾ

ഐഎൽഒയുടെ പല കൺവെൻഷനുകളും കമ്മിറ്റികളും സംഘടിപ്പിക്കാനും സമരം ചെയ്യാനുമുള്ള അവകാശം ഉറപ്പു നൽകുന്നുണ്ട്.

Freedom of Association and Protection of the Right to Organise Convention 1948 (No. 87) സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം അംഗീകരിക്കുന്നുണ്ട്. ഐഎൽഒ കൺവെൻഷനുകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള രണ്ടു കമ്മിറ്റികളാണ് കമ്മിറ്റി ഓഫ് ഫ്രീഡം ഓഫ് അസോസിയേഷൻ (1952)നും Committee of Experts on the Application of Conventions and Recommendations (1959) ഈ രണ്ടു കമ്മിറ്റികളും പലപ്പോഴും സമരം ചെയ്യാനുള്ള അവകാശം തൊഴിലാളികളുടെയും

അവരുടെ സംഘടനകളുടെയും മൗലിക അവകാശമാണെന്ന് പറഞ്ഞിട്ടുണ്ട്. സമരം ചെയ്യുമ്പോൾ പാലിക്കേണ്ട തത്വങ്ങളും ഈ കമ്മിറ്റികൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

"കമ്മിറ്റി ഓഫ് ഫ്രീഡം" (1957) മിന്റെ രണ്ടാം മീറ്റിങ്ങിൽ തന്നെ തൊഴിലാളികൾക്കു സമരം ചെയ്യാനുള്ള അവകാശം അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തികവും സാമൂഹികവുമായ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗമായി ഐഎൽഒ കമ്മിറ്റി സമരത്തെ അംഗീകരിച്ചിട്ടുണ്ട്. അന്യായമായ ശിക്ഷ സമരം ചെയ്ത തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കരുത്. സമരം ചെയ്യാൻ അവകാശം നിഷേധിക്കുന്ന മേഖലകളുടെ എണ്ണം കുറച്ചുകൊണ്ടുവരണം തുടങ്ങി പല നിർദ്ദേശങ്ങളും ഐഎൽഒ കമ്മിറ്റി വക്കുന്നുണ്ട്. ഏതൊക്കെ മേഖലകളിൽ സമരം ചെയ്യുന്നത് നിയന്ത്രിക്കാം തുടങ്ങിയ വിഷയങ്ങളും ഐഎൽഒ കൺവെൻഷനുകൾ പരാമർശിക്കുന്നുണ്ട്.

## മറ്റു രാജ്യങ്ങളിൽ

സമരം ചെയ്യാനുള്ള തൊഴിലാളികളുടെ അവകാശം അനേകം രാജ്യങ്ങൾ തൊഴിൽ നിയമങ്ങൾ വഴിയും ഭരണഘടനയിലൂടെയും അംഗീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് 'Inter–American Charter of Social Guarantees of 1948 (Articile 27)", 'European Social Charter of 1961 (Article 64)" 'Social and Cultural rights of 1988 Article 81 ...) തുടങ്ങിയവയെല്ലാം സമരം ചെയ്യാനുള്ള അവകാശം അംഗീകരിക്കുന്നുണ്ട്.

## ഇന്ത്യൻ നിയമങ്ങൾ

ഇന്റസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് (1947) സെക്ഷൻ 22, 23, 24 സമരത്തെക്കുറിച്ചും, നിയമപരമായ സമരം, നിയമവിധേയമായ സമരം എന്നിവയെക്കുറിച്ചാണ്. എന്തായാലും സമരത്തെ തൊഴിലാളികളുടെ അവകാശമായി ഐഡി ആക്ട് അംഗീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ "ട്രേഡ് യൂണിയൻ ആക്ട് 1926" ഉം സമരത്തെ തൊഴിലാളികളുടെ അവകാശമായി അംഗീകരിക്കുന്നുണ്ട്. ട്രേഡ് യൂണിയൻ ആക്ട് സെക്ഷൻ 18, 19 ഗ്രേഡ് യൂണിയനുകൾക്ക് സമരം ചെയ്യുന്നതിൽ നിയമപരമായ സുരക്ഷ നൽകുന്നുണ്ട്.

ഈ നിയമങ്ങൾ, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡാക്കി മാറ്റി വെള്ളം ചേർത്തു എന്നത് മറ്റൊരു വിഷയം.

ഐഡി ആക്ടിൽ പബ്ലിക് യൂട്ടിലിറ്റി സർവീസുകൾക്ക് സമരം ചെയ്യാൻ ഉണ്ടായിരുന്ന എല്ലാ നിബന്ധനകളും പുതിയ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിൽ എല്ലാ മേഖലകൾക്കും നിർബന്ധിതമാക്കി. സമരത്തിന് 60 ദിവസം നോട്ടീസ് തുടങ്ങി എല്ലാം, ഇൻഡസ്ട്രിയൽ ലേബർ കോഡും ചാപ്റ്റർ 8 സെക്ഷൻ 12 ലാണ് പുതിയ നിബന്ധനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

തൊഴിലാളി സമരങ്ങളെ സംബന്ധിച്ച് അന്തർദേശീയവും ദേശീയവുമായ നിയമപരമായ ചുരുക്കം ചില വിഷയങ്ങളാണ് മേൽ സൂചിപ്പിച്ചത്. എന്നാൽ ലോകത്തും ഇന്ത്യയിലും തന്നിട്ടുള്ള ചരിത്രപ്രധാനമായ ഒരു സമരവും നിയമപിന്തുണയോടെയല്ല നടന്നിട്ടുള്ള ചരിത്രപ്രധാനമായ ഒരു സമരവും നിയമം പിന്തുണയോടെയല്ല നടന്നിട്ടുള്ളത്. നിയമങ്ങൾ ലംഘിച്ചു തന്നെയാണ് മിക്ക സമരങ്ങളും നടന്നത്. സമീപകാലത്തു നടന്ന കർഷകസമരവും സർക്കാരിന്റെ എല്ലാ താക്കീതുകളെയും അവഗണിച്ചാണ് നടന്നത്. സമരങ്ങൾ വിജയിക്കുന്നത്. തൊഴിലാളികളുടെയും ജനങ്ങളുടെയാകെയും പിന്തുണയോടെയും കരുത്തോടെയും മാത്രമാണ്.

# കോടതികൾ തൊഴിലാളികളെയും പരിഗണിക്കണം : എളമരം കരീം

- തൊഴിലാളികൾക്കെതിരെ വിധി പറയാൻ കോടതികൾക്ക് പ്രത്യേക താൽപ്പര്യം
- പണിമുടക്കിന്റെ മുദ്രാവാക്യങ്ങൾ ഒരുവരി പോലും പ്രസിദ്ധീകരിക്കാതെ അപവാദപ്രചാരണവുമായി മാധ്യമങ്ങൾ രംഗത്തിറങ്ങി

എല്ലാവരുടെയും സംരക്ഷകരായിരിക്കണമെന്നും അധ്വാനിക്കുന്ന തൊഴിലാളികളുടെ വികാരം കണക്കിലെടുക്കണമെന്നും സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി പറഞ്ഞു. അവകാശം നിഷേധിക്കുന്ന വിധിക്കെതിരെ പ്രതിഷേധിക്കാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഭരണഘടന അവകാശങ്ങൾ ഉറപ്പാക്കാനുള്ള വേദിയാണ് കോടതികൾ. അതിന് വിരുദ്ധമായി കോടതികൾ അഭിപ്രായം പറഞ്ഞാൽ യോജിക്കാനാകില്ലെന്നും സംയുക്ത ട്രേഡ് യൂണിയൻ ഹൈക്കോടതിയിലേക്ക് സംഘടിപ്പിച്ച മാർച്ച് ഉദ്ഘാടനം ചെയ്ത് എളമരം പറഞ്ഞു.

അടുത്തകാലത്തായി തൊഴിലാളികൾക്കെതിരെ വിധി പറയാൻ കോടതി പ്രത്യേക താൽപ്പര്യം കാണിക്കുന്നു. പലതിലും തൊഴിലാളികളുടെയോ സംഘടനകളുടെയോ അഭിപ്രായം ചോദിക്കുന്നില്ല. മാർച്ച് 28, 29ലെ പണിമുടക്കിന് 14 ദിവസംമുമ്പ് എല്ലാ കമ്പനികളിലും നോട്ടീസ് നൽകി. എന്നാൽ, പണിമുടക്കിന് തലേന്നാണ് ബിപിസിഎൽ കമ്പനി മാനേജ്മെന്റ് കോടതിയിൽ പോയത്. തൊഴിൽത്തർക്കം ചർച്ചയിലിരിക്കെ പണിമുടക്കാൻ പാടില്ലെന്ന കമ്പനി വാദം കോടതി ഏകപക്ഷീയമായി അംഗീകരിച്ചു. കമ്പനിയെ മാത്രം മുഖവിലയ്ക്കെടുത്ത് വിധി പറയുന്നത് വിചിത്രമാണ്. പണിമുടക്കിയ തൊഴിലാളികളുടെ വേതനം പിടിക്കാനും മാനേജ്മെന്റ് തീരുമാനിച്ചു. ഇത് നടപ്പാക്കിയാൽ പ്രക്ഷോഭമുണ്ടാകും. പണിമുടക്കിന്റെ മുദ്രാവാക്യങ്ങൾ ഒരുവരിപോലും പ്രസിദ്ധീകരിക്കാത്ത മാധ്യമങ്ങൾ കേരളത്തിൽ മാത്രമാണ് പണിമുടക്കെന്ന് കള്ളം പ്രചരിപ്പിച്ചു. എന്നാൽ, രാജ്യം കണ്ട ഏറ്റവും വലിയ പണിമുടക്കിൽ വൻകിട സ്വകാര്യ കമ്പനികളിലടക്കം 90 ശതമാനം പേരും പണിമുടക്കി. മാധ്യമങ്ങളുടെ ഇത്തരം സമീപനം അംഗീകരിക്കാൻ കഴിയില്ലെന്നും എളമരം കരീം പറഞ്ഞു.

## എളമരം കരീമിനെ ആക്രമിക്കാൻ ഏഷ്യാനെറ്റ് ന്യൂസ് അവതാരകന്റെ ആഹ്വാനം

സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറിയും സിപിഐഎം കേന്ദ്രകമ്മിറ്റി അംഗവും എംപിയുമായ എളമരം കരീമിനെ ആക്രമിക്കാൻ ചാനൽ അവതാരകന്റെ ആഹ്വാനം. ഏഷ്യാനെറ്റ് ന്യൂസ് ചാനൽ അസോസിയേറ്റ് എഡിറ്റർ വിനു വി ജോണാണ് ചാനൽ ചർച്ചയിൽ എളമരം കരീമിനെ ആക്രമിക്കാൻ ആഹ്വാനം നടത്തിയത്. ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ, ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ, കിറ്റെക്സ് എംഡി സാബു ജേക്കബ് എന്നിവരെ പങ്കെടുപ്പിച്ച് നടത്തിയ ചർച്ചയ്ക്കിടയിലായിരുന്നു സംഭവം. 'എളമരം കരീമിന്റെ വാഹനം അടിച്ചു പൊട്ടിക്കണം, വാഹനത്തിലെ കരീമിന്റെ കുടുംബാംഗങ്ങളെ ഇറക്കിവിടണം. വണ്ടിയുടെ കാറ്റഴിച്ചു വിടണം. മുഖത്തടിച്ച് മൂക്കിൽ നിന്ന് ചോര വരുത്തിക്കണം' വിനു വി ജോൺ ചർച്ചയ്ക്കിടെ പറഞ്ഞു. ദ്വിദിന പണിമുടക്കിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ച എളമരം കരീം, പണിമുടക്കിനോടുള്ള മാധ്യമ പ്രവർത്തകരുടെ തെറ്റായ സമീപനം തുറന്നു കാട്ടിയിരുന്നു. ദേശീയ മാധ്യമങ്ങൾ നല്ല രീതിയിൽ റിപ്പോർട്ട് ചെയ്യുമ്പോൾ മലയാളം ചാനലുകൾ പണിമുടക്കിന്റെ ആവശ്യം മുൻനിർത്തി ഒരു ചർച്ച നടത്താൻ പോലും തയ്യാറായില്ലെന്ന് എളമരം കരീം കുറ്റപ്പെടുത്തി. ഇതിന്റെ അമർഷം എല്ലാം അന്തിമചർച്ചയിൽ പ്രകടമാക്കിയ വിനു വി ജോൺ ബോധപൂർവമാണ് ആക്രമണത്തിന് ആഹ്വാനം ചെയ്തതെന്ന് വ്യക്തം. ഇതിനെതിരെ തൊഴിലാളികൾ തിരുവനന്തപുരത്തെ ഏഷ്യാനെറ്റ് ന്യൂസ് ഓഫീസിനു മുന്നിൽ പ്രതിഷേധിച്ചു. ഏഷ്യാനെറ്റ് ന്യൂസിന്റെ നടപടിയിൽ ശക്തമായി പ്രതിഷേധിക്കുന്നതായും സംയുക്ത ട്രഡ് യൂണിയൻ സമര സമിതി പ്രസിഡന്റ് ആർ. ചന്ദ്രശേഖരനും കൺവീനർ കെ.പി രാജേന്ദ്രനും അറിയിച്ചു.

പണിമുടക്കിയ തൊഴിലാളികൾക്ക് റിഫൈനറി മാനേജ്മെന്റ് ശമ്പളം നൽകിയില്ലെങ്കിൽ, റിഫൈനറി തൊഴിലാളികൾ സ്തംഭിപ്പിക്കും എന്ന് എളമരം കരീം പ്രസംഗിച്ചതായി മനോരമയുടെ വക മറ്റൊരു നുണപ്രചരണം മാധ്യമ പരമ്പരയുടെ അടുത്ത എപ്പിസോഡാണ്. 2 ദിവസം പണിമുടക്കിയാൽ 16 ദിവസത്തെ ശമ്പളം പിടിച്ചുവയ്ക്കാൻ റിഫൈനറിക്ക് അവകാശമില്ല എന്നാണ് കൊച്ചിയിൽ എളമരം കരീം പ്രസംഗിച്ചത് – എങ്ങനെ പോകുന്നു മാധ്യമ ധർമ്മം ?

# പൊതുമേഖലയിൽ നിന്ന് സർക്കാരിനുള്ള ലാഭവീതം 57,601 കോടി

പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കാൻ ലക്ഷ്യമിടുന്ന കേന്ദ്രസർക്കാരിന് മാർച്ച് 31 ന് അവസാനിക്കുന്ന സാമ്പത്തികവർഷം ഇവയിൽ നിന്ന് ലാഭവീതമായി ലഭിച്ചത് ആകെ 57,601.74 കോടി രൂപ. അതേ സമയം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ വഴി 12,423.67 കോടി രൂപ മാത്രമാണ് ലഭിച്ചത്. ലാഭവീതവും ഓഹരി വിറ്റഴിക്കലും ചേർന്നാൽ മൊത്തം 70,025.41 കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് കേന്ദ്രനിക്ഷേപപൊതു ആസ്തി കൈകാര്യവകുപ്പ് (ദീപം) വ്യക്തമാക്കുന്നു. എഫ്.പി.ഒ വഴി ഒ.എൻ.ജി.സിയുടെ 1.5 ശതമാനം ഓഹരികൾ കൂടി വിറ്റഴിക്കുന്നുണ്ട്. ഇതുവഴി 3,000 കോടി രൂപ കൂടി സർക്കാരിന് ലഭിച്ചേക്കും കഴിഞ്ഞ സാമ്പത്തിക വർഷം എയർ ഇന്ത്യയുടെ സ്വകാര്യവൽക്കരണം മാത്രമാണ് പൂർത്തിയാക്കാനായത്. കടബാധ്യതയിൽ വലിയൊരു ഭാഗം ഏറ്റെടുക്കേണ്ടി വന്നതിനാൽ 2,700 കോടി രൂപ മാത്രമാണ് വരുമാനമായി സർക്കാരിന് ലഭിച്ചത്.

ഊർജമേഖലയിൽ നിന്നുള്ള കമ്പനികളാണ് ലാഭവീതത്തിന്റെ പകുതിയിലധികവും നൽകിയിട്ടുള്ളത്. എണ്ണയുത്പാദക കമ്പനികളായ ഒ.എൻ.ജി.സി, ഓയിൽ ഇന്ത്യ, വിതരണ കമ്പനികളായ, ബി.പി.സി.എൽ, ഐ.ഒ.സി, പവർഗ്രീസ് കോർപറേഷൻ, കോൾ ഇന്ത്യ, ഗെയിൽ, എൻ.ടി.പി.സി എന്നിവ ചേർന്ന് ഈ സാമ്പത്തിക വർഷം 32,240 കോടി രൂപ ലാഭവീതമായി സർക്കാരിന് നൽകിയിട്ടുണ്ട്.

2021 മാർച്ചിൽ നുമാലിഗഢ് റിഫൈനറി വിറ്റതുവഴി ലഭിച്ച വരുമാനത്തിൽ നിന്ന് ബി.പി.സി.എൽ ഒക്ടോബറിൽ പ്രത്യേക ലാഭവീതമായി 6665 കോടി രൂപ വേറെയും നൽകിയിട്ടുണ്ട്. ഇതടക്കം ബി.പി.സി.എൽ ആകെ 7.815 കോടി രൂപ കൈമാറി. കൊച്ചി കപ്പൽശാല 149 കോടി രൂപ നൽകിയിട്ടുണ്ട്. പൊതുമേഖലാ കമ്പനികളുടെ സ്വകാര്യവത്കരണത്തിലൂടെയും ഓഹരി വിൽപ്പനയിലൂടെയും നടപ്പു സാമ്പത്തിക വർഷം 1.75 ലക്ഷം കോടി രൂപ സമാഹരിക്കാനായിരുന്നു സർക്കാർ നേരത്തെ ലക്ഷ്യമിട്ടത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിൽപ്പന കാര്യമായി നടക്കാത്തതിനാൽ ഫെബ്രുവരി ഒന്നിനവതരിപ്പിച്ച ബജറ്റിലിത് 78,000 കോടി രൂപയായി ചുരുക്കി. എൽഐസി, ഐപിഒ ആയിരുന്നു വലിയ പ്രതീക്ഷ, റഷ്യ, യുക്രൈൻ യുദ്ധം വന്നതോടെ എൽഐസി, ഐപിഒ നീട്ടിവയ്ക്കേണ്ടി വന്നത് ഈ ലക്ഷ്യവും അപ്രാപ്യമാക്കി.

## എയർ ഇന്ത്യയുടെ മൂന്ന് ഉപകമ്പനികൾ വിൽപ്പനയ്ക്ക്

# ലക്ഷ്യമിടുന്നത് 16,000 കോടി

സ്വകാര്യവൽക്കരണം പൂർത്തിയാക്കിയ എയർ ഇന്ത്യയുടെ മൂന്ന് ഉപകമ്പനികൾ കൂടി വിറ്റഴിക്കാനൊരുങ്ങി കേന്ദ്രസർക്കാർ. എയർ ഇന്ത്യ എൻജിനീയറിംഗ് സർവീസസ്, എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവീസസ്, അലയൻസ് എയർ എന്നിവയാണ് വിൽക്കാൻ പദ്ധതിയിടുന്നത്. ഇതോടൊപ്പം മുംബൈ നരിമാൻ പോയിന്റിലുള്ള എയർ ഇന്ത്യ ബിൽഡിംഗും വിറ്റഴിച്ചേക്കും. ആകെ 16,000 കോടി രൂപയാണ് ഇവയുടെ വിൽപ്പനയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

എയർ ഇന്ത്യയെ ടാറ്റാ ഗ്രൂപ്പിനു കൈമാറിയപ്പോൾ ഈ ആസ്തികൾ എയർ ഇന്ത്യ അസറ്റ് ഹോൾഡിങ്ങ് എന്ന പ്രത്യേക കമ്പനിക്കു കീഴിലാക്കിയിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ വിൽപ്പന നടപടികൾക്കു തുടക്കമാകുമെന്നാണ് വിവരം. ഒരു വർഷത്തിനകം ഇടപാടുകൾ പൂർത്തായാക്കാനാണ് ലക്ഷ്യമിടുന്നത്. എൻജിനീയറിംഗ്, ഗ്രൗണ്ട് ഹാൻഡ്‌ലിങ്ങ് വിഭാഗങ്ങൾ ഒരുമിച്ച് ആദ്യം വിൽക്കാനാണ് നീക്കം. അതിനുശേഷമാകും അലയൻസ് എയറിന്റെയും എയർഇന്ത്യ ബിൽഡിംഗിന്റെയും വിൽപ്പന. ഏണസ്റ്റ് ആന്റ് യങ്ങിനെയാണ് ഈ ആസ്തികൾ വിൽക്കാനുള്ള ഉപദേശകരായി നിയോഗിച്ചിട്ടുള്ളത്. എയർ ഇന്ത്യ, എയർ ഇന്ത്യ എക്സ്പ്രസ്, എയർ ഇന്ത്യ സിങ്കപ്പൂർ എയർപോർട്ട് ടെർമിനൽ സർവീസസിന്റെ (എയർ ഇന്ത്യ സാറ്റ്സ്) 50 ശതമാനം ഓഹരികൾ എന്നിവ ജനുവരിയിൽ ടാറ്റ ഗ്രൂപ്പിന് കൈമാറിയിരുന്നു.

# സിപിഐ(എം) 23-ാം പാർടി കോൺഗ്രസ്സ്




# ഹിന്ദുത്വ വർഗീയത ചെറുക്കും

**മോദി സർക്കാരിന്റെ സഹായത്തോടെ രാജ്യത്ത് ശക്തിപ്പെടുന്ന ഹിന്ദുത്വ ഫാസിസ്റ്റ് ശക്തികളെ പരാജയപ്പെടുത്തണമെങ്കിൽ സിപിഐഎം ഉൾപ്പെടെയുള്ള ഇടതുപക്ഷം കരുത്താർജിക്കണം. അതിനുള്ള ചർച്ചകളും സമീപനങ്ങളുമാണ് സിപിഐ(എം)ന്റെ പാർടി കോൺഗ്രസിൽ ഉണ്ടായത്.**

ബിജെപിയെ ഒറ്റപ്പെടുത്തുകയും പരാജയപ്പെടുത്തുകയും ചെയ്യുക. അതിനായി യോജിച്ച പോരാട്ടം ഉയർത്തിക്കൊണ്ടു വരിക, എന്ന സന്ദേശത്തോടെയാണ് അഞ്ച് ദിവസമായി കണ്ണൂരിൽ ചേർന്ന സിപിഐഎമ്മിന്റെ 23ാം പാർടി കോൺഗ്രസ് സമാപിച്ചത്. സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ കേന്ദ്രമായ കയ്യൂരിന്റെയും കരിവെള്ളൂരിന്റെയും മൊറാഴയുടെയും മണ്ണിൽവെച്ചാണ് വർഗീയതയ്ക്കെതിരായ ശക്തമായ പോരാട്ടത്തിന് സിപിഐഎം ആഹ്വാനം ചെയ്തത്. സാമ്രാജ്യത്വത്തെ തോൽപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചത് കമ്മ്യൂണിസ്റ്റുകാരാണെങ്കിൽ വർഗീയതയെ തോൽപ്പിക്കുന്നതിലും അവർക്ക് നേതൃപരമായ പങ്കുവഹിക്കാനുണ്ടെന്ന ആഹ്വാനമാണ് പാർടി കോൺഗ്രസ് നടത്തിയത്. മതനിരപേക്ഷ ഇന്ത്യയെ, ഭരണഘടനയെ സംരക്ഷിക്കുന്നതിനോടൊപ്പം ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും കമ്മ്യൂണിസ്റ്റുകാരുടെ കടമയാണ്. എല്ലാ ഭരണഘടനാസ്ഥാപനത്തെയും വർഗീയവൽക്കരിക്കാനുള്ള നീക്കം തടയുകയും വേണം. ഹിന്ദുത്വ വർഗീയതയെ ആശയപരമായും രാഷ്ട്രീയപരമായും സംഘടനാപരമായും പരാജയപ്പെടുത്താൻ കഴിയുന്ന ഏകശക്തി സിപിഐ(എം) ഉം ഇടതുപക്ഷവുമാണ്. മൃദുഹിന്ദുത്വ സമീപനം സ്വീകരിക്കുന്ന കോൺഗ്രസ്സിന് തീവ്രഹിന്ദുത്വത്തെ പരാജയപ്പെടുത്താൻ കഴിയില്ലെന്ന് മാത്രമല്ല, അതിനെ വളർത്താനേ കഴിയൂ എന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ്, വർഗീയശക്തികൾ സിപിഐഎമ്മിനെ ഏറ്റവും പ്രധാനശത്രുവായിക്കണ്ട് പരാജയപ്പെടുത്താൻ ശ്രമിക്കുന്നത്.

മോദി സർക്കാരിന്റെ സഹായത്തോടെ രാജ്യത്ത് ശക്തിപ്പെടുന്ന ഹിന്ദുത്വ ഫാസിസ്റ്റ് ശക്തികളെ പരാജയപ്പെടുത്തണമെങ്കിൽ സിപിഐഎം ഉൾപ്പെടെയുള്ള ഇടതുപക്ഷം കരുത്താർജിക്കണം. അതിനുള്ള ചർച്ചകളും സമീപനങ്ങളുമാണ് സിപിഐ(എം)ന്റെ പാർടി കോൺഗ്രസിൽ ഉണ്ടായത്.




ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി യോജിച്ച സമരമുഖം തുറക്കാനും പാർടി കോൺഗ്രസ് തീരുമാനിച്ചു. കാർഷിക നിയമങ്ങൾക്കെതിരെ ഒരു വർഷം നീണ്ട സമരത്തിന് സമാനമായ സമരങ്ങൾ ഭാവിയിലും വളർത്തിക്കൊണ്ടുവരാനാണ് ആഹ്വാനം. കർഷകസമരത്തിന് നാന്ദികുറിച്ച ലോങ്ങ്മാർച്ച് നടത്തിയത് അഖിലേന്ത്യാ കിസാൻസഭയായിരുന്നു. അടുത്തവർഷം പാർലമെന്റിന്റെ ബജറ്റ് സമ്മേളനവേളയിൽ ലക്ഷക്കണക്കിന് വരുന്ന കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും സംയ്കുതമാർച്ച് നടത്താനും സമ്മേളനം ആഹ്വാനം ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്റ്റ് സമരശേഷിക്ക് ഒരു കോട്ടവും തട്ടിയിട്ടില്ലെന്ന് തെളിയിക്കുന്നതായിരിക്കും ഈ പ്രക്ഷോഭം. പാർലമെന്റിലെ സീറ്റിന്റെ ബലത്തിലല്ല, ജനകീയ പോരാട്ടങ്ങൾ വളർത്തിക്കൊണ്ടുവരാനുള്ള ശേഷിയുടെ അടിസ്ഥാനത്തിലായിരിക്കണം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കരുത്ത് അളക്കേണ്ടത് എന്നർത്ഥം.

പാർട്ടികോൺഗ്രസ് നൽകിയ മറ്റൊരു സന്ദേശം ഫെഡറലിസം സംരക്ഷിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെ യോജിപ്പിച്ച് സമരമുഖം തുറക്കുമെന്നതാണ്. പാർട്ടി കോൺഗ്രസിന്റെ ഭാഗമായി കഴിഞ്ഞദിവസം കണ്ണൂരിൽ നടന്ന സെമിനാർ അതിന്റെ ഭാഗമായി വേണം കരുതാൻ. തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിനും കേരള മുഖ്യമന്ത്രി പിണറായി വിജയനും എഐസിസി അംഗം കെ.വി.തോമസും ഈ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി. ഫെഡറലിസത്തിൽ ഊന്നുന്ന ഇന്ത്യൻ ഭരണഘടനയെ കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റി സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ അടിമകളാക്കാനുള്ള മോദി സർക്കാർ നീക്കത്തിനെതിരെയുള്ള സംസ്ഥാനങ്ങളുടെ രോഷമാണ് കണ്ണൂരിലെ സെമിനാറിൽ കണ്ടത്. എഫ്ആർബിഎം ആക്ടും ജിഎസ്ടിയും പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തുന്ന സെസുകളും ആസൂത്രണ കമ്മീഷനെ ഇല്ലാതാക്കിയതും മറ്റു സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ കൈകടത്തലല്ലാതെ മറ്റൊന്നുമല്ല.

പാർടി കോൺഗ്രസിന്റെ മറ്റൊരു പ്രത്യേകത കേരള മോഡൽ സജീവ ചർച്ചാവിഷയമായി എന്നുള്ളതാണ്. ജനക്ഷേമത്തിലും വികസനത്തിലും അടിസ്ഥാനമാക്കിയുള്ള പിണറായി സർക്കാരിന്റെ നടപടികൾ ഇന്ത്യക്കുതന്നെ മാതൃകയാണെന്നും സിപിഐഎം പാർട്ടി കോൺഗ്രസ് വിലയിരുത്തി. സിപിഐ(എം) പാർട്ടി കോൺഗ്രസ് കഴിഞ്ഞമുറക്ക് തന്നെ 13 രാഷ്ട്രീയ പാർട്ടികൾ ചേർന്ന് ഒപ്പുവച്ച പ്രസ്താവന; അനുദിനമെന്നോണം ബിജെപിയും ആർഎസ്എസും സംഘപരിവാറും നടന്നുകൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങളെ അപലപിക്കുന്നതും വർഗീയതയെക്കെതിരെയുള്ള ശക്തമായ മതനിരപേക്ഷപാർടികളുടെ താക്കീതുമായി മാറിയിരിക്കുകയാണ്. •

# പെട്രോൾ വില വർദ്ധനവ് ചില വസ്തുതകൾ



രാജ്യത്ത് പെട്രോളിന്റെയും, ഡീസലിന്റെയും ഗ്യാസിന്റെയും വില നിരന്തരമായി കുതിച്ചുയരുകയാണ്. ഇലക്ഷൻ കാലത്തു മാത്രം വില സ്ഥിരമായി നിൽക്കുന്ന പ്രതിഭാസവും കാണാൻ കഴിയും. സമീപകാലത്ത് യു.പി, പഞ്ചാബ് തുടങ്ങി അഞ്ച് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ച് ശേഷം പെട്രോളിയം ഉൽപ്പന്നങ്ങളുട വില ഉയർന്നിട്ടില്ല. എന്നാൽ ഇപ്പോൾ വീണ്ടും ഉയർന്നുകൊണ്ടിരിക്കുകയാണ്.

പെട്രോൾ ഡീസൽ, പാചകവാതക വിലകൾ ആഗോള വൽക്കരണ കാലം വരെ കേന്ദ്രസർക്കാർ പൂർണമായി നിയന്ത്രിച്ചിരുന്നു. പെട്രോൾ, ഡീസൽ വിലകൾ ഉയർന്നാൽ മറ്റു അവശ്യ വസ്തുക്കളുടെയും വില കമ്പോളത്തിൽ ഉയരും. അക്കാരണത്താലാണ് പെട്രോൾ ഡീസൽ വിലകൾ കേന്ദ്രസർക്കാർ കൾനമായി നിയന്ത്രിച്ചിരുന്നത്. എന്നാൽ ആഗോളവൽക്കരണം കെട്ടഴിച്ചുവിട്ടതോടെ എല്ലാം കമ്പോളത്തിനു വിട്ടുകൊടുത്തതിന്റെ ഭാഗമായി, പെട്രോൾ, ഡീസൽ, ഗ്യാസും വിലകളും കമ്പോളത്തിനും വിട്ടുകൊടുത്തു. കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരുകൾ നടപ്പാക്കി തുടങ്ങിയ ഈ നയം ബിജെപി സർക്കാരുകൾ കൂടുതൽ വേഗത്തിലും തീഷ്ണതയോടെയും നടപ്പാക്കുകയാണ്.

**അതിസമ്പന്നരിൽ നിന്നും കോർപറേറ്റുകളിൽ നിന്നും കൂടുതൽ നികുതി പിരിച്ച് അതിൽ നിന്ന് ക്ഷേമ പദ്ധതികൾക്കുള്ള ഫണ്ട് കണ്ടെത്തുകയായിരുന്നു യഥാർഥത്തിൽ സർക്കാർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ പാവപ്പെട്ടവരിൽ നിന്നും ഇടത്തരക്കാരിൽ നിന്നും വലിയ നികുതി പിരിച്ചശേഷം അതവരുടെ 'ക്ഷേമ'ത്തിന് നൽകുന്ന തന്ത്രമാണ് മോദി സർക്കാർ ചെയ്യുന്നത്.**



| | പെട്രോൾ വില | ഡീസൽ വില | പാചകവാതക വില |
|---|---|---|---|
| ആഗോള വൽക്കരണത്തിന് മുമ്പ് | 9.8 രൂപ | 4.8 രൂപ | 55.50 രൂപ |
| 2014 ൽ ബിജെപി വന്നപ്പോൾ | 71.40 | 55.49 | 410.00 |
| 13 ഏപ്രിൽ 2022 (കൊച്ചി) | 115.07 | 102.06 | 956.50 |

മേൽ ചാർട്ടിൽ നിന്നും ജനങ്ങളുടെ അവശ്യവസ്തുക്കളുടെ ഗണത്തിൽപ്പെടുത്താവുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ തോത് മനസ്സിലാവും. പെട്രോൾ വില 50 രൂപയാക്കും എന്നു പറഞ്ഞാണ് 2014 ൽ മോഡി അധികാരത്തിലെത്തുന്നത്.

ഈ വില വർദ്ധനവിന്റെ കാരണം കമ്പോളം മാത്രമല്ല കേന്ദ്രസർക്കാർ കുത്തനെ ഉയർത്തിയ നികുതികളും ആണ്.

| കേന്ദ്രനികുതി | മൊത്തം | |
|---|---|---|
| | മേയ് 2011 | നിലവിൽ |
| പെട്രോൾ | 9.20 | 26.90 |
| ഡീസൽ | 3.46 | 21.80 |

കേന്ദ്രനികുതിയുടെ ഘടകങ്ങൾ കൂടി പരിശോധിച്ചാലെ കേന്ദ്രം നടത്തുന്ന കൊള്ളയുടെ രൂപം മനസ്സിലാകൂ.

| | പെട്രോൾ | ഡീസൽ |
|---|---|---|
| ബെസിക് എക്സൈസ് ഡ്യൂട്ടി | 1.40 | 1.80 |
| റോഡ് സെസ് | 13.00 | 8.00 |
| സ്പെഷ്യൽ അഡീഷണൽ | | |
| എക്സൈസ് ഡ്യൂട്ടി | 11.00 | 8.00 |
| അഗ്രികൾച്ചറൽ സെസ് | 2.50 | 4.00 |
| മൊത്തം | 27.90 | 21.80 |

ഇതിൽ ബെസിക് എക്സൈസ് ഡ്യൂട്ടി




മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടത്. മറ്റ് മൂന്ന് ഘടകങ്ങളും സംസ്ഥാനങ്ങളുമായി പങ്കുവക്കേണ്ടതില്ല. ബേസിക് എക്സൈസ് ഡ്യൂട്ടിയുടെ 41% എല്ലാ സംസ്ഥാനങ്ങൾക്കുമായി പങ്കുവക്കുന്നു. 59% കേന്ദ്രം തന്നെ എടുക്കുന്നു. സംസ്ഥാനങ്ങളുമായി പങ്കു വക്കുന്നതിലും കേരളത്തിന്റെ സ്ഥിതി മോശമാണ്. 11ാം ധനകാര്യ കമ്മീഷൻ നിർദ്ദേശമനുസരിച്ചും സംസ്ഥാനങ്ങൾക്ക് പങ്കുവക്കുന്ന വിഹിതത്തിന്റെ 1.925% മാത്രമാണ് ലഭിക്കുന്നത്. കേരളത്തിന്റെ പങ്ക് 3.92% ആയിരുന്നത് 14ാം ധനകാര്യ കമ്മീഷൻ 2.5% ആയും 15ാം കമ്മീഷൻ 1.925% ആയി കുറവ്

ചെയ്തു. മനുഷ്യവിഭവശേഷി കുറച്ചൊന്നുയർന്ന തിനു കേരളത്തിനു കിട്ടിയ ശിക്ഷ.

പെട്രോളിന്റെ ബേസിക് എക്സൈസ് ഡ്യൂട്ടി 2014ൽ 9.48 ആയിരുന്നത് കുറച്ച് Rs. 1.4 ആക്കി. സംസ്ഥാനങ്ങൾക്ക് നൽകേണ്ട പങ്ക് കുറച്ചും എന്നാൽ സംസ്ഥാനങ്ങളുമായി പങ്കു വെക്കേണ്ടാത്ത നികുതി ഘടകങ്ങൾ കുത്തനെ ഉയർത്തി ഡീസലിനും അതേ നയമാണ് സ്വീകരിച്ചിരിക്കുന്നത്. 2014ൽ Rs. 3.50 ആയിരുന്ന ഡീസലിന്റെ എക്സൈസ് ഡ്യൂട്ടി ഇന്നിപ്പോൾ Rs. 1.8 ആയി കുറച്ചു. എന്നാൽ സംസ്ഥാനങ്ങളുമായി പങ്കുവെ ക്കേണ്ടാത്ത മൊത്തം നികുതി Rs. 20 ആണ്.

പെട്രോളും ഡീസലും ജിഎസ്ടിയിൽ ഉൾ പ്പെടാത്ത ചരക്കുകളാണ്. അതിന് നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് മാത്രമാണ് അവകാശം. കേന്ദ്രത്തിന് ചെറിയ തുകകളും മറ്റും സെസ്സ് ഇടാനേ അവകാശമുള്ളു. എന്നാൽ കേന്ദ്രം ഇപ്പോൾ വിവിധ ഇനങ്ങ ളിലായി സംസ്ഥാനങ്ങൾ ഈടാക്കുന്നതിൽ കൂടുതൽ നികുതിയാണ് ഈടാക്കുന്നത്.

കേരളം പെട്രോളിന് ഈടാക്കുന്നത് 30.08% സെയിൽ ടാക്സും ഒരു രൂപ അഡീ ഷണൽ സെയിൽ ടാക്സും 1% സെസും ആണ്. ഡീസലിന് ഈടാക്കുന്നത് 22.76% സെയിൽ ടാക്സും ഒരു രൂപ അഡീഷണൽ സെയിൽ ടാക്സും 1% സെസും ആണ്. കേരളം സെയിൽ ടാക്സ് ഈടാക്കുന്നത് പെട്രോളിന്റെ അടിസ്ഥാനവില, കേന്ദ്ര നി കുതികൾ, ട്രാൻസ്പോർട്ടേഷൻ ചെലവ് എന്നിവ കൂട്ടിയ തുകയിലാണ്. അതേ രീതിയാണ് ഡീസലിനും. കേരളത്തിന്റെ നി കുതികൾ ഇപ്പോഴും കേന്ദ്രം ഈടാക്കുന്നതി ലും കുറവാണ്.

| മറ്റു ചില സംസ്ഥാനങ്ങളിലെ വിലയും | കേരളത്തിലെ വിലയും |
|---|---|
| ബീഹാർ | 116.23 |
| കർണ്ണാടക | 110.66 |
| മധ്യപ്രദേശ് | 118.16 |
| മഹാരാഷ്ട്ര | 118.36 |
| രാജസ്ഥാൻ | 118.03 |
| തെലങ്കാന | 119.49 |
| പശ്ചിമ ബംഗാൾ | 115.12 |
| കേരളം | 115.37 |




കേരളത്തിലെ വില ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തു മ്പോൾ കുറവാണ്. 2010നുശേഷം കേരളം പെട്രോൾ നികുതി നിരക്ക് വർധിപ്പിച്ചിട്ടേയില്ല.

ഇന്ത്യയുടെ സമീപ രാജ്യങ്ങളേക്കാൾ ഇന്ത്യ യിലെ വില കൂടുതലാണെന്ന് കാണാം.

| മറ്റു രാജ്യങ്ങളിലെ വിലയും ഇന്ത്യയിലെ വിലയും | യുഎസ് ഡോളർ |
|---|---|
| പാകിസ്ഥാൻ | 0.84 |
| അഫ്ഗാനിസ്ഥാൻ | 0.88 |
| ശ്രീലങ്ക | 1.03 |
| ബംഗ്ലാദേശ് | 1.04 |
| നേപ്പാൾ | 1.22 |
| ക്യൂബ | 1.26 |
| ബ്രസീൽ | 1.29 |
| ഇന്ത്യ | 1.34 |

### ഭാരം ചുമക്കുന്നത് പാവപ്പെട്ടവർ

ഡീസൽ പമ്പുസെറ്റുകളും ട്രാക്റ്ററുകളും സ്വ ന്തമായുള്ള കർഷകരും ഇരുചക്രവാഹന, കാർ ഉടമകളും ഓട്ടോ, ടാക്സി ഡ്രൈവർമാരും സ്ഥിരം യാത്രചെയ്യേണ്ടിവരുന്നവരും വീട്ടമ്മമാരുമാണ് ഈ നികുതിയുടെയെല്ലാം ഭാരം ചുമക്കുന്നത്. 2020'21 സാമ്പത്തികവർഷത്തിൽ ലക്ഷക്കണ ക്കിന് ഉപഭോക്താക്കൾ ചേർന്ന് ഇന്ധന നികു തിയിനത്തിൽ 4,55,069 കോടിയാണ് കേന്ദ്രസർ ക്കാരിന് നൽകിയത് (2,17,650 കോടി സംസ്ഥാന

പെട്രോളിയം മേഖലയിൽ നിന്നും കേന്ദ്ര സർക്കാരിന് 2014 മുതൽ ലഭിച്ച നികുതി വരുമാനം ഞെട്ടിക്കുന്നതാണ്.

| വർഷം | നികുതി വരവ് |
|---|---|
| 2014 - 15 | 1,72,065 |
| 2015 - 16 | 2,54,297 |
| 2016 - 17 | 3,35,175 |
| 2017 - 18 | 3,36,163 |
| 2018 - 19 | 3,48,041 |
| 2019 - 2020 | 3,34,315 |
| 2020-21 | 4,55,069 |
| 2021 - 22 | 4,16,794 |
| **ആകെ** | **26,51,919** |




സർക്കാരുകൾക്കും). ഇക്കാലയളവിൽ 142 ശത കോടീശ്വരന്മാരുടെ സമ്പത്ത് 23,14,000 കോടി യിൽനിന്ന് 53,16,000 കോടിയായി വളർന്നു. മുപ്പ തുലക്ഷം കോടിയുടെ വളർച്ച!

**പാവപ്പെട്ടവരിൽനിന്നും ഇടത്തരം കു ടുംബങ്ങളിൽനിന്നും നികുതിയിനത്തിൽ വലിയ തുക പിരിച്ചെടുത്തശേഷം അതേ തുക അവരുടെ തന്നെ 'ക്ഷേമ'ത്തിനായി നൽകുകയാണ് കേന്ദ്രസർക്കാർ ചെ യ്യുന്നത്. 2020 മുതൽ ക്ഷേമത്തുകകൾ നേരിട്ട് ബാങ്കിൽ നൽകുന്നയിനത്തിൽ എത്ര തുകയാണ് നൽകിയിട്ടുള്ളത്?**

സൗജന്യ ഭക്ഷ്യധാന്യങ്ങൾ (രണ്ടുവർഷ ത്തിൽ 2,68,349 കോടി), വീട്ടമ്മമാർക്ക് ഒറ്റത്ത വണ അലവൻസ് (30,000 കോടി), കർഷകർക്ക് വർഷം ആറായിരം രൂപ (50,000 കോടി).

ഇവയെല്ലാം ചേർത്താലും ക്ഷേമപദ്ധതി കൾക്കായി നൽകുന്ന തുക ഒരു വർഷം 2.25 ലക്ഷം കോടി കവിയില്ല. ഇന്ധനനികുതിയിന ത്തിൽ മാത്രം കേന്ദ്രസർക്കാരിന് ലഭിക്കുന്ന തു കയേക്കാൾ എത്രയോ കുറവാണ്.

# മെയ്ദിനത്തിൽ എൽഐസി സംരക്ഷണ പ്രതിജ്ഞ

2022 ലെ മെയ്ദിനം (മെയ് 1) സമുചിതമായാചരിക്കാൻ സിഐടിയു തയ്യാറെടുക്കുകയാ ണ്. യോജിക്കാൻ സന്നദ്ധരാവുന്ന ട്രേഡ് യൂണിയനുകളുമായി ആലോചിച്ച് സംയുക്തമായി പരിപാടി സംഘടിപ്പിക്കും.

ഓരോ ജില്ലയിലും പരമാവധി കേന്ദ്രങ്ങളിൽ നല്ല തൊഴിലാളി പങ്കാളിത്തത്തോടെ മെയ്ദിന റാലികളും പൊതുസമ്മേളനവും നടക്കും.

ഈ വർഷത്തെ മെയ്ദിനത്തിൽ "എൽഐസി സ്വകാര്യവൽക്കരിക്കരുത്" എന്ന മുദ്രാ വാക്യം ഉയർത്തുകയാണ്. എൽഐസിയെ സംരക്ഷിക്കണമെന്ന ലഘുലേഖ വ്യാപകമായി പ്രചരിപ്പിക്കും. എല്ലാ കേന്ദ്രങ്ങളിലും എൽഐസി പോളിസി ഉടമകളെ സംഘടിപ്പിച്ചണിനിര ത്തുകയാണ് ലക്ഷ്യം. എൽഐസി, ജിഐസി ജീവനക്കാരെയും, എൽഐസി ഏജന്റുമാരെ യും മുൻനിർത്തിയാണ് മറ്റ് തൊഴിലാളികളും ചേർന്ന് പ്രതിജ്ഞ ചൊല്ലുന്നത്.

മെയ്ദിനാചരണ പരിപാടികളിൽ സിഐടിയുവിൽ അഫിലിയേറ്റ് ചെയ്ത എല്ലാ ട്രേഡ് യൂ ണിയനുകളെയും പങ്കാളികളാകും. അതോടെ എൽഐസി സംരക്ഷിക്കാൻ കേരളം ഒറ്റക്കെ ട്ട്, പീപ്പിൾ ഫോർ എൽഐസി എന്ന പ്രസ്ഥാനത്തിന്റെ പ്രചരണത്തിന് തുടക്കമാകും.

# പ്രതിസന്ധികൾ നേരിട്ട് തൊഴിലാളി വർഗ്ഗ പ്രസ്ഥാനം രൂപം പ്രാപിക്കുന്നു



എൻ.പത്മലോചനൻ

**ഇംഗ്ലണ്ടിലെ തൊഴിലാളികൾക്ക് കടുത്ത ചൂഷണത്തിനു വിധേയമാക്കിയിരുന്ന ബൂർഷ്വാസിയുടെ സമീപനങ്ങളിൽ നിന്നും എങ്ങനെ രക്ഷപ്പെട്ട് സ്വന്തം ആഗ്രഹങ്ങൾ എങ്ങനെ കൈപിടിയിലെത്തിക്കാം എന്നതിനെപ്പറ്റി ഒരു ധാരണയും ഉണ്ടായിരുന്നില്ല. എല്ലാ അധികാരങ്ങളും സമ്പത്തും ഭരണകൂടത്തിന്റെ കൈകളിൽ നിക്ഷിപ്തമായിരുന്നു. നിലവിലുള്ള സാഹചര്യങ്ങളെ മാറ്റാൻ ബൂർഷ്വാസിയെ തങ്ങളുടെ സർവ്വപ്രധാന എതിർശക്തിയായി കാണാൻ തൊഴിലാളികൾ തയ്യാറായി.**



ഇംഗ്ലണ്ടിലെ തൊഴിലാളികൾക്ക് 1220 കളിൽ സുഖകരമായ ഒരു ജീവിതം കഴിക്കാൻ കഴിയുന്ന സാഹചര്യം ഗ്രേറ്റ് ബ്രിട്ടണിൽ നിലനിന്നിരുന്നില്ല. ഒരു മനുഷ്യജീവിയായി ചിന്തിക്കാൻ പോലും ഉള്ള അവസരം അന്നവിടെ നിലനിന്നിരുന്നില്ല. നിലനിന്നിരുന്ന ക്രൂരമായ സാഹചര്യങ്ങളിൽ നിന്നും എങ്ങിനെ രക്ഷപ്പെടാം എന്നതാണ് അന്ന് അവരെ ചിന്തിപ്പിച്ചത്. എല്ലാ അധികാരങ്ങളും സമ്പത്തും ഭരണകൂടത്തിന്റെ കൈകളിൽ നിക്ഷിപ്തമായിരുന്നു. നിലവിലുള്ള സാഹചര്യങ്ങളെ മാറ്റാൻ ബൂർഷ്വാസിയെ തങ്ങളുടെ സർവ്വപ്രധാന എതിർശക്തിയായി കാണാൻ തൊഴിലാളികൾ തയ്യാറായി.

തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗപരമായ എതിർപ്പ് ഒറ്റപ്പെട്ട കുറ്റകൃത്യങ്ങൾ വഴി നിലനിൽക്കില്ലെന്ന് തൊഴിലാളികൾ മനസ്സിലാക്കാൻ തുടങ്ങി. തൊഴിലാളി വർഗ്ഗത്തിന്റെ മുഖ്യമായ ലക്ഷ്യം തങ്ങളുടെ അദ്ധ്വാനത്തിന്റെ കൂലി മുതലുടമകളെ കൊണ്ട് നിശ്ചയിപ്പിക്കുക എന്നതായിരുന്നു. ലാഭവർദ്ധനവിനെതുടർന്ന് കൂലിവർദ്ധനവ് നൽകാൻ മുതലുടമകളെ നിർബന്ധിതരാക്കുക എന്നതായിരുന്നു. ദേശീയതലത്തിൽ ഒരേ ജോലിക്ക് ഒരേ കൂലി എന്നതായിരുന്നു സമീപനം. മറ്റൊരു പ്രധാന ആവശ്യം അപ്രന്റീസുകളെ പരിമിതപ്പെടുത്തുക. അതുവഴി വേതനം ഉയർത്തി നിർത്തുക എന്നതും തൊഴിലാളാകളുടെ എണ്ണം വർദ്ധനവും ആയിരുന്നു. അതേസമയം മുതലുടമകളാകട്ടെ കൂലിഭാരം കുറയ്ക്കാൻ ഉല്പാദന രംഗത്ത് പുതിയ ഉപകരണങ്ങളും യന്ത്രങ്ങളും സ്ഥാപിക്കുക എന്ന സമീപനം കൈക്കൊണ്ടു. അതുവഴി തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ചെറിയ സാമ്പത്തികസഹായവും നൽകി വന്നു. നേരിട്ട് തൊഴിൽ ലഭിക്കുന്നവരെ കൂടാതെ തൊഴിലെടുക്കാൻ അർഹതയുള്ളവർക്ക് അർഹതാകാർഡ് നൽകുകയും അതുവഴി അവരെ സാമൂഹ്യ വ്യക്തിത്വം ഉള്ളവരായി അംഗീകരിക്കുകയും ചെയ്തു.




**തൊഴിൽ ഉള്ളവരുടെ സഹായത്തോടുകൂടി തൊഴിൽ അന്വേഷകരുടെ ഒരു സൊസൈറ്റിക്ക് രൂപം നൽകി. രണ്ടുപേരെ അതിന്റെ സെക്രട്ടറിയും പ്രസിഡന്റുമായി നിശ്ചയിച്ചു. അവർക്കുള്ള സാമ്പത്തികസഹായം തൊഴിലുള്ളവർ നൽകി. തുടർന്ന് ഒരേ തൊഴിലുള്ളവരുടെ സംഘടനാരൂപങ്ങൾ ഒത്തുചേർന്ന് ഇംഗ്ലണ്ടിനാകെ ബാധകമായ ഒരു പ്രമുഖ യൂണിയൻ രൂപീകരിച്ചു.**

ഈ പുതിയ പരിതസ്ഥിതിയിൽ തൊഴിൽ ഉള്ളവരുടെ സഹായത്തോടുകൂടി തൊഴിൽ അന്വേഷകരുടെ ഒരു സൊസൈറ്റിക്ക് രൂപം നൽകി. രണ്ടുപേരെ അതിന്റെ സെക്രട്ടറിയും പ്രസിഡന്റുമായി നിശ്ചയിച്ചു. അവർക്കുള്ള സാമ്പത്തികസഹായം തൊഴിലുള്ളവർ നൽകി. ഈ നടപടി പ്രായോഗികമാണെന്നു വന്നതോടുകൂടി എല്ലാ ടെയിഡിലും സൊസൈറ്റികൾ രൂപീകരിക്കുകയും ഓരോ ജില്ലയിലുമുള്ള ഒരേ തൊഴിലിന് സൊസൈറ്റികളുടെ ഫെഡറേഷൻ രൂപീകരിച്ചു. ഈ നടപടി ഒരേ തൊഴിലിന് ഓരോ ജില്ലയിലുമുള്ള ഫെഡറേഷനുകളുടെ കൺവെൻഷൻ കൂടി. തുടർന്ന് ഒരേ തൊഴിലുള്ളവരുടെ സംഘടനാരൂപങ്ങൾ ഒത്തുചേർന്ന് ഇംഗ്ലണ്ടിനാകെ ബാധകമായ ഒരു പ്രമുഖ യൂണിയൻ രൂപീകരിച്ചു.

### ഒന്നാം ലോകമഹായുദ്ധം

ഒന്നാം ലോകമഹായുദ്ധം വൻകിട സാമ്രാജ്യത്വ ശക്തികൾ നടത്തിയ കൂട്ടക്കൊലപാതകങ്ങൾ ആയിരുന്നു. ഒരു കോടിയിൽപരം

മനുഷ്യർ കൊല്ലപ്പെടുകയും, രണ്ടു കോടിയില ധികം മനുഷ്യർ അംഗഭംഗം സംഭവിക്കുകയും, കോടാനുകോടി മനുഷ്യർ പാപ്പരാകുകയും ചെയ്തു.

1914–18 കാലത്തെ ലോകമഹായുദ്ധത്തി ലുണ്ടായ നരഹത്യ മുതലാളിത്തവ്യവസ്ഥ യുടെ വളർച്ചയുടെ ഫലമായുണ്ടായതാണ്. ഇതിനെ ആണ് മുതലാളിത്ത വ്യവസ്ഥയുടെ അസമമായ വളർച്ച എന്ന് 'ലെനിൻ' വിശേഷി പ്പിച്ചത്. സാമ്രാജ്യത്വരാജ്യങ്ങളുടെ നായകരായ ജർമ്മനിയും ജപ്പാനും അമേരിക്കകയും ഒരു വശത്തു ഈ രാജ്യങ്ങളെ അപേക്ഷിച്ച് സാമ്പ ത്തികമായി അതിവേഗം വളർന്നുകൊണ്ടിരുന്ന ഗ്രേറ്റ്ബ്രിട്ടൺ, റഷ്യ, ഫ്രാൻസ് എന്നിവ മറുവ ശത്തും അതിവേഗം വളർന്നുകൊണ്ടിരുന്നു. ഇവർ പരസ്പരം നശിപ്പിക്കാൻ യുദ്ധമാണ് പ്രധാ നമാർഗ്ഗമായി കണ്ടത്. തന്മൂലം കുറ്റവാളികൾ സാമ്രാജ്യത്വരാജ്യങ്ങളും മുതലാളിത്ത വ്യവ സ്ഥിതിയുമാണ്.

സോഷ്യലിസ്റ്റ് നേതാക്കന്മാർ അവിചാരി തമായുണ്ടായ യുദ്ധപ്രതിസന്ധിയെ പെട്ടെന്ന് നേരിടുകയായിരുന്നില്ല. ആ പ്രതിസന്ധിയുടെ രൂക്ഷതയും സങ്കീർണതയും സോഷ്യലിസ്റ്റ് നേതാക്കന്മാരെ ആശങ്കപെടുത്തിയില്ല. അവർ 25 വർഷത്തിനും മുമ്പുതന്നെ യുദ്ധത്തിനുള്ള സന്നാഹങ്ങൾ തുടങ്ങിയിരുന്നു. 20 വർഷങ്ങൾ ക്കു മുമ്പു തന്നെ ഏംഗൽസ് ഇതിനെക്കുറിച്ച് വ്യക്തമായി പ്രവചിക്കുകയും വിശകലനം ചെ യ്യുകയുമുണ്ടായി. സോഷ്യലിസ്റ്റ് പാർട്ടികളിൽ ഏറെയും പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തോ ടുകൂടി യുദ്ധത്തിനെതിരായി വ്യാപകവും സജീ വവുമായ ക്യാംപെയ്ൻ ആരംഭിച്ചുകഴിഞ്ഞിരു ന്നു. രണ്ടാം ഇന്റർനാഷണലിന്റെ നേതാക്കൾ ഒന്നാം ലോകയുദ്ധത്തിൽ ബൂർഷ്വാസിയെ സഹായിക്കുന്ന നിലപാടാണ് കൈക്കൊണ്ടത്.

സാമ്രാജ്യത്വ യുദ്ധത്തിനെതിരായി ലോ കത്തിലെ തൊഴിലാളികൾ നടത്തിയ പതിറ്റാ ണ്ടുകൾ നീണ്ട പോരാട്ടം രണ്ട് മുന്നണികളി ലായിട്ടായിരുന്നു. ഒരു മുന്നണി പ്രത്യക്ഷത്തിൽ യുദ്ധത്തിലേക്കു നയിക്കുന്ന സാമ്രാജ്യത്വ ശക്തികൾക്കെതിരായിരുന്നു. രണ്ടാമത്തെ മുന്നണി റിവിഷനിസ്റ്റുകളായ സോഷ്യൽ ഡെ മോക്രാറ്റിക് നേതാക്കന്മാർക്കെതിരായിരുന്നു. യുദ്ധത്തിനെതിരായ തൊഴിലാളികളുടെ നീക്ക ത്തെ തകർക്കുക എന്നതായിരുന്നു സോഷ്യൽ ഡെമോക്രാറ്റുകളുടെ നീക്കം.

ഈ പശ്ചാത്തലത്തിലായിരുന്നു 1919 മാർച്ച് 2 മുതൽ 6 വരെ 19 പാർട്ടികളും ഗ്രൂപ്പുകളും പങ്കെടുത്തുകൊണ്ട് മോസ്ക്കോയിൽ ചേർന്ന സമ്മേളനത്തിൽ വെച്ച് കമ്മ്യൂണിസ്റ്റ് ഇന്റർനാ ഷണൽ അഥവാ കോമിന്റേൺ രൂപീകരിക്കപ്പെ ട്ടത്. ഐതിഹാസികമായ ഈ കോൺഗ്രസ്സി ന്റെ പ്രവർത്തനങ്ങൾക്ക് 'ലെനിൻ' നേതൃത്വം നൽകി. ലെനിന്റെ നിരവധി കൃതികളിൽ അവ തരിപ്പിക്കപ്പെട്ടിരുന്ന വിപ്ലവ സിദ്ധാന്തങ്ങളെ ആധാരമാക്കി ഒരു പരിപാടിക്ക് പ്രതിനിധികൾ രൂപം നൽകി. ഒന്നാം ഇന്റർനാഷണലിന്റെ പാ രമ്പര്യത്തിൽ പിന്നെ പുതിയ സംഘടന പ്രഖ്യാ പിച്ചത് "ഒരു പുതിയ യുഗത്തിന് തുടക്കമായി" എന്നായിരുന്നു. അത് "മുതലാളിത്തത്തിന്റെ തകർച്ചയുടെ യുഗമാണ്, അതിന്റെ ആഭ്യന്തര ശിഥിലീകരണത്തിന്റെ യുഗമാണ്. തൊഴിലാളി വർഗ കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ യുഗമാണി ത്." ഒരു "പുതിയ സോഷ്യലിസ്റ്റ് സമൂഹം" കെ ട്ടിപ്പടുക്കുന്നതിനുള്ള ആത്യന്തിക പരിപാടിയും. 1919 നവംബറിൽ യുവ കമ്മ്യൂണിസറ്റ് ഇന്റർനാ ഷണൽ ബർലിനിൽ രൂപീകരിക്കപ്പെട്ടു.

1914 സെപ്റ്റംബറിലെ യുദ്ധകാല പ്രതിസ ന്ധിയിൽ റിവിഷനിസ്റ്റുകളായ സോഷ്യൽ ഡെ മോക്രാറ്റുകൾ തൊഴിലാളിവർഗ്ഗത്തെ വഞ്ചി ച്ചതും 1917 നവംബറിലെ മഹത്തായ റഷ്യൻ വിപ്ലവത്തെ അട്ടിമറിക്കാൻ അവർ നടത്തിയ നീക്കവും തൊഴിലാളിവർഗ്ഗത്തിന്റെ അണിക ളിൽ സാർവദേശീയ ഭിന്നിപ്പ് അനിവാര്യമാക്കി. സോവിയറ്റ് ട്രെയിഡ് യൂണിയനുകളും മറ്റു രാജ്യങ്ങളിലെ വിപ്ലവകാരികളായ തൊഴിലാ ളികളും ബ്യൂറോക്രാറ്റുകളുടെ നുകത്തിൻകീ ഴിൽ മുടന്തി നീങ്ങാൻ തയ്യാറല്ലായിരുന്നു. 1917 ജൂണിൽ ചേർന്ന സമ്മേളനത്തിലും 1918 ജനുവ രിയിൽ ചേർന്ന ആദ്യത്തെ ദേശീയ കോൺഗ്ര സ്സിലും സോവിയറ്റ് ട്രേഡ് യൂണിയനുകൾ ഒരു പുതിയ ട്രേഡ് യൂണിയൻ ഇന്റർനാഷണലിന്റെ ആവശ്യകതയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടാ യി. ഇതേ വികാരം മറ്റു രാജ്യങ്ങളിലും ഉയർന്നു വന്നു. ക്രമേണ വിപ്ലവശക്തികൾ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽ രാഷ്ട്രീയമായി അണിചേർ ന്നതോടെ അവർ ട്രേഡ് യൂണിയൻ രംഗത്തും ശാക്തീകരണത്തിന് തുടക്കമിട്ടു. അതിന്റെ ശക്തമായ ബഹിർ സ്ഫുരണം ആയിരുന്നു 1920 ജൂലൈ 15ന് മോസ്ക്കോയിൽ നടന്ന ഇന്റർനാ ഷണൽ കൗൺസിൽ ഓഫ് ട്രേഡ് ആന്റ് ഇൻഡ സ്ട്രിയൽ യൂണിയൻ രൂപീകരണം.

പുതിയ സാർവദേശീയ സംഘടനയുടെ മാനിഫെസ്റ്റോയിൽ ഒപ്പുവെച്ച സംഘടനകൾ ക്ക് 90 ലക്ഷം തൊഴിലാളികളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. സോവിയറ്റ് ട്രേഡ് യൂണിയ നുകൾ, ജനറൽ കോൺഫെഡറേഷൻ ഓഫ് ലേബർ ഓഫ് സ്പെയിൻ, ബൾഗേറിയായിലെ

**ഒന്നാം ലോകമഹായുദ്ധത്തിലുണ്ടായ നരഹത്യ മുതലാളിത്തവ്യവസ്ഥയുടെ വളർച്ചയുടെ ഫലമായുണ്ടായതാണ്. ഇതിനെ ആണ് മുതലാളിത്ത വ്യവസ്ഥയുടെ അസമമായ വളർച്ച എന്ന് ലെനിൻ വിശേഷിപ്പിച്ചത്. സാമ്രാജ്യത്വ രാജ്യങ്ങളുടെ നായകരായ ജർമ്മനിയും ജപ്പാനും അമേരിക്കകയും ഒരു വശത്തു ഈ രാജ്യങ്ങളെ അപേക്ഷിച്ച് സാമ്പത്തികമായി അതിവേഗം വളർന്നുകൊണ്ടിരുന്ന ഗ്രേറ്റ്ബ്രിട്ടൺ, റഷ്യ, ഫ്രാൻസ് എന്നിവ മറുവശത്തും അതിവേഗം വളർന്നുകൊണ്ടിരുന്നു. ഇവർ പരസ്പരം നശിപ്പിക്കാൻ യുദ്ധമാണ് പ്രധാനമാർഗ്ഗമായി കണ്ടത്. തന്മൂലം കുറ്റവാളികൾ സാമ്രാജ്യത്വരാജ്യങ്ങളും മുതലാളിത്ത വ്യവസ്ഥിതിയുമാണ്.**



സിൻഡിക്കലിസ്റ്റ് യൂണിയനുകൾ, കോൺഫെഡറേഷൻ ഓഫ് ലേബർ ഓഫ് ബൾഗേറിയ, ഫ്രാൻസിലേയും ജോർജിയയിലേയും ന്യൂനപക്ഷമായ കമ്മ്യൂണിസ്റ്റ് ട്രേഡ് യൂണിയനുകൾ എന്നിവ. ബ്രിട്ടീഷ് ഷോപ്പ്സ് സ്റ്റീവാർഡ്സ് പ്രസ്ഥാനം ഹോളണ്ടിലെയും ഡച്ച് ഇൻഡീസിലയും ട്രാൻസ്പോർട്ട് തൊഴിലാളികൾ, ജർമ്മൻ സിൻഡിക്കലിസ്റ്റ് യൂണിയനുകൾ, നോർവീജിയൻ യൂണിയനുകൾ എന്നിവ പിന്നീട് പിൻതുണ പ്രഖ്യാപിച്ചു. രൂപീകൃതമായ കൗൺസിൽ ഒരു പ്രചരണത്തിനുള്ള സംഘടനയായിരുന്നു. വർഗസഹകരണത്തിനെതിരായി പോരാടുന്നതിനും വർഗ്ഗസമരത്തിനായുള്ള പരിപാടിക്കുവേണ്ടിയും ക്രമേണ ഒരു പുതിയ ലോകട്രേഡ് യൂണിയൻ സംഘടനയ്ക്ക് രൂപം നൽകുക എന്ന കാഴ്ചപ്പാടോടുകൂടിയുമുള്ള പ്രചരണങ്ങളായിരുന്നു.

ഇടതുപക്ഷട്രേഡു യൂണിയൻ ശക്തികളുടെ നിർണ്ണായകമായ തീരുമാനം ശക്തമായ ഒരു പുതിയ ഇന്റർനാഷണലിന് രൂപം നൽകണം എന്നതായിരുന്നു. 1921 ജൂലൈ മാസത്തിൽ ഇന്റർനാഷണൽ കൗൺസിൽ ഓഫ് ട്രേഡ് ആന്റ് ഇൻഡസ്ട്രിയൽ യൂണിയൻസ്, റെഡ് ഇന്റർ നാഷണൽ ഓഫ് ലേബർ യൂണിയൻസ് ആയി പുന:സംഘടിപ്പിക്കപ്പെട്ടതോടെ ഇത് സാർത്ഥകമായി. സ്ഥാപക കോൺഗ്രസ്സിൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള 200 പ്രതിനിധികൾ പങ്കെടുത്തു. സമ്മേളനം വിപുലമായ ഒരു എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തു. റഷ്യയിലേയും ഫ്രാൻസിലേയും പ്രമുഖ ട്രെയിഡ് യൂണിയൻ നേതാവായിരുന്ന എല സോറ്വസ്ക്കിയെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

പ്രസ്തുത സംഘടനയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച് അതിന്റെ ഭരണഘടനയിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു. (എ) "മുതലാളിത്തത്തെ ഉന്മൂലനം ചെയ്യുന്നതിനും അടിച്ചമർത്തലുകളിൽ നിന്നും ചൂഷണത്തിൽ നിന്നും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ മോചിപ്പിക്കുന്നതിനും സോഷ്യലിസ്റ്റ് കോമൺവെൽത്തിന്റെ രൂപീകരണത്തിന് വേണ്ടി ലോകത്തിലെ മൊത്തം തൊഴിലാളി ജനവിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിനും"

(ബി) മുതലാളിത്ത വ്യവസ്ഥിതിയേയും ബൂർഷ്വാ ഭരണകൂടത്തെയും ഉന്മൂലനം ചെയ്യുക എന്ന ഉദ്ദേശത്തിനുവേണ്ടി വിപ്ലവപരമായ വർഗ്ഗസമരത്തിന്റെയും സാമൂഹ്യവിപ്ലവത്തിന്റെയും തൊഴിലാളിവർഗ്ഗസർവാധിപത്യത്തിന്റെയും വിപ്ലവ ബഹുജന പ്രക്ഷോഭത്തിന്റെയും തത്വങ്ങളുടെ വിപുലമായ പ്രചരണവും പ്രക്ഷോഭവും നടത്തുന്നതിന്.

(സി) ലോകതൊഴിലാളി പ്രസ്ഥാനത്തിന്റെ മർമ്മഭാഗങ്ങളെ കാർന്നു തിന്നുന്ന വ്രണമായ ബൂർഷ്വാസിക്കെതിരേയും സന്ധി ചെയ്യലിനെതേയും, വർഗസഹകരണത്തിന്റേയും, സാമൂഹ്യസമാധാനത്തിന്റേയും ആശയങ്ങൾ



**ഇടതുപക്ഷ ട്രേഡു യൂണിയൻ ശക്തികളുടെ നിർണ്ണായകമായ തീരുമാനം ശക്തമായ ഒരു പുതിയ ഇന്റർനാഷണലിന് രൂപം നൽകണം എന്നതായിരുന്നു. 1921 ജൂലൈ മാസത്തിൽ ഇന്റർനാഷണൽ കൗൺസിൽ ഓഫ് ട്രേഡ് ആന്റ് ഇൻഡസ്ട്രിയൽ യൂണിയൻസ്, റെഡ് ഇന്റർ നാഷണൽ ഓഫ് ലേബർ യൂണിയൻസ് ആയി പുന:സംഘടിപ്പിക്കപ്പെട്ടതോടെ ഇത് സാർത്ഥകമായി. സ്ഥാപക കോൺഗ്രസ്സിൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള 200 പ്രതിനിധികൾ പങ്കെടുത്തു.**

ക്കെതിരേയും മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള സമാധാനപരമായ പരിവർത്തനം സംബന്ധിച്ച അസംബന്ധ പ്രതീക്ഷകൾക്കെതിരേയും ജനങ്ങളെ ഒന്നിപ്പിക്കുന്നതിനും പിഗ് ഓഫ് നേഷൻസുമായി സംഘടിപ്പിച്ചിട്ടുള്ള ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനെതിരേയും ആസ്റ്റർ ഡാം ഇന്റർനാഷണൽ ഓഫ് ട്രേഡ് യൂണിയൻസിനെതിരേയും ബൂർഷ്വാസിയുടെ പിണിയാളുകളാണ് അവയെന്ന് അവയുടെ പരിപാടികളും അടവുകളും വ്യക്തമായിരിക്കുന്നതിനാൽ നിർണായകമായ പോരാട്ടങ്ങൾ നടത്തുന്നതിനും.

കോളനിരാജ്യങ്ങളിലെയും അർദ്ധകോളനി രാജ്യങ്ങളിലെയും ട്രേഡ് യൂണിയനുകളും ദേശീയ വിമോചന പ്രസ്ഥാനങ്ങളും സംഘടിപ്പിക്കുന്നതിൽ കോൺഗ്രസ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചു. 1920 ആഗസ്റ്റിൽ ചേർന്ന കോമിന്റേണിന്റെ രണ്ടാം കോൺഗ്രസ്സിൽ കൊളോണിയൽ പ്രശ്നത്തെ സംബന്ധിച്ച് 'ലെനിൻ' അവതരിപ്പിച്ച വിഖ്യാത തീസിസിന് അനുസൃതമായിട്ടായിരുന്നു ഇത്.

ഒന്നാം ലോകയുദ്ധത്തിന്റേയും റഷ്യൻ വിപ്ലവത്തിന്റേയും ഫലമായി യൂറോപ്പിലാകെ ഉയർന്നുവന്ന വർക്സ് കൗൺസിലുകളുടെ പ്രവർത്തനം ശ്രദ്ധേയമായിരുന്നു. ഓരോ ഷോപ്പിലേയും പ്ലാന്റിലേയും ഫാക്ടറികളിലേയും എല്ലാ തൊഴിലാളികളും ചേർന്ന് അവർ യൂണിയൻ അംഗങ്ങൾ ആണോ അല്ലയോ എന്ന പരിഗണന കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന വർക്സ് കമ്മിറ്റികളും ഷോപ്പ് കമ്മിറ്റികളും പ്രാദേശികാടിസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗഐക്യം കെട്ടിപടുക്കുന്നതിനുള്ള ശക്തമായ ഉപാധിയായിരുന്നു.

കമ്മ്യൂണിസ്റ്റ്കാർ പാർലമെന്റിൽ പങ്കെടുന്നതിനെതിരായും ഇരട്ട യൂണിയൻ വാദത്തിനായും മറ്റ് സെക്ടേറിയൻ നിലപാടുകൾക്കായും കമ്മ്യൂണിസ്റ്റ് യൂണിയനുകൾക്കിടയിൽ ഉയർന്നുവന്ന വാദഗതികളെ ഖണ്ഡിക്കുന്നതിനായി 1920 ൽ ലെനിൻ എഴുതിയതായിരുന്നു 'ഇടതുപക്ഷ കമ്മ്യൂണിസം ഒരു ബാലാരിഷ്ടത' എന്ന ലഘുഗ്രന്ഥം. ഇരട്ട യൂണിയൻ വാദത്തെ ഖണ്ഡിച്ചുകൊണ്ട് ലെനിൻ പറഞ്ഞു : ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരുടെ ഈ സമീപനത്തെക്കാൾ വിപ്ലവത്തിന് കൂടുതൽ ഹാനികരമായ കാര്യത്തെയും വലിയ ബുദ്ധിശൂന്യതയേയും കുറിച്ച് ചിന്തിക്കാൻ പോലും ആവില്ല. അദ്ദേഹം ഇങ്ങനെയും പ്രഖ്യാപിച്ചു. ജർമ്മനിയിലെ താത്വിക പ്രതിപക്ഷത്തെയും (ഇത്തരം തത്വങ്ങളിൽ നിന്നും 'ദൈവം' നമ്മെ രക്ഷിക്കട്ടെ) അമേരിക്കയിലെ ഇൻഡസ്ട്രിയൽ വർക്കേഴ്സ് ഓഫ് ദി വേൾഡ് എന്ന സംഘടനയിലെ ചില വിപ്ലവകാരികളേയും പോലെ പിൻതിരിപ്പൻ ട്രെയിഡ് യൂണിയനുകൾ വിടണമെന്നും അവയിൽ പ്രവർത്തിക്കാൻ വിസമ്മതിക്കണമെന്നും വാദിക്കുന്ന "ഇടതുപക്ഷ" വിപ്ലവകാരികളെയും 'ലെനിൻ തുറന്നുകാട്ടി'.

അങ്ങിനെ ഇരട്ട യൂണിയൻ എന്ന സെക്ടേറിയൻ നടപടിയെ 'ലെനിൻ പൊളിച്ചടുക്കി, തൊഴിലാളിവർഗത്തെ ഭിന്നിപ്പിക്കുകയും ബഹുജനങ്ങളിൽ നിന്നും ഉശിരന്മാരായ പ്രവർത്തകരെ ഒറ്റപ്പെടുത്തുകയും ചെയ്യുന്ന ഈ വാദഗതി വലിയ നാശമായിരുന്നു വിതച്ചത്. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ഐക്യം എന്ന ലെനിനിസ്റ്റ് സങ്കൽപ്പമുള്ള കമ്മ്യൂണിസ്റ്റ്കാരും മറ്റ് ഇടതുപക്ഷ വിഭാഗങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയുമായി യൂണിയനുകളുടെ പൂർണ്ണമായ സഹകരണത്തിനായി വാദിച്ചു. (തുടരും)

## നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ

# ആസ്തി വിറ്റ് സമ്പാദിച്ചത് 96000 കോടി

കേന്ദ്രസർക്കാരിന്റെ ദേശീയ ധനസമാഹരണപദ്ധതിക്ക് (നാഷണൽ മോണിറ്റൈസേഷൻ പൈപ്പ്ലൈൻ എൻ.എം.പി) മികച്ച പ്രതികരണം. 2021 ഓഗസ്റ്റിൽ പ്രഖ്യാപിച്ച പദ്ധതി ഏഴുമാസം കൊണ്ട് ലക്ഷ്യമിട്ടതിലും കൂടുതൽ തുക സമാഹരിച്ചു. 202122 സാമ്പത്തിക വർഷം 88,000 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 96,000 കോടി രൂപയാണ് ഇതുവഴി ലഭിച്ചത്. വിശദമായ കണക്കുകൾ വരുന്നതോടെ ഇത് ഒരു ലക്ഷം കോടി രൂപയിലെത്തുമെന്നാണ് പ്രതീക്ഷ.

റോഡ്, റെയിൽവേ, ഊർജം, എണ്ണവാതക പൈപ്പ് ലൈൻ, ടെലികോം തുടങ്ങി 13 അടിസ്ഥാന സൗകര്യ മേഖലകളിലെ ഇരുപതിലധികം ആസ്തികളിൽ സ്വകാര്യപങ്കാളിത്തത്തോടെ പണം കണ്ടെത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.




റോഡ്, ദേശീയപാത ആസ്തികളിലെ സ്വകാര്യവത്കരണത്തിലൂടെ 23,000 കോടി രൂപ ലഭിച്ചപ്പോൾ ഊർജ്ജമേഖലയിൽ നിന്ന് 9000 കോടിയാണ് കിട്ടിയത്. കൽക്കരി ഖനനമേഖലയിൽ നിന്ന് 40,000 കോടി രൂപയും ധാതുക്കളുടെ ഖനനരംഗത്തുനിന്ന് 18,700 കോടി രൂപയും സമാഹരിച്ചു. കനേഡിയൻ പെൻഷൻ പ്ലാൻ ഇൻവെസ്റ്റ്മെന്റ് ബോർഡ്, ഒൺടാറിയോ ടീച്ചേഴ്സ് പെൻഷൻ പ്ലാൻ, കാപിറ്റിൽ ഗ്രൂപ്പ്, യൂട്ടിലികോ എമർജിങ് മാർക്കറ്റ്സ് ട്രസ്റ്റ് തുടങ്ങിയവയാണ് കൂടുതൽ നിക്ഷേപം നടത്തിയിട്ടുള്ളത്.

ഊർജമേഖലയിൽ പവർഗ്രിഡിന്റെ വൈദ്യുതി വിതരണ സംവിധാനവും എൻ.എച്ച്.പി.സിയുടെ ജലവൈദ്യുതപദ്ധതിയും ഇത്തരത്തിൽ സ്വകാര്യമേഖലയ്ക്കു കൈമാറി. 22 കൽക്കരി ബ്ലോക്കുകളും 31 ധാതുഖനികളും ലേലത്തിൽ കൈമാറിയതായും അധികൃതർ പറയുന്നു.

നാലുവർഷം കൊണ്ട് ആറുലക്ഷം കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യ ഏഴുമാസം കൊണ്ട് ഒരുലക്ഷം കോടി രൂപ സമാഹരിച്ചു. 202223 സാമ്പത്തികവർഷം 1.67 ലക്ഷം കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

# ശ്രീലങ്കൻ പ്രതിസന്ധിയും പാഠങ്ങളും




ശ്രീലങ്ക എന്ന രാജ്യം വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ശ്രീലങ്ക സാമ്പത്തികമായി തകർന്നു കഴിഞ്ഞു എന്നു തന്നെ പറയാം. ശ്രീലങ്കയുടെ വിദേശനാണയ ശേഖരം രണ്ടുവർഷം കൊണ്ട് 70% ഇടിഞ്ഞു. വാർഷികവിലക്കയറ്റ നിരക്ക് 55%മാണെന്ന് ചില കണക്കുകൾ പറയുന്നു. ശ്രീലങ്കൻ രൂപയുടെ വില കുത്തനെ ഇടിഞ്ഞ് ഒരു ഡോളറിന് 2013 രൂപയായി. ഫെബ്രുവരി മാസം വിലക്കയറ്റം 17.5% ശതമാനമായിരുന്നു. ഫെബ്രുവരി മാസത്തെ ഭക്ഷ്യവിലക്കയറ്റം 25% ആയിരുന്നു. പാചകവാതകവില മാർച്ചവസാനം കമ്പനികൾ ഒറ്റയടിക്കു വർദ്ധിപ്പിച്ചത് 1400 ശ്രീലങ്കൻ രൂപയാണ്. പാചകവാതക ദൗർലഭ്യം അതിരൂക്ഷമാണ്. ആളുകൾ പാചകവാതകത്തിനായി നാലും അഞ്ചും മണിക്കൂർ ക്യൂ നിൽക്കേണ്ട സ്ഥിതിയാണ്. ഒരു ദിവസത്തെ പവർക്കട്ട് ഈ കുറിപ്പെഴുതുന്ന ഏപ്രിൽ ഒന്നിന് 13 മണിക്കൂറാണ്. ആളുകൾ മണ്ണെണ്ണ വിളക്കിനെയും മറ്റും ആശ്രയിക്കേണ്ട സ്ഥിതിയാണ്. മണ്ണെണ്ണ വിളക്കിന് മണ്ണെണ്ണ ലഭിക്കാനും ബുദ്ധിമുട്ടാണ്. വൈദ്യുതിക്ഷാമം മൂലം തെരുവുവിളക്കുകളും കത്തിക്കുന്നില്ല.

വിദേശനാണയ പ്രതിസന്ധി മൂലം ഭക്ഷണം, മരുന്ന്, പെട്രോൾ, ഡീസൽ തുടങ്ങിയവക്കൊന്നും ഇറക്കുമതി പണം നൽകാൻ കഴിയാത്ത സ്ഥിതിയിലാണ് സർക്കാർ. മരുന്നിനും ഭക്ഷണത്തിനും വിലക്കയറ്റം മാത്രമല്ല പ്രശ്നം. ലഭ്യതയുമില്ല. പലർക്കും ഒരു നേരത്തെ ഭക്ഷണം പോലും താങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. കറന്റില്ലാത്തതു മൂലം ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകൾ പോലും പ്രവർത്തിക്കുന്നില്ല. ഡീസലിനും, പെട്രോളിനും വാഹനങ്ങളുടെ കിലോമീറ്ററുകൾ നീളുന്ന ക്യൂ ആണ് പമ്പുകളിൽ. പലപ്പോഴും ഡ്രൈവർമാർ ഡീസലടിക്കാൻ ക്യൂ നിന്ന് മടുത്ത് വണ്ടി ക്യൂവിൽ തന്നെ ഇട്ടിട്ടു പോകുന്ന സ്ഥിതിയുണ്ട്. പെട്രോൾ പമ്പുകളിൽ പത്തു ലിറ്റർ റേഷനിംഗ് ഏർപ്പെടുത്തിയിരിക്കുകയാ



ജോസ്. ടി. എബ്രഹാം

ണ്. സ്ഥിതിഗതികൾ നിയന്ത്രിക്കാൻ പമ്പുകളിൽ പട്ടാളത്തെയും നിയോഗിച്ചിട്ടുണ്ട്.

അരി, പരിപ്പ്, ചെറുപയർ തുടങ്ങിയവയുടെയെല്ലാം വില ദൈനംദിനം ഉയരുകയാണ്. അരിയുടെ വില കിലോഗ്രാമിന് 170 മുതൽ 200 ശ്രീലങ്കൻ രൂപയാണ്. ഫെബ്രുവരി മാസം 90100 രൂപയായിരുന്നു അരിയുടെ വില. പരിപ്പ് കിലോഗ്രാമിന് 450 ശ്രീലങ്കൻ രൂപ വരെ ഉയർന്നിരിക്കുകയാണ്. ചെറുപയറിന് 1000 രൂപവരെയാണ് വില. വില വർദ്ധിപ്പക്കാൻ പ്രധാനകാരണം ശ്രീലങ്കൻ രൂപയുടെ വിലയിടിഞ്ഞതും, ഡോളർ ക്ഷാമവുമാണ്. ശ്രീലങ്ക മിക്ക ഭക്ഷ്യ വസ്തുക്കളും ഇറക്കുമതി ചെയ്യുകയാണ്. ഇറക്കുമതിക്ക് പണം നൽകേണ്ടത് ഡോളറിലാണ്. മുൻപ് ഒരുകിലോ അരി വാങ്ങിയിരുന്നവർ ഇപ്പോൾ അരകിലോ അരി വാങ്ങി വിശപ്പടക്കുന്നു. വില കയറാൻ മറ്റൊരു കാരണം ഡീസൽ വില വർദ്ധനവുമൂലം കടത്തുകൂലിയിൽ വന്ന വിലവർദ്ധനവാണ്. പാൽപ്പൊടിക്കും വലിയ ക്ഷാമമമാണ് നേരിടുന്നത്. ഒരു മുട്ടയുടെ വില 35 രൂപയിലധികമാണ്. കോഴിത്തീറ്റയുടെയും ഡീസലിന്റെയും വില ഉയർന്നതുമൂലമാണ് മുട്ടവില ഇത്രയധികം ഉയരുവാൻ കാരണം.

## ജനങ്ങൾ പ്രക്ഷോഭത്തിൽ

ശ്രീലങ്കയിലെ ജനങ്ങളാകെ ഈ സ്ഥിതിയിൽ വലിയ രോഷത്തിലാണ്. ശ്രീലങ്കയിലെ മിക്ക പ്രദേശങ്ങളിലും ജനങ്ങൾ പ്രക്ഷോഭത്തിലാണ്. പ്രക്ഷോഭം നേരിടാൻ തലസ്ഥാനമായ കൊളംമ്പോ ഉൾപ്പെടെ പല പ്രദേശങ്ങളിലും രാത്രികാല കർഫ്യൂ ഏർപ്പെടുത്തിയിരിക്കുകയാണ് പ്രസിഡന്റ് ഗോതബയ രാജപക്സയുടെ വസതിയിലേക്ക് മാർച്ച് 31 ന് ആയിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത വലിയ റാലി നടന്നു. പ്രക്ഷോഭം അടിച്ചമർത്താൻ സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും ജനങ്ങൾ പ്രക്ഷോഭത്തിൽ ഉറച്ചു നിൽക്കുകയാണ്. ശ്രീലങ്കയിലെ പ്രധാന ഹൈവേ കൊളംബോ കാൻഡി റോഡ് തടിക്കഷ്ണങ്ങളിട്ട് കത്തിച്ചും മറ്റും ജനങ്ങൾ ഉപരോധിച്ചിരിക്കുകയാണ്.

## എന്തുകൊണ്ട് പ്രതിസന്ധി

ഇത്തരത്തിൽ ശ്രീലങ്ക വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്കു വീഴാൻ ചരിത്രപരമായ കാരണങ്ങളുണ്ട്. 1948 വരെ തുടർന്ന കൊളോണിയൽ ഭരണം ശ്രീലങ്കയിൽ നിലവിലുണ്ടായിരുന്ന ഭക്ഷ്യമേഖലയിലെ നെല്ലുൾപ്പെടെയുള്ള



കൃഷി തകർത്ത്. തേയില തുടങ്ങിയ പ്ലാന്റേഷൻ മേഖലയിലാക്കി. അതിനുശേഷം 1983 മുതൽ 2009 വരെ തുടർന്ന ആഭ്യന്തരയുദ്ധം 1977 മുതൽ നവലിബറൽ നയങ്ങൾ എല്ലാം ശ്രീലങ്കൻ പ്രതിസന്ധിക്കു കാരണമാണ്. അതോടൊപ്പം ഭരണപരമായ പ്രശ്നങ്ങളും ഉണ്ട്.

ഇപ്പോഴത്തെ പ്രതിസന്ധി വിദേശനാണയ പ്രതിസന്ധിയിലൂടെയാണ് ഒരു പൊട്ടിത്തെറിയിലേക്കെത്തിയത്. ഐഎൻഎഫിൽ നിന്നും മറ്റും വാങ്ങിയ കടം തിരിച്ചടയ്ക്കാൻ പോലും ഉള്ള വിദേശനാണയം ശ്രീലങ്കയുടെ കൈയ്യിൽ ഇല്ലാതായി. ശ്രീലങ്ക ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ എല്ലാം ഇറക്കുമതി ചെയ്യുന്ന ഒരു രാജ്യമാണ്. 2018 ൽ ശ്രീലങ്കയിലെ വിദേശനിക്ഷേപം ജിഡിപിയുടെ 1.8% ആയിരുന്നു. എന്നാൽ ഇത് ക്രമേണ കുറഞ്ഞ് 2020 ആയപ്പോൾ ജിഡിപിയുടെ 0.5% ആയി. സേവനമേഖലയിൽ പ്രത്യേകിച്ച് ടൂറിസം മേഖലയിൽ നിന്നുള്ള വിദേശനാണയ വരുമാനം മൂന്നിലൊന്നായി കുറഞ്ഞു. ശ്രീലങ്കയിലേക്കു വന്നിരുന്ന വിദേശനിക്ഷേപത്തിന്റെ പകുതിയോളം ഓഹരിക്കമ്പോളത്തിലേക്കു വന്ന ഹ്രസ്വകാല നിക്ഷേപങ്ങളായിരുന്നു. അത് സാമ്പത്തികമായി ക്ഷീണിതമായപ്പോൾ പെട്ടെന്ന് പിൻവലിഞ്ഞു. 2019ൽ 7642 മില്യൺ ഡോളർ വിദേശ കരുതൽ നിക്ഷേപം ഉണ്ടായിരുന്നത് 2021 ൽ ആയപ്പോൾ 2200 മില്യൺ ഡോളറായി ഇടിഞ്ഞു.

പുതിയതായി വിദേശനിക്ഷേപം വരാതായതോടെ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ ശ്രീലങ്കയുടെ റേറ്റിംഗ് കുറച്ചു. എസ് ആന്റ് പി ജനുവരിയിൽ ശ്രീലങ്കയുടെ റേറ്റിംഗ് സിസിസി നെഗറ്റീവ് ആയും ഫിച്ച് സിസി ആയും കുറച്ചു. ഏറ്റവും ബുദ്ധിമുട്ടിലായ സമ്പദ്‌വ്യവസ്ഥകൾക്കു നൽകുന്ന റേറ്റിംഗുകളാണിത്. റേറ്റിംഗ് ഇത്ര മോശമായതോടെ ശ്രീലങ്കൻ സർക്കാർ കടം വാങ്ങാനായി ഇറക്കുന്ന ബോണ്ടുകൾ വാങ്ങാൻ അന്താരാഷ്ട്ര കമ്പോളത്തിൽ ഒരു ബാങ്കും തയ്യാറാകുന്നില്ല. ഇതോടെ ഈ രൂപത്തിലും വിദേശനാണയം ലഭിക്കാൻ കഴിയാത്ത സ്ഥിതിയായി. ഇതിനെല്ലാം പുറമെ 2022 ൽ കൊടുത്തു തീർക്കേണ്ട 8 ബില്യൺ ഡോളറിന്റെ കടവുമുണ്ട്.

ശ്രീലങ്കൻ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകങ്ങളെല്ലാം പരുങ്ങലിലാണ്. ശ്രീലങ്കയുടെ കടവും ജിഡിപിയും തമ്മിലുള്ള അനുപാതം 2019 ൽ തന്നെ 93% ആയിരുന്നു. 2021 എത്തിയപ്പോൾ അത് 118% ആയിരുന്നു. 2021 എത്തിയപ്പോൾ അത് 118% ആയി ഉയർന്നു. രോഷവും ഇതിനൊരു പ്രധാനകാരണമാണ്. 2018 ൽ 5.3% ആയിരുന്ന ധനക്കമ്മി 2019ൽ 8% വും 2020ൽ 12%വും ആയി ഉയർന്നു. മൂലധന നിക്ഷേപം ഓരോ വർഷവും ഇടിയുകയാണ്. ഇത് വിദേശ നിക്ഷേപകരെ ആശങ്കപ്പെടുത്തുന്നുണ്ട്.

ജൈവകൃഷി വ്യാപിപ്പിക്കുമെന്ന് ഗോതബായ രാജപക്സെ തെരഞ്ഞെടുപ്പിന്റെ വാഗ്ദാനമായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ചുവടുപിടിച്ച് ശ്രീലങ്കയിൽ കൃഷിക്ക് കൃത്രിമ രാസവസ്തുക്കളും കീടനാശിനികളും നിരോധിച്ചു. ഇതോടെ കാർഷിക ഉൽപ്പാദനം കുത്തനെ ഇടിഞ്ഞു. നാണ്യവിളകളുടെ ഉത്പാദനം 20% മുതൽ 25% വരെ ഇടിഞ്ഞു. ഭക്ഷ്യോത്പാദനവും കുത്തനെ ഇടിഞ്ഞു. തിരഞ്ഞെടുപ്പു വാഗ്ദാനമാണെങ്കിലും രാസവളവും കീടനാശിനികളും നിരോധിച്ചത് അതിന്റെ ഇറക്കുമതി കുറക്കാനും വിദേശ നാണ്യശേഖരം ഇടിയാതിരിക്കാനുമാണെന്നും പലരും അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ സംഭവിച്ചത് നേർവിപരീതമായാണ്. ഉത്പാദനം കുറഞ്ഞതോടെ ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്യാൻ സർക്കാർ നിർബന്ധിതമായി അതിന് കൂടുതൽ വിദേശനാണ്യം നൽകേണ്ടി വന്നു. ഉത്പാദനം കുറഞ്ഞതോടെ കർഷകർ പ്രക്ഷോഭത്തിനിറങ്ങി അവരുടെ രോഷം ശമിപ്പിക്കാൻ കൂടുതൽ സബ്സിഡി നൽകേണ്ടി വന്നു. ജൈവകൃഷി തീരുമാനവും ശ്രീലങ്കൻ പ്രതിസന്ധിക്ക് ഒരു കാരണമാണ്.

പ്രസിഡന്റ് ഗോതബായയുടെ മറ്റൊരു പ്രധാനതീരുമാനമായിരുന്നു നികുതി നിരക്കുകൾ കുത്തനെ കുറച്ചത്. 2019 ഡിസംബറിൽ വാറ്റ് 15% ആയിരുന്നത്. 2019 ഡിസംബറിൽ വാറ്റ് 15% ആയിരുന്നത് 8% ആയി കുറച്ചു. നേഷൻ ബിൽഡിംഗ് ടാക്സ് 2% ഉണ്ടായിരുന്നത് നിർത്തലാക്കുകയും ചെയ്തു. ഇതോടെ സർക്കാരിന്റെ വരുമാനം കുത്തനെ കുറഞ്ഞു. നികുതി കുറച്ചാൽ നിക്ഷേപം വർദ്ധിക്കും. ഉൽപ്പാദനം ഉയരും എന്നു പ്രതീക്ഷിച്ചതും നടന്നില്ല.

വികലമായ നയങ്ങൾ, ഭരണപരാജയം, ഐഎംഎഫ് ഉൾപ്പെടെയുള്ള ആഗോള സ്ഥാപനങ്ങളിൽ നിന്ന് അവരുടെ നിബന്ധനകൾക്കു വഴങ്ങി കടമെടുക്കൽ എല്ലാം ഒരു രാജ്യത്തെ എവിടെ എത്തിക്കും എന്നതിന് നല്ല ഉദാഹരണമാണ് ശ്രീലങ്ക.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥ എത്രയധികം പൊട്ടിത്തെറിക്കും തകർച്ചക്കും സാധ്യതയുള്ളതാണെന്നും ശ്രീലങ്ക ഉദാഹരണമാണ്. 1994കളിലെ തെക്കു കിഴക്കേനേഷ്യൻ രാജ്യങ്ങളിലെ പ്രതിസന്ധിയും ശ്രീലങ്കൻ പ്രതിസന്ധിയും തമ്മിൽ പല സമാനതകളുമുണ്ട്. അതും പഠനവിഷയമാകേണ്ടതുണ്ട്.●

# ഉപതെരഞ്ഞെടുപ്പിൽ ബിജെപിക്ക് പരാജയം

ഏപ്രിൽ മാസം നാല് സംസ്ഥാനത്തായി നാല് നിയമസഭാ മണ്ഡലത്തിലും ലോക്സഭാ സീറ്റിലും നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് സമ്പൂർണപരാജയം. നിയമസഭാ സീറ്റുകളിൽ ബിഹാറിൽ ആർജെഡിയും പശ്ചിമബംഗാളിൽ തൃണമൂലും മഹാരാഷ്ട്രയിൽ മഹാസഖ്യവും ഛത്തീസ്ഗഢിൽ കോൺഗ്രസും ജയിച്ചു. ബംഗാളിലെ അസൻസോൾ ലോക്സഭാ മണ്ഡലം ബിജെപിയിൽനിന്ന് തൃണമൂൽ പിടിച്ചെടുത്തു. രാമനവമി ആഘോഷങ്ങളുടെ മറവിൽ സംഘപരിവാർ വ്യാപകമായി വർഗീയസംഘർഷങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിൽ നടന്ന തെരഞ്ഞെടുപ്പുകളിലുണ്ടായ പരാജയം ബിജെപിക്ക് കനത്ത തിരിച്ചടിയായി.

ബിഹാറിലെ ബൊച്ചഹാം നിയമസഭാ മണ്ഡലവും എൻഡിഎയിൽനിന്ന് ആർജെഡി പിടിച്ചെടുത്തു. ആർജെഡിയിലെ അമർ കുമാർ പാസ്വാൻ 36,653 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബിജെപിയിലെ ബേബികുമാരിയെ പരാജയപ്പെടുത്തി. 2020ൽ എൻഡിഎ ഘടകകക്ഷിയായിരുന്ന വികാസ്ശീൽ ഇൻസാൻ പാർടി (വിഐപി) യിലെ മുസാഫിർ പാസ്വാനായിരുന്നു ജയിച്ചത്. അദ്ദേഹത്തിന്റെ നിര്യാണത്തെതുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ബിജെപി സീറ്റ് ഏറ്റെടുക്കുകയായിരുന്നു. മുസാഫിറിന്റെ മകനാണ് ജയിച്ച ആർജെഡി സ്ഥാനാർഥി. വിഐപി സ്ഥാനാർഥി ഗീതാകുമാരി 29,276 വോട്ട് പിടിച്ചു. കോൺഗ്രസിലെ തരുൺ ചൗധരിക്ക് 1336 വോട്ട് മാത്രമാണ് ലഭിച്ചത്.

മഹാരാഷ്ട്രയിലെ കോലാപുർ നോർത്തിൽ മഹാസഖ്യം സ്ഥാനാർഥിയായ കോൺഗ്രസിലെ ജയശ്രീ ചന്ദ്രകാന്ത് ജാതവ് 19,000ൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബിജെപിയിലെ സത്യജിത്തിനെ പരാജയപ്പെടുത്തി. സിറ്റിങ് എംഎൽഎയായിരുന്ന ചന്ദ്രകാന്ത് ജാതവ് കോവിഡ് ബാധിച്ച് മരിച്ചതിനെത്തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ ഭാര്യയാണ് കോൺഗ്രസ് സ്ഥാനാർഥിയായത്. ഛത്തീസ്ഗഢിലെ ഖൈരാഗഢ് സീറ്റും കോൺഗ്രസ് പിടിച്ചെടുത്തു. ജയിച്ച യശോദ നീലാംബർ വർമയ്ക്ക് 20176 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിച്ച ജനത കോൺഗ്രസ് ഛത്തീസ്ഗഢിലെ ദേവ്രത സിങ്ങിന്റെ മരണത്തെതുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടത്തിയത്.

## ബംഗാളിൽ നേട്ടമുണ്ടാക്കി സിപിഐഎം

തൃണമൂൽ കോൺഗ്രസിന്റെ ബൂത്തുപിടിത്തവും അക്രമവും വ്യാപകമായ ബംഗാളിൽ ഉപതെരഞ്ഞെടുപ്പിൽ ശക്തമായ പ്രകടനം കാഴ്ചവെച്ച് സിപിഐഎം. ബാലിഗഞ്ച് നിയമസഭ, അസൻസോൺ ലോകസഭാ ഉപതെരഞ്ഞെടുപ്പിൽ തൃണമൂൽ ജയിച്ചു.



ബാലിഗഞ്ചിൽ സിപിഐഎമ്മിന്റെ സൈറ ഷഹാലിം മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത് വോട്ടോടെ രണ്ടാമതെത്തി. 2021ൽ 5% വോട്ടാണ് ലഭിച്ചത്. ഇപ്പോൾ 30.6% വോട്ട് ലഭിച്ചു. പോളിംഗ് ശതമാനം കുറഞ്ഞിട്ടും ഇരുപത്തിരണ്ടായിരത്തിലധികം വോട്ട് കൂടുതൽ നേടി. തൃണമൂലിന് 2021ൽ 70.60% വോട്ട് ലഭിച്ചിടത്ത് ഇപ്പോൾ 49.69% മാത്രം. അസൻസോളിൽ സിപിഐഎം സ്ഥാനാർത്ഥി പാർത്ഥമുഖർജിക്ക് തൊണ്ണൂറായിരത്തി നാനൂറ്റി പന്ത്രണ്ട് വോട്ട് ലഭിച്ചു. ഇവിടെ സിപിഐഎമ്മിന് രണ്ടരശതമാനം വോട്ട് വർദ്ധിച്ചു.

# സംഘശക്തിയും സമരാവേശവും സമന്വയിച്ച കേരളാ എൻജിഒ യൂണിയൻ 58ാം സമ്മേളനം



**എം.വി. ശശിധരൻ**
(പ്രസിഡന്റ്)



**എം.എ.അജിത്കുമാർ**
(ജനറൽ സെക്രട്ടറി)

കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ ആത്മാഭിമാനത്തിന്റെയും പ്രതികരണശേഷിയുടെയും പ്രതീകമായ കേരള എൻജിഒ യൂണിയന്റെ 58ാം സംസ്ഥാന സമ്മേളനം 2022 ഏപ്രിൽ 2, 3 തീയതികളിലായി തിരുവനന്തപുരത്ത് ചേർന്നു.

കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരായ പ്രക്ഷോഭങ്ങളും കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ ജനപക്ഷവികസന നയങ്ങളുടെ സംരക്ഷണവും ഒരുപോലെ പ്രധാനമാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ഘട്ടത്തിലാണ് കേരള എൻജിഒ യൂണിയന്റെ 58ാം സംസ്ഥാന സമ്മേളനം ചേർന്നത്. ഒന്നാം ദിവസം രാവിലെ 9 ന് സംസ്ഥാനപ്രസിഡന്റ് ഇ.പ്രേംകുമാർ പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. രക്തസാക്ഷിമണ്ഡപത്തിലെ പുർഷ്പാർച്ചനയ്ക്ക്ശേഷം ചേർന്ന സംസ്ഥാനകൗൺസിൽ യോഗത്തിൽ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സെക്രട്ടറി ആർ.സാജൻ അവതരിപ്പിച്ചു. സംഘടനയുടെ 15 ജില്ലാകമ്മിറ്റികളെ പ്രതിനിധീകരിച്ച് പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. ചർച്ചയ്ക്ക് ജനറൽ സെക്രട്ടറി എം.എ.അജിത്കുമാർ മറുപടി നൽകി. തുടർന്ന് സംഘടനയുടെ വരവ്ചെലവ് കണക്ക് ട്രഷ



റർ എൻ.നിമൽരാജ് മുഖപത്രം കേരളസർവ്വീസ് മാസികയുടെ വരവ്ചെലവ് കണക്ക് മാനേജർ വി.കെ.ഷീജയും അവതരിപ്പിച്ചു. പ്രവർത്തന റിപ്പോർട്ടും വരവ്ചെലവ് കണക്കുകളും ഐക കണ്ഠേന അംഗീകരിച്ച് കൗൺസിൽ യോഗം അവസാനിച്ചു.

ഉച്ചയ്ക്ക്ശേഷം പുതിയകൗൺസിൽ യോഗം കെ.രാജചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് ഭാരവാഹികളെയും സംസ്ഥാന സെക്രട്ടറിയേറ്റ്, കമ്മിറ്റി അംഗങ്ങളെയും ഐകകണ്ഠേന തെരഞ്ഞെടുത്തു. എം.വി.ശശിധരൻ (പ്രസിഡന്റ്), ടി.പി.ഉഷ, ബി.അനിൽകുമാർ, ബി.അനിൽകുമാർ (വൈസ് പ്രസിഡന്റുമാർ). എം.എ .അജിത്കുമാർ (ജനറൽ സെക്രട്ടറി), വി.കെ. ഷീജ, എസ്.അജയകുമാർ, ആർ.സാജൻ (സെക്രട്ടറിമാർ) എൻ.നിമൽരാജ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ. തുടർന്ന് പുതിയ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച പ്രതിനിധിസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്തു.

ഉദ്ഘാടന സമ്മേളനത്തെത്തുടർന്ന് ജനറൽ സെക്രട്ടറി സംഘടന റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷമാണ് ഒന്നാം ദിവസത്തെ സമ്മേളനം സമാപിച്ചത്. രണ്ടാം ദിവസം രാവിലെ സംഘടനാ റിപ്പോർട്ടിൻ മേലുള്ള ചർച്ച നടന്നു. ജനറൽ സെക്രട്ടറി മറുപടി നൽകി. 'നവലിബറൽ കാലത്തെ ട്രേഡ് യൂണിയൻ കടമകൾ' എന്ന വിഷയത്തിൽ സി ഐ ടി യു അഖിലേന്ത്യാ സെക്രട്ടറി കെ ചന്ദ്രൻ പിള്ളയും 'കേന്ദ്രസംസ്ഥാന ബന്ധങ്ങളും കേരള വികസനവും' എന്ന വിഷയത്തിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലും പ്രഭാഷണം നടത്തി. ബദൽ നയങ്ങൾ ഉയർത്തിപ്പിടിക്കുക, ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുക എന്ന പരിപാടി പ്രമേയം സംസ്ഥാന സെക്രട്ടറി എസ് അജയകുമാർ അവതരിപ്പിച്ചു. ജനവിരുദ്ധ നവലിബറൽ നയങ്ങൾക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങളും ബദൽ നയങ്ങളുടെ സംരക്ഷണത്തിനായുള്ള ഉത്തരവാദിത്വപൂർണ്ണമായ ഇടപെടലുകളും കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ടു കൊണ്ടുപോകാൻ സിവിൽ സർവീസിനെ പ്രതിജ്ഞാബദ്ധമാക്കുന്നതായി കേരള എൻജിഒ യൂണിയന്റെ 58–ാം സംസ്ഥാന സമ്മേളനം.

# കേരള സംസ്ഥാന സെക്യൂരിറ്റി & ഹൗസ് കീപ്പിംഗ് എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാനസമ്മേളനം


കെ.എഫ്.ഡേവിസ് (പ്രസിഡന്റ്)


കെ.ജയപ്രകാശ് (ജന.സെക്രട്ടറി)


ആർ.വി. ഇക്ബാൽ (ട്രഷറർ)

സംസ്ഥാന സമ്മേളനം സ.കാട്ടാക്കട ശശി നഗറിൽ (ബി.ടി.ആർ മെമ്മോറിയൽ തിരുവനന്തപുരം) സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി സ. കെ.എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തെ, സി.ഐ.ടി.യു തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് സി. ജയൻബാബു അഭിവാദ്യം ചെയ്തു. സമ്മേളനത്തിൽ വച്ച് തൊഴിൽവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടിയെ അനുമോദിച്ചു. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും ബിവറേജസ് സെക്യൂരിറ്റി ജീവനക്കാരെ തിരിച്ചെടുക്കുന്നതിനും നടപടികൾ കൈക്കൊള്ളുമെന്ന് മറുപടി പ്രസംഗത്തിൽ മന്ത്രി ഉറപ്പുനൽകി. ജനറൽ സെക്രട്ടറി കെ.എഫ് ഡേവിസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ആർ.വി ഇക്ബാൽ വരവ്ചെലവ് കണക്ക് അവതരിപ്പിച്ചു.

ഭാരവാഹികളായി കെ.എഫ് ഡേവിസ് (പ്രസിഡന്റ്) കെ.ജയപ്രകാശ് (ജനറൽ സെക്രട്ടറി) ആർ.വി ഇക്ബാൽ (ട്രഷറർ) എ.അജയൻ, കെ.ടി ബാലകൃഷ്ണൻ, അഡ്വ. ജി.വി ജയകുമാർ, വി.ഹരിദാസ്, ജി. ലാൽ, പി.ടി പ്രസാദ്, ഷീന ഷാജി(വൈസ് പ്രസിഡണ്ടുമാർ) അഡ്വ. മടവൂർ അനിൽ, ജി.പി വൃന്ദാറാണി, ടി.ശ്രീകുമാർ, ഉപേന്ദ്രൻ, തെരുവത്ത് നാരായണൻ, എസ്. സുകുമാർ, സുമിനി കൈലാസ്(ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.



# കെ.എസ്.ആർ.ടി എംപ്ലോയീസ് അസോ. 43-ാം സംസ്ഥാന സമ്മേളനം

കെ.എസ്.ആർ.ടി എംപ്ലോയീസ് അസോസിയേഷന്റെ 43ാം സംസ്ഥാന സമ്മേളനം അനന്തപുരിയുടെ മണ്ണിൽ 2022 മാർച്ച് 19, 20, 21 തീയതികളിലാണ് നടന്നത്.

20.03.2022 രാവിലെ 10 മണിക്ക് അസോസിയേഷൻ പ്രസിഡന്റ് ആയ സ. ആനത്തലവട്ടം ആനന്ദൻ രണ പതാക ഉയർത്തി പ്രതിനിധി സമ്മേളനം ആരംഭിച്ചു. സി. ഐ. ടി. യു സംസ്ഥാന ജനറൽ സെക്രട്ടറിയും രാജ്യസഭാ എം. പിയും ആയ സ. എളമരം കരീം പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

സഖാക്കൾ ആനത്തലവട്ടം ആനന്ദൻ, എസ്.സുരേഷ്ബാബു, എസ്.ശ്രീദേവി, വി. വിജയകൃഷ്ണൻ എന്നിവരടങ്ങുന്ന പ്രസീഡിയം ആണ് സമ്മേളന നടപടികൾ നിയന്ത്രിച്ചത്. സംസ്ഥാന സെക്രട്ടറി സുനിതാ കുര്യൻ രക്തസാക്ഷി പ്രമേയവും ഓർഗനൈസിംഗ് സെക്രട്ടറി സുശീലൻ മണവാരി അനുശോചന പ്രമേയവും അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി വി. ശാന്തകുമാർ സ്വാഗതമാശംസിച്ചു.

പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ, ബഹു. തൊഴിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി സ. വി. ശിവൻകുട്ടി, സി.ഐ.ടി.യു സംസ്ഥാന ഭാരവാഹികളായ സ. പി.എസ്. മധുസൂദനൻ, സ. കെ.എസ്.സുനിൽ കുമാർ എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു. ജനറൽ സെക്രട്ടറി സ. സി.കെ.ഹരികൃഷ്ണൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സ:പി.ഗോപാലകൃഷ്ണൻ വരവു ചെലവ് കണക്കും അവതരിപ്പിച്ചു.

ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ചർച്ച നടത്തിയതിനുശേഷം പൊതു ചർച്ച ആരംഭിച്ച്

ആകെ 20 സഖാക്കൾ 3 മണിക്കൂർ 10 മിനിറ്റ് സമയം പൊതു ചർച്ചയിൽ പങ്കെടുത്തു. സ്ഥാപനം നേരിടുന്ന പ്രതിസന്ധിയെ ആഴത്തിൽ പരിശോധിക്കുന്നതും തൊഴിലാളികളുടെ അവകാശ പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്നതുമായിരുന്നു സമ്മേളനത്തിൽ നടന്ന ഗൗരവമേറിയ ചർച്ച. ചർച്ചയ്ക്കു പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ മറുപടി പറഞ്ഞു. പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും സമ്മേളനം ഐകകണ്ഠേന അംഗീകരിച്ചു.

സംസ്ഥാന പ്രസിഡന്റായി സ. ആനത്തലവട്ടം ആനന്ദനെയും, വർക്കിംഗ് പ്രസിഡന്റായി സ. സി.കെ ഹരികൃഷ്ണൻ, ജനറൽ സെക്രട്ടറിയായി സ. എസ്. വിനോദ്, ട്രഷററായി സ. പി. ഗോപാലകൃഷ്ണൻ എന്നിവരെയും 30 അംഗ ഭാരവാഹികളെയും ക്ഷണിതാവായി സ. എസ്. സുരേഷ് ബാബുവിനെയും സമ്മേളനം ഐകകണ്ഠേന തെരഞ്ഞെടുത്തു. 250 അംഗ ജനറൽ കൗൺസിലും 120 അംഗ എക്സിക്യൂട്ടീവിനെയും സമ്മേളനം തെരഞ്ഞെടുത്തു.



ആനത്തലവട്ടം ആനന്ദൻ
(പ്രസിഡന്റ്)



സി.കെ. ഹരികൃഷ്ണൻ
(വർക്കിങ് പ്രസിഡൻറ്)



എസ്. വിനോദ്
(ജനറൽ സെക്രട്ടറി)



പി.ഗോപാലകൃഷ്ണൻ
(ട്രഷറർ)



# കേരള മെഡിക്കൽ ആൻഡ് സെയിൽസ് അസോസിയേഷൻ 50-ാം സംസ്ഥാന സമ്മേളനം



പി.കെ. സന്തോഷ്
(പ്രസിഡന്റ്)



പി. കൃഷ്ണാനന്ദ്
(ജന.സെക്രട്ടറി)

പൊതുസമ്മേളനം സിഐടിയു ദേശീയ സെക്രട്ടറി സ: കെ.ചന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ സ.മുരളി പെരുനെല്ലി എംഎൽഎ യോഗത്തിൽ സ്വാഗതം പറഞ്ഞു. കെഎംഎസ്ആർഎ പ്രസിഡന്റ് സ: കെ എം സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ സ: കെ എൻ ഗോപിനാഥ്, സ: സി.ബി.ചന്ദ്രബാബു, സിഐടിയുസംസ്ഥാന വൈസ് പ്രസിഡന്റ് സ: യു പി ജോസഫ് എന്നിവർ സംസാരിച്ചു. സ്വാഗത സംഘം ജനറൽ കൺവീനർ യു.സതീഷ് കുമാർ നന്ദി പ്രകാശിപ്പിച്ചു. പ്രതിനിധി സമ്മേളനം എഫ്.എം.ആർ .എ.ഐ അഖിലേന്ത്യ ജനറൽ സെക്രട്ടറി സ: ശന്തനു ചാറ്റർജി ഉദ്ഘാടനം ചെയ്തു.

കെഎംഎസ്ആർഎ ജനറൽ സെക്രട്ടറി മോഹൻ സി നായർ സംഘടനയുടെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ പി.കെ. സന്തോഷ് റിപ്പോർട്ടും അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം ജനറൽ സെക്രട്ടറിയുടെയും ട്രഷററുടെയും റിപ്പോർട്ടുകൾ സമ്മേളനം അംഗീകരിച്ചു. ഡോ. റെഡ്ഡീസ് ലാബ്സിന്റെയും ബ്രിട്ടീഷ് ബയോളജിക്കൽസിന്റെയും തൊഴിലാളി പീഡന നയങ്ങൾക്കെതിരെ, തൊഴിലാളികൾക്കും,പാവപ്പെട്ടവർക്കും അനുകൂലമായ നിലപാടുകൾ സ്വീകരിക്കുന്ന എൽഡിഎഫ് സർക്കാരിനെ അഭിവാദ്യം ചെയ്തു കൊണ്ട് തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. പതിനഞ്ച് അംഗ സംസ്ഥാന സെക്രട്ടറിയേറ്റിനെയും അറുപത്തഞ്ച് അംഗങ്ങളുള്ള സംസ്ഥാന കമ്മറ്റി യെയും സമ്മേളനം ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

ജനറൽ സെക്രട്ടറി സ: പി.കൃഷ്ണാനന്ദ്, പ്രസിഡന്റ് സ: പി.കെ. സന്തോഷ്, ട്രഷറർ സജി സോമനാഥ്, ജോയിന്റ് ജനറൽ സെക്രട്ടറിമാരായ എം.എം.ഹനീഫ, തോമസ് മാത്യു, വൈസ് പ്രസിഡന്റുമാരായ രാമവർമ രാജ, സി.എസ്.ജയൻ, ഷൈൻ, രാമകൃഷ്ണൻ, സംസ്ഥാന സെക്രട്ടറിമാരായ എ.വി.പ്രദീപ് കുമാർ, ടി.ജി. അജയൻ, ഇ.പി. ഷിബു, കെ.വി.ഷാജു,പി.ബാബു, അനുരൂപ് രാജാ, എന്നിവരാണ് സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങൾ. ക്ഷണിതാക്കളടക്കം നാല് വനിതാ സഖാക്കൾ സംസ്ഥാന കമ്മിറ്റിയിലുണ്ട്.

സംഘടനയുടെ മുൻകാല ഭാരവാഹികളെ ആദരിക്കുന്ന 'സുവർണ സ്മൃതി' സംഗമം ബഹുമാനപ്പെട്ട മന്ത്രി കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ. യു. രാധാകൃഷ്ണൻ, കല്ലറ മധു, പോൾ വർഗീസ്, ബി. വിജയൻ, വേണുഗോപാൽ രാജാ, കെ.വേണുഗോപാൽ, കെ. ഒ. വിൻസന്റ് തുടങ്ങി വിവിധ മുൻകാല ഭാരവാഹികളെ ചടങ്ങിൽ ആദരിച്ചു.

സംസ്ഥാന സമ്മേളനത്തിന് തലേദിവസം മാർച്ച് 18ന് വൈകുന്നേരം തൃശ്ശൂർ പട്ടണത്തിൽ വർണശബളമായ വിളംബര ജാഥ നടത്തി. സിഐടിയുവിന്റെ വിവിധ ഘടക യൂണിയനുകൾ, ബഹുജന സംഘടനകൾ എന്നിവയുരുടെ നേതൃത്വത്തിൽ പ്രൗഡോജ്ജ്വലമായാണ് അൻപതാം സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചത്.





നിയമപരമായി പണിമുടക്കാനുള്ള തൊഴിലാളികളുടെ അവകാശം നിരോധിച്ച ഉത്തരവിനെതിരെ കേരള ഹൈക്കോടതിയിലേക്ക് നടത്തിയ മാർച്ച് സ. എളമരം കരീം ഉദ്ഘാടനം ചെയ്യുന്നു.



തൊഴിലാളിദ്രോഹ കേന്ദ്ര നയത്തിനെതിരെ ഓട്ടോ ടാക്സി & ലൈറ്റ് മോട്ടോർ വർക്കേഴ്സ് യൂണിയൻ നടത്തിയ മാർച്ചും ധർണയും

## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PERIODICAL CITU SANDESAM (Monthly) FORM IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity | : | Monthly |
| 3. | Printer's Name | : | Elamaram Kareem |
| | (If foreigner, state the country of origin) | : | Yes |
| | Address | : | General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |
| 4. | Publisher's Name | : | Elamaram Kareem |
| | (Whether Citizen of India) | : | Yes |
| | (If foreigner, state the country of origin) | | |
| | Address | : | General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |
| 4. | Editor's Name | : | Elamaram Kareem |
| | (Whether Citizen of India) | | |
| | (If foreigner, state the country of origin) | : | Yes |
| 5. | Owner's Name | : | Elamaram Kareem<br>General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |

I, Elamaram Kareem hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
19-03-2022

(Sd/)
Elamaram Kareem (Publisher)